# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ




ജൂലൈ 2020

# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLIV No.7 ജൂലൈ 2020


| | | |
|---|---|---|
| ഇടയലേഖനം | - | 9 |
| സർക്കുലർ -**യുവജനദിനം** | - | 18 |
| കച്ചേരിക്കാര്യം | - | 23 |
| പൗരോഹിത്യാദ്ധ്യാത്മിക ധ്യാനചിന്തകൾ | - | 32 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 40 |
| അജപാലനോത്തേജനവിഭാഗം | - | 41 |
| വിശ്വാസജീവിതപരിശീലനരംഗം | - | 49 |
| ചെറുപുഷ്പ മിഷൻലീഗ് | - | 55 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 56 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 57 |
| കുടുംബപ്രേഷിതത്വം | - | 59 |
| മാതൃവേദി | - | 60 |
| നസ്രാണി റിസേർച്ച് സെന്റർ | - | 62 |
| കാത്തലിക് കരിസ്മാറ്റിക് നവീകരണം | - | 63 |
| ആവേ മരിയ റിട്രീറ്റ് സെന്റർ | - | 65 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 66 |
| സന്യസ്തർ | - | 67 |
| കെ.സി.എസ്.എൽ. | - | 73 |
| കത്തോലിക്കാ കോൺഗ്രസ് | - | 74 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 79 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - | 82 |
| വിൻസെൻഷ്യൻ വേദി | - | 83 |
| ആരോഗ്യപുനരധിവാസമദ്യവിരുദ്ധ സമിതി | - | 84 |
| വിമല പബ്ലിക്കേഷൻസ് | - | 86 |
| Special Care Homes & Charitable institution | - | 88 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 89 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 92 |
| രൂപതാവാർത്തകൾ | - | 95 |




# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLIV No. 7

ജൂലൈ 2020

കാഞ്ഞിരപ്പള്ളി രൂപതയുടെ
പ്രോട്ടോസിഞ്ചെല്ലൂസായി
നിയമിതനായിരിക്കുന്ന



പെരിയ ബഹുമാനപ്പെട്ട
ഡോ. ജോസഫ് വെള്ളമറ്റത്തച്ചന്
രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ.

കാഞ്ഞിരപ്പള്ളി രൂപതയുടെ
സിഞ്ചെല്ലൂസായി
നിയമിതനായിരിക്കുന്ന



പെരിയ ബഹുമാനപ്പെട്ട
ബോബി അലക്സ് മണ്ണംപ്ലാക്കലച്ചന്
രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ.

കാഞ്ഞിരപ്പള്ളി രൂപതയുടെ
പ്രോട്ടോസിഞ്ചെല്ലൂസായി
സേവനമനുഷ്ഠിച്ചതിനുശേഷം
എലിക്കുളം ഉണ്ണിമിശിഹാപള്ളിയുടെ
വികാരിയായി സ്ഥാനമേല്ക്കുന്ന



ബഹുമാനപ്പെട്ട
ജസ്റ്റിൻ പഴേപറമ്പിലച്ചന്
രൂപതാകുടുംബത്തിന്റെ
സ്നേഹാദരവുകൾ.



കാഞ്ഞിരപ്പള്ളി രൂപതയുടെ
സിഞ്ചെല്ലൂസായി
സേവനമനുഷ്ഠിച്ചതിനുശേഷം
പൊടിമറ്റം സെന്റ് മേരീസ് ഇടവകയുടെ
വികാരിയായി സ്ഥാനമേല്ക്കുന്ന



ബഹുമാനപ്പെട്ട
മോൺ. ജോർജ് ആലുങ്കലച്ചന്
രൂപതാകുടുംബത്തിന്റെ
സ്നേഹാദരവുകൾ.



കാഞ്ഞിരപ്പള്ളി രൂപതയുടെ
വൈസ് ചാൻസിലറായി
സേവനമനുഷ്ഠിച്ചതിനുശേഷം
സ്ഥാനമൊഴിയുന്ന



ബഹുമാനപ്പെട്ട
മാത്യു കല്ലറയ്ക്കലച്ചന്
രൂപതാകുടുംബത്തിന്റെ
സ്നേഹാദരവുകൾ.



ജൂലൈ 15 – ാം തീയതി
നാമഹേതുകത്തിരുനാൾ
ആഘോഷിക്കുന്ന



സിഞ്ചെല്ലൂസ്
പെരിയ ബഹുമാനപ്പെട്ട
കുര്യൻ താമരശ്ശേരി അച്ചന്
രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാനിർഭരമായ
തിരുനാളാശംസകൾ!

# പാലക്കാട് രൂപതയുടെ
# സഹായമെത്രാനായി സ്ഥാനമേറ്റ




## അഭിവന്ദ്യ മാർ
## പീറ്റർ കൊച്ചുപുരയ്ക്കൽ പിതാവിന്
## രൂപതാകുടുംബത്തിന്റെ
## പ്രാർത്ഥനാശംസകൾ

Prot. No. 0714/2020

# ഇടയലേഖനം

# സഭാദിനം ജൂലൈ 3, 2020

സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്. കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!

ഈശോമിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

മാർതോമാശ്ലീഹായുടെ ദുക്റാനാത്തിരുനാൾ ദിനമായ ജൂലൈ മൂന്ന് ഒരിക്കൽ കൂടി സമാഗതമാകുന്നു. ഈ ദിവസം നാം സീറോമലബാർ സഭാദിനമായും ആഘോഷിക്കുകയാണല്ലോ. ദുക്റാന തോമാശ്ലീഹായുടെ വിശ്വാസപ്രഖ്യാപനത്തിന്റെ തിരുനാളാണ്. വിശ്വാസത്തിന്റെ കൈമാറ്റം വഴിയാണ് നാം മാർതോമാശ്ലീഹായോട് ബന്ധപ്പെട്ടിരിക്കുന്നതും അദ്ദേഹത്തെ നമ്മുടെ പിതാവായി മഹത്വപ്പെടുത്തുന്നതും. ഉത്ഥിതനായ ഈശോയുടെ തിരുവിലാവ് ദർശിച്ച തോമാശ്ലീഹായുടെ 'എന്റെ കർത്താവേ, എന്റെ ദൈവമേ' (മാറ് വാലാഹ്) എന്ന ഉദീരണം സുവിശേഷങ്ങളിൽ ഏറ്റവും വലിയ വിശ്വാസ പ്രഖ്യാപനമായി നിലകൊള്ളുന്നു. 'കർത്താവേ', 'ദൈവമേ' എന്ന രണ്ടുവിളികളും ഈശോയുടെ ദൈവത്വത്തെ സൂചിപ്പിക്കുന്നവയാണ്. മനുഷ്യനായി ജീവിച്ചു മരിച്ച് ഉത്ഥാനം ചെയ്ത ഈശോ ദൈവവുമാണ് എന്ന പ്രഖ്യാപനമാണ് തോമാശ്ലീഹ നടത്തിയത്. ഇതിനുസമാനമായ വി. പത്രോസ് ശ്ലീഹായുടെ വിശ്വാസപ്രഖ്യാപനം,'നീ ജീവിക്കുന്ന

ദൈവത്തിന്റെ പുത്രനായ മിശിഹായാകുന്നു' എന്നതായിരുന്നു. പത്രോസിന്റെ ഈ പ്രഖ്യാപനം കർത്താവിന്റെ പരസ്യജീവിതത്തിന്റെ മധ്യത്തിലായിരുന്നു; തോമാശ്ലീഹായുടേത് ഈശോയുടെ ഉത്ഥാനത്തിനുശേഷവും. ഉത്ഥാനശേഷം വി. പത്രോസ് നടത്തിയത് ഈശോയോടുള്ള സ്നേഹത്തിന്റെ പ്രഖ്യാപനമായിരുന്നു. ഈ സ്നേഹപ്രഖ്യാപനത്തിൽ ഉത്ഥിതനായ മിശിഹായിലുള്ള വി. പത്രോസിന്റെ പൂർണമായ വിശ്വാസസമർപ്പണവും ഉൾക്കൊണ്ടിരുന്നു. വിശ്വാസത്തിന്റെ സഫലീകരണമാണ് സ്നേഹം. സ്നേഹത്തിലൂടെ പ്രവർത്തനനിരതമാകുന്ന വിശ്വാസമാണു നമ്മെ രക്ഷിക്കുന്നതെന്ന് വി. പൗലോസ് ശ്ലീഹാ പറയുന്നുണ്ട്. തോമാശ്ലീഹായിലൂടെ കൈമാറിക്കിട്ടിയ വിശ്വാസം സ്നേഹത്തിന്റെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ സാക്ഷ്യപ്പെടുത്തുന്ന ഒരു സമൂഹമാണ് നമ്മുടേത്. കൊറോണ ബാധയുടെ ഈ കാലത്ത് അതു കൂടുതൽ സജീവമാക്കുവാൻ ദൈവം നമുക്ക് അവസരം നൽകിയിരിക്കുന്നു.

**ജീവിത നവീകരണം**

കൊറോണക്കാലം പല ജീവിതനവീകരണ സാധ്യതകളും നമുക്ക് തുറന്നു നൽകിയിട്ടുണ്ട്. കാലങ്ങളായി സഭ ചിന്തിച്ചുകൊണ്ടിരുന്നതും പലതലങ്ങളിൽ നിന്നും ഉന്നയിക്കപ്പെട്ടിരുന്നതുമായ ജീവിതലാളിത്യം സ്വീകരിക്കുവാനുള്ള ആവശ്യബോധം ഇന്ന് നമുക്കുണ്ടാകുന്നു. ഈ വർഷവും അടുത്ത വർഷങ്ങളും നമ്മെ സംബന്ധിച്ചിടത്തോളം എല്ലാ തലങ്ങളിലും ചെലവു ചുരുക്കലിന്റെ കാലമായിരിക്കണം. ധൂർത്തും ആർഭാടവും നമ്മുടെ ജീവിതശൈലിയിൽ നിന്ന് അകലണം. ഉടനേ പുതിയ നിർമ്മാണപദ്ധതികൾ ആസൂത്രണം ചെയ്യാതിരിക്കണം. ഇടവകകളും സ്ഥാപനങ്ങളും തുടങ്ങിവച്ചിട്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ സാവകാശം പൂർത്തിയാക്കിയാൽ മതി എന്ന സംയമനമനോഭാവം നമുക്കുണ്ടാ

കണം. നിർബന്ധിത പണപ്പിരിവുകൾ നടത്താതിരിക്കാൻ നമുക്കു തീരുമാനമെടുക്കാം. ഒരുവിധ സമ്മർദ്ദവുമില്ലാതെ ജനങ്ങൾ സ്വമേധയാ നൽകുന്ന നേർച്ചകളും സംഭാവനകളും മാത്രം വിനിയോഗിച്ചുകൊണ്ട് സഭാ കൂട്ടായ്മയുടെ ആവശ്യങ്ങൾ നമുക്കു നിർവഹിക്കാം. സഭാശുശ്രൂഷകളുടെയും ധ്യാനപ്രസംഗങ്ങളുടെയും തിരുനാളുകളുടെയും ലക്ഷ്യം ധനസമ്പാദനമാണ് എന്ന തെറ്റിദ്ധാരണ ജനിപ്പിക്കുന്ന പരസ്യങ്ങളും ആഘോഷങ്ങളും നമുക്കു നിറുത്തലാക്കാം. വ്യക്തിപരമായ നേട്ടങ്ങൾക്കും പ്രശസ്തിക്കും വേണ്ടി നിർമ്മാണങ്ങളും പരിപാടികളും ആസൂത്രണം ചെയ്യുന്നത് ഉചിതമല്ല. സഭയിലെ ആവശ്യങ്ങളുടെ നിർവഹണം സഭാ മക്കളുടെ കൂട്ടായ്മയുടെ പൊതുവായ ആത്മീയചിന്തയിൽ നിന്ന് ഉയിർകൊള്ളുന്നതാകട്ടെ.

വ്യക്തികളും സഭാസംവിധാനങ്ങളും ആവശ്യത്തിൽകവിഞ്ഞ സമ്പത്ത് സ്വരുക്കൂട്ടിവയ്ക്കുന്ന പ്രവണത ഉപേക്ഷിക്കണം. ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ സഭയുടെ മുഖം ദരിദ്രമാകട്ടെ. സഭ പാവപ്പെട്ടവരുടേതാകട്ടെ. സഭയുടെ സമ്പത്ത് ദൈവജനമാണ്. സഭയുടെ അത്യാവശ്യങ്ങൾക്കും ആവശ്യങ്ങൾക്കും വേണ്ടി യഥാസമയം വേണ്ടത് നൽകുവാൻ തക്ക വിശ്വാസ തീക്ഷ്ണത നമ്മുടെ സഭാമക്കൾക്കുണ്ട്. സഭ തങ്ങളുടേതാണെന്നും തങ്ങളാണ് സഭയെന്നും സഭാശുശ്രൂഷകരുടെ ന്യായമായ ആവശ്യങ്ങൾ നിർവഹിക്കുവാൻ തങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്നും നമ്മുടെ ജനം മനസ്സിലാക്കി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മയുടെ ശൈലി സഭയിൽ സംജാതമാകട്ടെ. ദൈവസ്നേഹപ്രേരിതമായ കാരുണ്യപ്രവർത്തനങ്ങളായിരിക്കണം സഭയുടെ മുഖമുദ്ര. വിദ്യാഭ്യാസം, ആതുരശുശ്രൂഷ, സാമൂഹ്യക്ഷേമം എന്നീ മേഖല കളിലെ നമ്മുടെ എല്ലാ പ്രവർത്തനങ്ങളും കാരുണ്യസ്പർശം

കൊണ്ട് ഉത്തമ ക്രൈസ്തവസാക്ഷ്യങ്ങളായിത്തീരട്ടെ. കോവിഡു കാലത്ത് ഇടവകകളും സ്ഥാപനങ്ങളും രൂപതകളുടെ സാമൂഹ്യ ക്ഷേമ വിഭാഗങ്ങളും മറ്റ് സംഘടനകളും ചെയ്യുന്ന നിസ്തുലമായ സേവനങ്ങൾക്ക് ഞാൻ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**കൊറോണക്കാലത്തെ ആരാധനാകർമ്മങ്ങൾ**

2020 കോവിഡു വർഷമായി ലോകചരിത്രത്തിൽ അറിയപ്പെടുമെന്ന് തോന്നുന്നു. ഈ വർഷാവസാനംവരെയെങ്കിലും കൊറോണ വൈറസിന്റെ ആക്രമണം ലോകജനതയ്ക്കു നേരിടേണ്ടിവരും. അതിനാൽ രോഗത്തിന്റെ സമൂഹവ്യാപനം ഏതുവിധേനയും തടയേണ്ടത് മനുഷ്യവംശത്തിന്റെ നിലനിൽപ്പിന് ആവശ്യമാണ്. ഈ ഉത്തരവാദിത്വബോധം എല്ലാവരിലുമുണ്ടാകുവാൻ നാം കഠിനമായി പരിശ്രമിക്കണം. മനുഷ്യജീവിതത്തെ സാധാരണ ഗതിയിലാക്കിക്കൊണ്ടുതന്നെ രോഗനിയന്ത്രണം സാധിക്കുക എന്ന നയമാണ് ഈ രണ്ടാം ഘട്ടത്തിൽ രാജ്യങ്ങളെല്ലാം സ്വീകരിച്ചിരിക്കുന്നത്.

നമ്മുടെ രാജ്യവും ഇതേ സമീപനമാണല്ലോ സ്വീകരിച്ചിരിക്കുന്നത്. അതിനാൽ, ലോക്ക്ഡൗണിൽ ഇളവുകൾ ക്രമാനുഗതമായി നൽകപ്പെടുന്നു. വ്യാപാരസ്ഥാപനങ്ങൾ, ഫാക്ടറികൾ, സർക്കാർ ഓഫീസുകൾ മുതലായവ ഏതാണ്ട് പൂർണ്ണതോതിൽ തുറന്നു പ്രവർത്തിക്കുവാൻ ആരംഭിച്ചു. സ്വകാര്യ വാഹനഗതാഗതം ഏറെക്കുറെ പൂർണ്ണതോതിൽ ആയി. നിർമ്മാണ പ്രവർത്തന ങ്ങൾക്കും നിയന്ത്രണമില്ല. ജൂൺ 09 മുതൽ ആരാധനാലയങ്ങൾ തുറന്ന് പ്രാർത്ഥനാശുശ്രൂഷകൾ നടത്തുന്നതിന് അനുമതിയും സർക്കാർ നൽകിയിട്ടുണ്ട്. എന്നാൽ, ഇളവുകളെല്ലാം അനുവദിക്കു മ്പോഴും രോഗവ്യാപനം തടയുന്നതിനുള്ള കർശനമായ നിബന്ധന കളും സർക്കാർ നൽകുന്നുണ്ട്. സഭാമക്കളായ നാമെല്ലാവരും അവയെല്ലാം കണിശമായി പാലിച്ച് രാജ്യത്തിന്റെ പൊതുനന്മയ് ക്കായി പ്രവർത്തിക്കുവാൻ പ്രതിജ്ഞാബദ്ധരാകണം.

ദൈവാലയത്തിലെ കർമ്മങ്ങൾക്ക് അനുമതി ലഭിച്ചുവെന്ന തിന്റെ പേരിൽ എല്ലാവരും എപ്പോഴും ആരാധനാകർമ്മങ്ങളിൽ സംബന്ധിക്കുവാൻ തിടുക്കം കൂട്ടുന്നത് ഈ സാഹചര്യത്തിൽ ശരിയാകില്ല. ഇപ്പോൾ തുറന്നുപ്രവർത്തിക്കുന്ന ദൈവാലയങ്ങൾക്ക് നിബന്ധനകൾ പാലിച്ചുകൊണ്ട് അതേ രീതി തുടരാം. ഇതുവരെയും ആരാധനാശുശ്രൂഷകൾ പുനരാരംഭിക്കാത്ത ദൈവാലയങ്ങളിൽ അവ തുടങ്ങുമ്പോഴും രോഗ വ്യാപനനിയന്ത്രണത്തിനുവേണ്ട മുൻകരുത ലുകൾ എടുത്തേ തീരൂ. ഈ വിഷയത്തിൽ നമുക്ക് യാതൊരുവിധ ഉദാസീനതയും ഉണ്ടാകരുത്. രോഗവ്യാപനത്തിന്റെ പുതിയ സാധ്യതകൾ എവിടെയെങ്കിലുമുണ്ടെന്നറിഞ്ഞാൽ, ആരാധനാല യങ്ങൾ വീണ്ടും അടച്ചുകൊണ്ട് വൈദികരും ജനങ്ങളും ഉത്തരവാദിത്വബോധത്തോടെ പ്രതികരിക്കണമെന്ന് അഭ്യർത്ഥി ക്കുന്നു. പൊതുസമൂഹം സാധാരണ ജീവിതശൈലിയിലേയ്ക്ക് വരുന്നതോടൊപ്പം സഭാമക്കളുടെ കൗദാശികജീവിതം ക്രമേണ സാധാരണഗതിയിലേയ്ക്ക് വരണമെന്നതാണ് നമ്മുടെ ലക്ഷ്യം.

**ആദ്ധ്യാത്മികതയുടെ പുതിയ മാനങ്ങൾ**

ആത്മീയതയ്ക്കു വിരുദ്ധമായി നമ്മുടെ ജീവിതത്തിൽ കടന്നു കൂടിയ സമീപനങ്ങളെയും പ്രവർത്തനങ്ങളെയും ഉപേക്ഷിച്ചു സംശുദ്ധമായ ക്രൈസ്തവസാക്ഷ്യം നൽകുവാൻ കോവിഡു കാലത്തിന്റെ അനുഭവം നമ്മെ കൂടുതൽ പ്രേരിപ്പിക്കണം. സഭയിൽ നേതൃത്വശുശ്രൂഷയിലുള്ള വൈദികരും സമർപ്പിതരും അൽമായരും ശരിയായ ക്രൈസ്തവ സാക്ഷ്യം നൽകുന്നതിൽ ദത്തശ്രദ്ധരായിരി ക്കണം. ലോക്ക്ഡൗൺ കാലത്ത് വീടുകളിൽ കഴിഞ്ഞിരുന്നതു കൊണ്ട് കൂടുതൽ വ്യക്തിപരമായി പ്രാർത്ഥിക്കുവാനും കുടുംബ പ്രാർത്ഥന ക്രമമായി ചൊല്ലുവാനും ഏവർക്കും സാധിച്ചുവല്ലോ. ഓൺലൈൻ കുർബാനയർപ്പണങ്ങളിലും ഭക്തിപൂർവ്വം സംബന്ധിക്കുവാൻ സാധിച്ചു. ഈ പ്രാർത്ഥനാനുഭവത്തോടൊപ്പം കുട്ടികളുടെ വിശ്വാസപരിശീലനവും ഓൺലൈനിൽ നടന്നു

കൊണ്ടിരിക്കുകയാണല്ലോ. മുതിർന്നവർക്കും വിശ്വാസവിഷയങ്ങളിൽ കൂടുതൽ അവബോധം ഉണ്ടാകുന്നതിന് ഈ അവസരത്തെ പ്രയോജനപ്പെടുത്താവുന്നതാണ്.

വിശ്വാസജീവിതത്തിന് നിരക്കാത്ത എല്ലാ പ്രവണതകളെയും നമ്മിൽ നിന്ന് അകറ്റുവാൻ പരിശ്രമിക്കാം. മദ്യപാനം, ലഹരി മരുന്നുകളുടെ ഉപയോഗം, മനുഷ്യജീവന് എതിരെയുള്ള അക്രമങ്ങൾ, സാമൂഹ്യ മാധ്യമങ്ങളിലൂടെയും അല്ലാതെയും മറ്റുള്ളവരുടെ സ്വകാര്യതയ്ക്കെതിരെയുള്ള കടന്നുകയറ്റം, ഇതരർക്ക് അപകീർത്തി വരുത്തുന്ന പ്രചരണങ്ങൾ, ലൈംഗികതയുടെ എല്ലാത്തരത്തിലുമുള്ള ദുരുപയോഗം മുതലായ തിന്മകൾക്കു വിധേയരാകാതിരിക്കാൻ നാം ജാഗ്രത പാലിക്കണം. നന്മയിൽ കൂടുതൽ വളരുന്നതുവഴിയാണ് തിന്മയെ അതിജീവിക്കുവാൻ സാധിക്കുന്നത്. സംശുദ്ധമായ സ്നേഹവും കാരുണ്യവും നമ്മുടെ ചിന്തകളിലും വാക്കുകളിലും പ്രവർത്തനങ്ങളിലും വളർത്തിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം. ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളെ കഴിയുന്നിടത്തോളം സഹായിക്കാം. പ്രവാസികൾ ഇപ്പോഴും നാട്ടിലേയ്ക്ക് തിരിച്ചുവന്നുകൊണ്ടിരിക്കുകയാണല്ലോ. അവർക്ക് ആവശ്യകമായ സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുവാൻ സർക്കാരിനോടൊപ്പം നാം സന്നദ്ധരാകണം. പ്രവാസികളുടെ മക്കൾക്ക് ആവശ്യകമായ സ്കൂൾ-കലാലയ വിദ്യാഭ്യാസ സൗകര്യങ്ങൾ കഴിവതും ഏർപ്പെടുത്തിക്കൊടുക്കുവാൻ സഭാസ്ഥാപനങ്ങൾക്കുള്ള ഉത്തരവാദിത്വത്തെ ഓർമ്മിപ്പിച്ചുകൊള്ളട്ടെ.

വംശീയ വിവേചനം ഇന്ന് സമൂഹത്തിൽ ഭിന്നതകൾ സൃഷ്ടിക്കുന്നുണ്ട്. എക്കാലത്തുമുണ്ടായിരുന്ന ഈ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരം കണ്ടെത്താൻ ലോകരാഷ്ട്രങ്ങൾക്കു സാധിച്ചിരുന്നതാണ്. എന്നാൽ അടുത്ത കാലത്ത് അതു വീണ്ടും പലപല രീതികളിൽ രംഗപ്രവേശം ചെയ്യുന്നതായിട്ട് കാണുന്നു. മനുഷ്യത്വത്തിന് നിരക്കാത്ത ഈ തിന്മയെ പൂർണ്ണമായും ഇല്ലായ്മ

ചെയ്യേണ്ടത് ലോകജനതയുടെ സാംസ്കാരികോന്നമനത്തിന് ആവശ്യകമാണ്. ക്രൈസ്തവരായ നമ്മെ സംബന്ധിച്ചിടത്തോളം വംശീയ വിവേചനം നമ്മുടെ വിശ്വാസത്തിന് കടകവിരുദ്ധമാണ്. യഹൂദരെയും ഗ്രീക്കുകാരെയും സമറിയാക്കാരെയുമെല്ലാം ദേശീയ, വംശീയ വ്യത്യാസങ്ങൾ ഒന്നും കൂടാതെ ദൈവപിതാവിന്റെ മക്കളെന്ന നിലയിൽ സഹോദരീസഹോദരന്മാരായി കണ്ടാണ് ഈശോ ജീവിച്ചതും പ്രസംഗിച്ചതും പഠിപ്പിച്ചതും. വി. പൗലോസ് ശ്ലീഹാ പറയുന്നതുപോലെ, ഈശോമിശിഹായ്ക്ക് യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ സ്ത്രീയെന്നോ പുരുഷനെന്നോ വ്യത്യാസമില്ല (ഗലാ. 3:28). അതിനാൽ, നമ്മിൽ നിന്ന് വംശീയ വിവേചനത്തിന്റെ ചിന്തകളോ സംസാരമോ പ്രവൃത്തികളോ ഉണ്ടാകാതിരിക്കാൻ ശ്രദ്ധ ചെലുത്തണം. എല്ലാ മനുഷ്യരെയും സഹോദരീസഹോദരന്മാരായി കണ്ട്, സഭയിലും സമൂഹത്തിലും കൂട്ടായ്മയിൽ ജീവിക്കുന്ന ഒരു സംസ്കാരം നാം വളർത്തിയെടുക്കണം.

ക്രിസ്തീയ ആദ്ധ്യാത്മികതയുടെ സാമൂഹികമാനങ്ങളെക്കുറിച്ചും നാം ചിന്തിക്കേണ്ടതുണ്ട്. കൊറോണക്കാലത്തും അതിനുശേഷം വരുന്ന വർഷങ്ങളിലും നാം ഉൽപ്പാദകരാകണം. വ്യക്തിപരമായും കുടുംബങ്ങളായും സമൂഹമായും നമ്മളാൽ കഴിയുംവിധം രാജ്യത്തിന്റെ സമ്പദ്ഘടനയെ പരിരക്ഷിക്കുവാൻ പരിശ്രമിക്കണം. കൃഷിയാണ് പ്രഥമത പരിഗണനയർഹിക്കുന്നത്. വ്യക്തികളുടെയോ ഇടവകകളുടെയോ സ്ഥാപനങ്ങളുടെയോ രൂപതകളുടെയോ കൈവശമുള്ള എല്ലാ സ്ഥലങ്ങളിലും കൃഷിചെയ്യണം. ഒരിഞ്ചു കൃഷിഭൂമി പോലും തരിശായി കിടക്കാൻ ഇടയാകരുത്. വൈദികർ ഉൾപ്പെടെ ദൈവജനം മുഴുവനും കൃഷിപ്പണികൾക്കായി കുറെ സമയം കണ്ടെത്തണം. ഐക്യരാഷ്ട്ര സംഘടനയുടെ മുന്നറിയിപ്പു പ്രകാരം കഴിഞ്ഞ 50 വർഷങ്ങളിൽ അനുഭവപ്പെട്ടതിലും വലിയ ഒരു ക്ഷാമം ലോകം നേരിടാൻ പോവുകയാണ്. കേരളത്തിൽ ഉൽപാദിപ്പിക്കുന്നവകൊണ്ടുതന്നെ

നമുക്ക് ഭക്ഷിക്കാൻവേണ്ടവ ലഭിക്കുമെന്നാണ് വിദഗ്ദ്ധാഭിപ്രായം. ഫ്ളാറ്റുകളിലും മറ്റും താമസിക്കുന്നവർക്കുപോലും ഗ്രോബാഗുകളിലും ടെറസുകളിലും കൃഷിചെയ്യാവുന്നതാണല്ലോ. ഇടവകകളുടെയും അയൽക്കൂട്ടങ്ങളുടെയും നേതൃത്വത്തിൽ വിപണികൾ തുറന്ന് കാർഷിക വിളകൾ ന്യായവിലയ്ക്കു എല്ലാവർക്കും ലഭ്യമാക്കുവാൻ പരിശ്രമിക്കുന്നത് കൃഷിക്കാരുടെ അഭിവൃദ്ധിക്ക് ഉപകരിക്കും. നാണ്യവിളകളെ സംബന്ധിച്ചിടത്തോളം, നമ്മുടെ രാജ്യങ്ങളിലും ഇതരരാജ്യങ്ങളിലും വിൽപനസാധ്യതയുള്ള വിളകളിലേയ്ക്ക് നാം കൃഷി തിരിച്ചുവിടണം. നമ്മുടെ സമുദായ സംഘടനയായ കത്തോലിക്കാ കോൺഗ്രസും അതോടൊപ്പം ഇൻഫാമും കൃഷിയുടെ രംഗത്ത് ജനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നത് നന്നായിരിക്കും. ചെറുകിട വ്യവസായങ്ങളുടെയും ഫാക്ടറികളുടെയും ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ അവയുടെ ഉടമസ്ഥർ തീവ്രമായി പരിശ്രമിക്കണം.

കോവിഡ് കാലത്ത് വന്ന സാമ്പത്തിക മാന്ദ്യം അതിജീവിക്കുവാൻ മേൽപ്പറഞ്ഞ അക്ഷീണപരിശ്രമങ്ങൾ കൂടിയേ തീരൂ. അതോടൊപ്പം, കേന്ദ്ര സംസ്ഥാന സർക്കാരുകൾ മുന്നോട്ട് വയ്ക്കുന്ന കോവിഡാനന്തര സാമ്പത്തികോന്നമനപ്രവർത്തനങ്ങൾക്ക് നമുക്ക് പൂർണ്ണസഹകരണം നൽകാം. ഒരു ജനാധിപത്യ രാജ്യമെന്ന നിലയിൽ പൊതുസമൂഹത്തിൽ ഉണ്ടാകാവുന്ന അഴിമതിക്കും ചൂഷണത്തിനുമെതിരെ നാമെല്ലാവരും ജാഗരൂകതയോടെ വർത്തിക്കണം. ആരും ആരെയും ചൂഷണം ചെയ്യുന്ന ആസൂത്രിതമായ പ്രവർത്തനങ്ങൾ അനുവദിച്ചുകൂടാ. അത്തരം അനീതിപരമായ പ്രവർത്തനങ്ങൾ നടക്കുന്നുവെന്നറിഞ്ഞാൽ പൊതുമനഃസാക്ഷിയെ തട്ടിയുണർത്തി അവയെ ഉന്മൂലനം ചെയ്യുവാൻ ജനാധിപത്യപരമായ നടപടികൾ നാം സ്വീകരിക്കണം.

ഈ ചിന്തകളെല്ലാം ക്രൈസ്തവ ജീവിതത്തിനു പുതിയൊരു രൂപവും ഭാവവും നൽകുവാൻ ഈ കാലഘട്ടത്തിൽ നമ്മെ

സഹായിക്കുമെന്നു കരുതുന്നു. നമ്മുടെ ആദ്ധ്യാത്മികതയുടെ ആന്തരികതലങ്ങളും വ്യക്തിപരവും കുടുംബപരവും സാമൂഹികവുമായ തലങ്ങളും പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ സുവിശേഷമൂല്യങ്ങൾക്ക് അനുസൃതമാക്കാൻ കോവിഡുകാലത്തും കോവിഡാനന്തരകാലത്തും തീവ്രമായി പരിശ്രമിക്കാം. മിശിഹായുടെ മുഖം നമ്മുടെ സഭാജീവിതത്തിലൂടെ സമൂഹത്തിൽ പ്രകാശിതമാക്കാം. വി. തോമാശ്ലീഹായെപ്പോലെ ദൈവവും മനുഷ്യനുമായ ഈശോമിശിഹായിൽ നമ്മുടെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ച് സഭയുടെയും സമൂഹത്തിന്റെയും സമുദ്ധാരണത്തിൽ നമുക്ക് പങ്കുചേരാം.

ദൈവമേ സ്തുതി! ഈശോയേ സ്തുതി! പരിശുദ്ധാത്മാവേ സ്തുതി!

എല്ലാവർക്കും ദുക്റാനാതിരുനാളിന്റെയും സഭാദിനത്തിന്റെയും മംഗളങ്ങൾ ആശംസിച്ചുകൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ നിങ്ങളെ ഞാൻ സ്നേഹപൂർവം ആശീർവദിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്ന് 2020-ാം ആണ്ട് ജൂൺ മാസം 17-ാം തീയതി നല്കപ്പെട്ടത്.



**കർദിനാൾ ജോർജ് ആലഞ്ചേരി**

**സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**

---

NB: ഈ ഇടയലേഖനം ജനത്തോടൊപ്പം ആരാധനാകർമ്മങ്ങൾ നടക്കുന്ന പള്ളികളിൽ 2020 ജൂൺ 28-ാം തീയതി ഞായറാഴ്ച കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.

Ref: 3318/K-5/KCBC/OL/DS

# യുവജനദിനം 2020
## ജൂലൈ 5, ഞായർ
## കെസിബിസി യുവജനകമ്മീഷൻ
## പുറപ്പെടുവിക്കുന്ന സർക്കുലർ

യേശുക്രിസ്തുവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

കേരള കത്തോലിക്കാസഭ 2020 ജൂലൈ 5-ാംതീയതി യുവജനദിനമായി ആചരിക്കുന്നു. കെസിബിസി യുവജനകമ്മീഷന്റെ പേരിലുള്ള എല്ലാവിധ പ്രാർത്ഥനാശംസകളും കേരളത്തിലെ എല്ലാ യുവജനങ്ങൾക്കും ഒത്തിരി സ്നേഹത്തോടെ നേരുന്നു.

കെസിബിസി യുവജനകമ്മീഷന്റെ ഭാഗമായ കെസിവൈഎം, ജീസസ് യൂത്ത്, സിഎൽസി, AICUF, മിജാർക്, യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കൊ യൂത്ത് എന്നീ യുവജന സംഘടനകളിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും അവരെ നയിക്കുന്ന വൈദികർ, സന്യസ്തർ, ആനിമേറ്റർമാർ, ഭാരവാഹികൾ എന്നിവർക്കും കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ അഭിവാദനങ്ങൾ.

2018 ഒക്ടോബർ 3 മുതൽ 28 വരെ വത്തിക്കാനിൽ നടന്ന യുവജന സിനഡിന്റെ വെളിച്ചത്തിലുള്ള 'ക്രിസ്തുസ് വിവിത്' (ക്രിസ്തു ജീവിക്കുന്നു) എന്ന പ്രബോധനരേഖയിൽ ഫ്രാൻസിസ് പാപ്പാ യുവജനങ്ങളെ ഓർമ്മിപ്പിക്കുന്നു: നിങ്ങൾ ദൈവത്തിന്റെ "ഇപ്പോൾ" ആകുന്നു. ക്രിസ്തു ജീവിക്കുന്നു... നിങ്ങൾ ജീവനുള്ളവരായിരിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നു. യുവജനം സഭയുടെ ഭാവിയല്ല മറിച്ച് അവർ സഭയുടെ വർത്തമാനകാലമാണ് എന്നാണ് പാപ്പാ അർത്ഥമാക്കുന്നത്.

സഭയ്ക്കും സമൂഹത്തിനും വിശ്വാസത്തിന്റെയും സ്നേഹ ത്തിന്റെയും സാക്ഷികളാകാൻ യുവജനങ്ങളെ ഒരുക്കുക എന്നതാണ് യുവജനകമ്മീഷന്റെ മുഖ്യമായ ദൗത്യം. കേരളസഭ ഈവർഷം പ്രേഷിതവർഷമായി പ്രഖ്യാപിച്ചിരിക്കുന്ന വേളയിൽ 'യുവത്വം, പ്രേഷിതത്വം, രക്തസാക്ഷിത്വം' എന്ന ആപ്തവാക്യത്തിൽ അടി സ്ഥാനപ്പെടുത്തിയാണ് യുവജനശുശ്രൂഷയുടെ കർമപരിപാടികൾ ആവിഷ്കരിച്ചിരിക്കുന്നത്. ഉപവിഷയങ്ങളായി മതേതരത്വവും ഭര ണഘടനാ സംരക്ഷണവും, കാരിത്താസ് സമരിറ്റൻ, കലയും സംസ്കാരവും, നവമാധ്യമസംസ്കാരം എന്നിവയും തെരഞ്ഞെടു ത്തിരിക്കുന്നു.

കോവിഡ്-19 എന്ന മഹാമാരി ലോകമെമ്പാടും വ്യാപിച്ചിരി ക്കുന്ന ഈ കാലഘട്ടത്തിൽ യുവാക്കളാണ് സഭയുടെ നട്ടെല്ല് എന്ന് അവർ തെളിയിച്ചിരിക്കുന്നു. മുൻവർഷങ്ങളിലെ ഓഖി, പ്രളയം എന്നീ ദുരന്തങ്ങളുടെ മുമ്പിൽ രക്ഷകരായി മാറിയവരിൽ യുവജനങ്ങളുടെ പങ്കും അഭിമാനത്തോടെ ഓർക്കുന്നു. കൊറോണ വൈറസ് ഭീതി വിതയ്ക്കുന്ന ഈ സമയത്ത് നമ്മുടെ യുവജനങ്ങൾ ചെയ്തതും ചെയ്യുന്നതുമായ സേവനങ്ങൾ നിരവധിയാണ്.

ലക്ഷക്കണക്കിനു മാസ്ക്കുകളുടെ നിർമ്മാണവും വിതര ണവും ഭക്ഷണപ്പൊതികളുടെ വിതരണം, കമ്മ്യൂണിറ്റികിച്ചനിലെ പങ്കാളിത്തം, മരുന്നു വിതരണം, ആംബുലൻസ് സേവനം, ഹെൽപ്പ്ഡെസ്ക് രൂപീകരണം, രക്തദാനം, അവശ്യസാധനങ്ങളുടെ വിതരണം തുടങ്ങി തങ്ങളുടെ ജീവൻ പണയപ്പെടുത്തി യൗവനക്കാർ ചെയ്യുന്ന പ്രവർത്തനങ്ങളെ സഭ കാണുന്നു. ഹൃദയം തുറന്ന് അഭി നന്ദിക്കുന്നു. സർക്കാരിന്റെ നിർദേശങ്ങൾക്കനുസൃതമായി, സംസ്ഥാ നതലത്തിലും രൂപതാ തലത്തിലും ഇടവകതലത്തിലും സന്നദ്ധസേ നകൾ രൂപീകരിച്ചു. മനഃശാസ്ത്രകൗൺസിലിംഗ് ടീമിനെ സജ്ജ മാക്കി. പ്രവാസികളുമായി നിരന്തരം ആശയവിനിമയം നടത്തി.

പള്ളികൾ അടഞ്ഞുകിടന്നപ്പോൾ ദിവ്യബലിയർപ്പണങ്ങളെ ഡിജിറ്റൽപ്ലാറ്റുഫോമിൽ ഏവർക്കും എത്തിക്കുവാൻ, ലൈവ് സ്ട്രീമുകൾ നടത്തുവാൻ, നവമാധ്യമങ്ങളെ ഉപയോഗപ്പെടുത്തുവാനൊക്കെ യുവജനങ്ങൾക്ക് സാധിച്ചു. അതോടൊപ്പം ലോക്ഡൗൺ കാലത്ത് വീടിനുള്ളിൽ അടയ്ക്കപ്പെട്ടവർക്കുവേണ്ടി കലാവിനോദ മത്സരങ്ങൾ നടത്തി. ഭക്ഷ്യസ്വയം പര്യാപ്തതയ്ക്കായി 'ഹരിതം' എന്ന പേരിൽ പച്ചക്കറികൃഷി പദ്ധതി നടപ്പിലാക്കി. ഈ പറഞ്ഞതിലും ഏറെക്കാര്യങ്ങൾ അവർ ചെയ്തുകൊണ്ടിരിക്കുന്നു. സർഗാത്മകതയുടെ വസന്തകാലമാക്കി ഈ കോവിഡ് കാലത്തെ മാറ്റുവാൻ സമൂഹമാധ്യമങ്ങളുടെ സാധ്യതകളെ ഉപയോഗപ്പെടുത്തിയ പ്രേഷിതരാണ് നമ്മുടെ യുവജനങ്ങൾ. അവരെ കേരളസഭയും സമൂഹവും ഹൃദയത്തോട് ചേർത്തുവെച്ച് അഭിനന്ദിക്കുകയും നന്ദിപറയുകയും ചെയ്യുന്നു.

കോവിഡനന്തരസഭയുടെയും സമൂഹത്തിന്റെയും ആകുലതകളെയും ആശങ്കകളെയും നമ്മുടെ യുവജനങ്ങൾ തീക്ഷണതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. സാമ്പത്തികരംഗത്തിന്റെ തിരിച്ചടികൾ, പ്രവാസികളുടെ തിരിച്ചുവരവ്, ജോലിനഷ്ടം, രോഗത്തിന്റെ കെടുതികൾ, ധാർമ്മിക അപഭ്രംശങ്ങൾ, വിലക്കയറ്റം തുടങ്ങിയകാര്യങ്ങളിൽ യുവജനങ്ങളുടെ സവിശേഷമായ ശ്രദ്ധയും പഠനവും ആവശ്യമുണ്ട്. ധീരരായ പ്രേഷിതരാകുവാൻ യുവാവായ ക്രിസ്തു നിങ്ങളെ ക്ഷണിക്കുന്നു. ക്ഷണം സ്വീകരിക്കാൻ തയ്യാറാകുന്നവരുടെ ത്യാഗങ്ങളെ രക്തസാക്ഷിത്വമായി കരുതി, കരുണാപൂർവം അവരെ അനുധാവനം ചെയ്യുവാൻ സഭയും സമൂഹവും സജ്ജമാകേണ്ടതുണ്ട്.

രാഷ്ട്രീയ മണ്ഡലങ്ങളിൽ നേതൃത്വപാടവമുള്ള യുവജനങ്ങൾ മൂല്യാധിഷ്ഠിതമായി ഇടപെടേണ്ടതുണ്ട്. സമൂഹത്തിൽ വർദ്ധിച്ചുവരുന്ന ഭീകരപ്രവർത്തനം, അക്രമം, അസഹിഷ്ണുത, വിഭാഗീയത, ഏകാന്തത എന്നിവയെല്ലാം മരണസംസ്കാരത്തിന് വേദി ഒരു

ക്കുന്നു. മദ്യം, മയക്കുമരുന്ന്, ലൈംഗിക അരാജകത്വം എന്നിവ യൊക്കെ ഈ സംസ്കാരത്തിന് ശക്തി പകരുന്നു. ഇവയോട് നാം സന്ധിയില്ലാസമരം ചെയ്യണം. വിശക്കുന്നവർക്ക് ഭക്ഷണം, ഭവനമി ല്ലാത്തവർക്ക് ഭവനം, കുട്ടികൾക്ക് പഠിക്കാൻ അവസരം, പ്രായമായ മാതാപിതാക്കൾ, രോഗികൾ, വിധവകൾ, ഭിന്നശേഷിക്കാർ, ദുർബ ലവിഭാഗങ്ങൾ എന്നിവരുടെ സംരക്ഷണം, ഓഖി ദുരന്തം, വെള്ള പ്പൊക്കദുരിതം, പ്രകൃതിക്ഷോഭം എന്നിവയിൽ അകപ്പെട്ടവർക്കാ യുള്ള പുനരുദ്ധാരണ പ്രവർത്തനങ്ങൾ തുടങ്ങി നിരവധിയായ പ്രവർത്തനങ്ങളിൽ യുവജനങ്ങൾ പങ്കുചേരുന്നു എന്നത് ഏറെ ശ്ലാഘ നീയമാണ്. ഇത് ത്യാഗത്തോടെ തുടരുവാൻ നമുക്ക് പ്രതിജ്ഞാബ ദ്ധരാകാം.

കുരിശുമരത്തിനരികിലായി നന്മയുടെ പൂമരങ്ങളായി നിൽക്കു വാൻ നമ്മുടെ യുവജനങ്ങൾക്കാകട്ടെ. സ്നേഹസമ്പന്നമായ കുടും ബജീവിതം കെട്ടിപ്പടുക്കാൻ യുവാക്കളെ പ്രേരിപ്പിക്കുന്ന വിധത്തിൽ മുതിർന്ന തലമുറ അവർക്കു മാതൃകയാവട്ടെ. "ജ്ഞാനത്തിലും പ്രായ ത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നു വന്ന" (ലൂക്കാ 2,52) യേശുവിനോട് അനുരൂപരായി തീരുവാനും യുവാ വായ ക്രിസ്തുവുമായി ഒരു സൗഹൃദത്തിലെത്തി ചേരാനും യുവത്വ മെന്ന ജീവിതത്തിന്റെ തീക്ഷ്ണവും സർഗ്ഗാത്മകവുമായ കാലത്ത് ക്രിസ്തുവിന്റെ സ്നേഹത്തിന് സാക്ഷ്യം പകരുന്ന ധീര പ്രേഷിത രാകാനും ധീരമായി നിലപാടുകളിൽ ഉറച്ചു നിന്നുകൊണ്ട് രക്തം ചിന്താനും നമ്മെ പ്രചോദിപ്പിക്കുന്ന ദിനമാണ് യുവജനദിനം. യുവജ നകമ്മീഷന്റെ ആഭിമുഖ്യത്തിൽ കെസിവൈഎം, ജീസസ്‌യൂത്ത്, സിഎൽസി, മിജാർക്ക്, AICUF/യൂക്കരിസ്റ്റിയ, ഇദെന്തെ യൂത്ത്, ബോസ്കോ യൂത്ത് എന്നീ സംഘടനകളിലും അല്ലാതെയുമായി ക്രിസ്തുവിന് സാക്ഷ്യം നല്കുന്ന യുവശക്തിയായി, ക്രിസ്തുശിഷ്യ

രായി, വേണ്ടിവന്നാൽ രക്തസാക്ഷികളായി മാറുവാൻ സർവേശ്വരന്റെ അനുഗ്രഹം ഉണ്ടാകട്ടെ.

എല്ലാ യുവജനങ്ങൾക്കും യുവജനദിനത്തിന്റെ ആശംസകൾ. യൗവനയുക്തനായ ക്രിസ്തു ഏവരെയും അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ.**

(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. യൂഹാനോൻ മാർ തിയൊഡോഷ്യസ്**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോൺ നെല്ലിക്കുന്നേൽ**

(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
പി.ഒ.സി., കൊച്ചി - 682 025

# കച്ചേരിക്കാര്യം

**1. സഭാദിനം**

നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെ ഓർമ്മദിനമായ ജൂലൈ 3 സീറോമലബാർ സിനഡിന്റെ നിർദ്ദേശാനുസരണം സഭാദിനമായി ആഘോഷിക്കേണ്ടതാണ്.

**2. വൈദികന്മാരുടെ വാർഷികധ്യാനം**

ബഹുമാനപ്പെട്ട വൈദികന്മാരുടെ വാർഷികധ്യാനം ഈ വർഷം സെപ്റ്റംബർ 20 മുതൽ സെപ്റ്റംബർ 25 വരെയും സെപ്റ്റംബർ 27 മുതൽ ഒക്ടോബർ 2 വരെയും രണ്ട് ബാച്ചുകളായി പൊടിമറ്റം മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നതാണ്. അഭിവന്ദ്യ മാർ ആന്റണി പ്രിൻസ് പാണേൻങ്ങാടൻ (അദിലാബാദ് രൂപതാ മെത്രാൻ) ധ്യാനഗുരു. കോവിഡ് 19 ലോക്ക്ഡൗൺ നിയന്ത്രണങ്ങൾക്ക് വിധേയമായിട്ടായിരിക്കും ധ്യാനം നടത്തുക.

**3. യുവജനദിനം**

2020 ജൂലൈ 5-ാം തീയതി ഞായറാഴ്ച യുവജനദിനമായി ആചരിക്കേണ്ടതാണ്.

## 4. Transfers and Appointments

### 1. Vicars

**Rev. Frs.**

| | |
|---|---|
| Kochuparambil Xavier | Kunnumbhagam |
| Palathinkal Joseph | Pazhayidom |
| Alunkel George | Podimattam |

| | |
|---|---|
| Maramattathil Joseph | Vanchimala |
| Vazhapanady Joseph | Konni, Vakayar |
| Maniyambrayil Varghese | Thirdcamp |
| Kariplackal Sebastian | Kanchiyar |
| Arackaparambil Mathew | Kuzhitholu |
| Panachikal Mathew | Pullannithakidy |
| Pandanmanal Mathew | Kochera |
| Pazheparambil Augustine | Elikkulam |
| Chathanatt Jacob | Pathanamthitta |
| Nellickal George | Alampally |
| Myladyil Joseph | Murinjapuzha |
| Palackal Thomas | Ummikuppa |
| Chavarapuzha Jose | Kochuthovala |
| Madathinakathu Silvanos | Elikkulam (Co-vicar) |
| Mangalathil Jose | Neyyattussery |
| Venmanthara James | Chellarcoil |
| Thekkevayalil Joseph | Kattappana |
| Narithookkil Kurian | Nazranipuram |
| Kodimarathummoottil Jacob | Pazhekoratty |
| Illickamuriyil Zacharias | Koruthodu |
| Chulayillaplackal | Kanayamkavayal |
| Pattarakalayil Thomas | Karunapuram |
| Kallooparampathu Joseph | Inchiyani |

| | |
|---|---|
| Kallumadickal Francis | Chempalam |
| Manimalakunnel Philip | Keerikara |
| Thekkekuttu Antony | Santhigiri |
| Kayyaniyil Mathew | Elappara |
| Thycheril Jacob | Amaravathy |
| Parinthirickal Thomas | Kozhencherry |
| Chirackal Varghese | Pulinkatta |
| Mathenkunnel Cyriac | Cheenkelthadam |
| Kuzhippil Antony | Kizhakkemattukkatta |
| Kanjamala Varghese | Kannampally |
| Arucheril Sebastian O. Carm. | Pampadumpara |
| Cherusseril Sebastian | Mettukuzhy (additional) |

**2. Assistant Vicars**

**Rev. Frs.**

| | |
|---|---|
| Kuzhikattu Mathew | Chengalam |
| Nadakkal Mathew | Ponkunnam |
| Chakkummoottil Joseph | Mundakkayam |
| Kumpluvelil Priyesh SAC | Kollamula |
| Arackaparambil Joby John | Anakallu |
| Poovelil Joseph VC | Upputhara |
| Kelimattathil Thomas MSFS | Cathedral |
| Kumbilimoottil Jorlin OFM Cap. | Valiathovala |

**3. Other Appointments**
**Rev. Frs.**

| | |
|---|---|
| Vellamattam Joseph | Protosyncellus, Eparchy of Kanjirapally |
| Paikatt Mathew | Director, Hostels, Amal Jyothi College of Engineering (additional) |
| Elanjipuram James | Dean of Basic Skills and Welfare, Amal Jyothi College of Engineering |
| Ayalooparampil Dominic | Corporate Manger of Schools by Power of Attorney and Coordinator of Catholic Schools in the Eparchy |
| Kallarackal Mathew | Manager, Holy Family International School, Elangoi (additional) |
| Muthuplackal Sebastian | Director, Liturgical Department, Master of Ceremony and Amala Press |
| Narithookkil Kurian | Principal, St. Thomas English Medium School, Kumily |
| Nirappel Thomas | Service lent to Major Seminary, Satna |
| Kilirooparambil Thomas | Director, Vianney Home |
| Chirackal Varghese | Defender of Bond, Eparchial Tribunal (additional) |
| Marangattu Varghese | Faculty, Citadel Residential School, Ranni |

| | |
|---|---|
| Cherusseril Sebastian | Principal, Ossanam School, Kattappana |
| Thekkel Thomas | Administrator, DARE, Peermadu |
| Pullolickal Stanislaus | PRO, Eparchy of Kanjirapally |
| Nariparayil Thomas | Director, Vocation Bureau/ Eparchial Assistant Director, CML (additional) |

**4. Relieved**

**Rev. Frs.**

| | |
|---|---|
| Pazheparampil Augustine | Protosyncellus, Eparchy of Kanjirapally |
| Alunkel George | Syncellus, Eparchy of Kanjirapally |
| Vellamattam Joseph | Vicar, Podimattam |
| Thekkumcherikunnel James | Director, Vocation Bureau |
| Vechookarottu Sebastian | Vicar, Pazhekoratty (on Sabbatical leave) |
| Kallarackal Mathew | Vice Chancellor, Eparchy of Kanjirapally |
| Illickamuriyil Zacharias | Corporate Manger of Schools by Power of Attorney and Coordinator of Catholic Schools in the Eparchy |
| Manimalakunnel Philip | Director, Vianney Home and Amala Press |
| Muthuplackal Sebastian | Vicar, Keerikkara |
| Ayalooparampil Dominic | Vicar, Amaravathy, Principal St. Thomas English Medium School, Kumily |

| | |
|---|---|
| Madathinakom Silvanos | Vicar, Kannampally |
| Vazhapanady Ousepachen | Vicar in charge, Mettukuzhy |
| Narithookkil Kurian | Principal, Ossanam School, Kattappana |
| Vellappally Alex | Administrator, DARE/Vicar in Charge, Kannampally (on study leave) |
| Kodimarathummoottil Jacob | Director, Hostels, Amal Jyothi College of Engineering |
| Kilirooparambil Thomas | Vicar, Neyyattussery |
| Pynadath Jinto O. Carm. | Vicar, Pampadumpara |
| Chavarapuzha James | Director, Liturgical Department, Master of Ceremony |
| Cherusseril Sebastian | Asst. Manager, Ossanam School, Kattappana |
| Mattathil Scaria | Eparchial Assistant Director, CML |
| Kannalil Thomas | Vicar, Murinjapuzha |
| Marangattu Varghese | Vicar, Kizhekkemattukkatta |
| Kumbukattu Sebastian | Vicar, Alampally (Study, Marian College, Kuttikkanam) |
| Vazhapanady John OFM. Cap. | Vicar, Pulinkatta |
| Thekkel Thomas | Asst. Director, DARE, Peermadu |
| Puthenparambil Mathew | PRO, Eparchy of Kanjirapally |
| Nariparayil Thomas | Asst. Vicar, Anakallu |
| Munduchalil Tony MSFS | Asst. Vicar, Mundakkayam |
| Chalackal Paul CMI | Asst. Vicar, Chengalam |
| Valliparambil George CMI | Asst. Vicar, Kollamula |

**5. Members of the College of Eparchial Consultors**

Rev. Dr. Joseph Vellamattam
Rev. Fr. Boby Alex Mannamplackal
Rev. Dr. Kurian Thamarassery
Rev. Fr. Martin Velliamkulam
Msgr. George Alunkel
Rev. Dr. Mathew Paikatt
Rev. Fr. Augustine Pazheparampil
Rev. Fr. Varghese Parirnthirickal
Rev. Fr. Antony Maniangatt
Rev. Dr. John Panachickal
Rev. Fr. Thomas Mattamundayil
Rev. Dr. Mathew Kallarckal

**6. Members of the Finance Council**

Rev. Dr. Joseph Velllamattam
Rev. Fr. Boby Alex Mannamplackal
Rev. Dr. Kurian Thamarassery
Rev. Fr. Martin Velliamkulam
Rev. Fr. Varghese Parirnthirickal
Rev. Fr. Augustine Pazheparampil
Rev. Fr. Thomas Mattamundayil
Dr. Jose Kallarackal, Kanjirapally
Adv. Chvr. V.C. Sebastian, Podimattam
Mr. Joseph Thenammackal, Mundakayam
Mr. Jose Manuel Vattakkatt, Ponkunnam
Adv. Sony Purayidathil, John Paul Nagar (Secretary)

# കുര്യാക്കോസ് മാത്യു മേപ്പലക്കാട്ട് (കുട്ടിസാർ) അനുസ്മരണം



വിശ്വാസജീവിതപരിശീലനത്തിന് ജീവിതത്തിൽ പ്രഥമ സ്ഥാനം നല്കി 78 വർഷക്കാലം കാഞ്ഞിരപ്പള്ളി രൂപതയുടെ വിശ്വാസപരിശീലനരംഗത്തെ സജീവസാന്നിധ്യമായിരുന്ന കുട്ടിസാർ ഇക്കഴിഞ്ഞ മെയ് 28-ാം തീയതി സ്വർഗ്ഗപിതാവിന്റെ സവിധത്തിലേക്ക് യാത്രയായി. ആനക്കല്ല് ഇടവകയിൽ 1925 ഓഗസ്റ്റ് 1-ാം തീയതി ജനിച്ച് 18-ാം വയസ്സുമുതൽ സൺഡേസ്കൂൾ അധ്യാപകനായി 52 വർഷം പൂർത്തിയാക്കി. തുടർന്ന് 26 വർഷത്തോളം രൂപതാ വിശ്വാസജീവിതപരിശീലനകേന്ദ്രത്തിൽ നിസ്വാർത്ഥമായ ശുശ്രൂഷ ചെയ്തു. മിഴിവുള്ള അക്ഷരങ്ങളോടെ സർട്ടിഫിക്കറ്റുകൾ തയ്യാറാക്കുവാനും റെക്കോർഡുകൾ ചിട്ടയായി എഴുതി ക്രമപ്പെടുത്തുവാനും ബഹു. കുട്ടിസാർ ബദ്ധശ്രദ്ധനായിരുന്നു. മാർ ജോസഫ് പവ്വത്തിൽ, മാർ മാത്യു വട്ടക്കുഴി, മാർ മാത്യു അറയ്ക്കൽ, മാർ ജോസ് പുളിക്കൽ എന്നീ നാലു പിതാക്കന്മാരുടെയും സഹകാരിയും സ്നേഹിതനുമായി രൂപതയിൽ ശുശ്രൂഷ ചെയ്തു. കൃത്യനിഷ്ഠ, അച്ചടക്കം, ലളിതജീവിതം, അധ്വാനശീലം, അർപ്പണബോധം തുടങ്ങിയവ അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. ഹൃദ്യമായ പെരുമാറ്റവും സേവനസന്നദ്ധതയും ആഴമേറിയ പ്രാർത്ഥനാജീവിതവും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്ന് വ്യത്യസ്തനാക്കി.

ശാന്തഗംഭീരമായ പ്രസംഗങ്ങളിലൂടെയും ഉപദേശങ്ങളിലൂടെയും ഉൾക്കാഴ്ചകൾ നിറഞ്ഞ രചനകളിലൂടെയും വശ്യമായി അദ്ദേഹം സംവദിച്ചു. ഉത്തമകുടുംബനാഥനായി പ്രതിസന്ധികളിൽ തളരാതെ എന്നും നിലകൊണ്ട കുട്ടിസാർ പ്രതിഫലം ആഗ്രഹിക്കാതെ ആത്മീയകാര്യങ്ങൾക്കായി ജീവിതം വ്യയം ചെയ്ത വ്യക്തിത്വത്തിനുടമയാണ്. വിശ്വാസപരിശീലനരംഗത്ത് നിസ്തുലമായ സേവനങ്ങൾ കാഴ്ചവയ്ക്കുന്നവർക്ക് കേരളസഭ ഏർപ്പെടുത്തിയിരിക്കുന്ന ഫാ. മാത്യു നടയ്ക്കൽ മെമ്മോറിയൽ മതാധ്യാപക അവാർഡ് 2015-ൽ കുട്ടിസാറിന് സമ്മാനിക്കപ്പെട്ടു. ഡിഫു രൂപതയുടെ മെത്രാനായിരുന്ന ദിവംഗതനായ മാർ മത്തായി കൊച്ചുപറമ്പിലും, മുപ്പതിലധികം വൈദികരും നൂറിലധികം സമർപ്പിതരും, പതിനായിരത്തിലധികം അല്മായരും കുട്ടിസാറിന്റെ ശിഷ്യഗണത്തിലുണ്ട്. സൺഡേ സ്കൂൾ ഒരു ദിവസംപോലും മുടക്കാത്ത കുട്ടിസാർ ആനക്കല്ല് ഇടവകയിൽ പ്രധാനാധ്യാപകൻ, കൈക്കാരൻ, മിഷൻലീഗ് ഓർഗനൈസർ, രൂപതാ ആനിമേഷൻ റ്റീം അംഗം, കുടുംബക്കൂട്ടായ്മാ കൺവീനർ, മലനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലെ ലോക്കൽ കോ-ഓഡിനേറ്റർ എന്നീ നിലകളിലെല്ലാം സജീവപ്രവർത്തനം കാഴ്ചവച്ചിട്ടുണ്ട്. മിഷൻലീഗ് കുഞ്ഞേട്ടനെപ്പോലെ കാഞ്ഞിരപ്പള്ളിക്കായി കാലം കരുതിവച്ച പുണ്യമാണ് കുട്ടിസാർ. മേപ്പലക്കാട്ട് കുട്ടിസാറിന് രൂപതാകുടുംബത്തിന്റെ ആദരാഞ്ജലിയും പ്രാർത്ഥനയും നേരുന്നു.

കുട്ടിസാറിനോടുള്ള ആദരസൂചകമായി രൂപതയിലെ വിശ്വാസപരിശീലകർക്കായി നടത്തപ്പെടുന്ന ക്വിസ് മത്സരത്തിന് ശ്രീ. കുര്യാക്കോസ് മാത്യു മേപ്പലക്കാട്ട് മെമ്മോറിയൽ മതാധ്യാപകക്വിസ് എന്ന് പേരു നല്കുന്നതായി മാർ ജോസ് പുളിക്കൽ പിതാവ് അറിയിച്ചു.



# പൗരോഹിത്യാദ്ധ്യാത്മിക വചനവിചിന്തനങ്ങൾ

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ

## പുരോഹിതൻ: വിശ്വാസത്തിന്റെയും സ്നേഹത്തിന്റെയും ശുശ്രൂഷകൻ

**(തിരുവചനഭാഗം: യാക്കോബ് 2,1–26)**

യാക്കോബ്ശ്ലീഹായുടെ ലേഖനം രണ്ടാമദ്ധ്യായം മുതൽ വിശ്വാസജീവിതത്തിന്റെ പ്രായോഗികമാനങ്ങളാണ് അവതരിപ്പിക്കപ്പെടുന്നത്. രണ്ടാമദ്ധ്യായം പ്രത്യേകമായി എടുത്തുകാണിക്കുന്നത് വിശ്വാസജീവിതം അവശ്യം സ്നേഹജീവിതമാണെന്നുള്ളതാണ്. ഈ അദ്ധ്യായം താഴെക്കാണുംവിധം വിഭജിക്കാം.

1. പക്ഷപാതം കാണിക്കാത്ത സ്നേഹം (2,1–4)
2. സ്നേഹത്തിന്റെ രാജകീയനിയമം പാലിക്കുക (2,5–9)
3. നിയമം മുഴുവനായി പാലിക്കുക (2,10–13)
4. പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം നിർജ്ജീവം (2,14–20)
5. നീതീകരണം വിശ്വാസത്തിലൂടെയും പ്രവൃത്തികളിലൂടെയും (2,21–26)

പുരോഹിതൻ തന്റെ അജപാലനസ്നേഹവും ശുശ്രൂഷയും എപ്രകാരം പ്രായോഗികമാക്കണം എന്നു ചിന്തിക്കുവാൻ ഈ വചനഭാഗം ഉപകരിക്കും.

### 1. പക്ഷപാതം കാണിക്കാത്ത സ്നേഹം

*"എന്റെ സഹോദരരേ മഹത്ത്വപൂർണ്ണനും നമ്മുടെ കർത്താവുമായ ഈശോമിശിഹായിൽ വിശ്വസിക്കുന്ന നിങ്ങൾ പക്ഷപാതം കാണിക്കരുത്"* (2,1).

ഈശോമിശിഹായിലുള്ള വിശ്വാസവും മുഖംനോക്കിയുള്ള വിവേചനാപൂർവമായ പെരുമാറ്റവും ചേർന്നുപോവുകയില്ല എന്ന് യാക്കോബ്ശ്ലീഹാ പഠിപ്പിക്കുന്നു. തിരിച്ചുവ്യത്യാസം കാണിക്കാത്ത ദൈവത്തിലാണു നാം വിശ്വസിക്കുന്നത്. ശിഷ്ടരുടെയും ദുഷ്ടരുടെ യുംമേൽ സൂര്യനെ ഉദിപ്പിക്കുകയും നീതിമാന്മാരുടെയും നീതിരഹി തരുടെയുംമേൽ മഴ പെയ്യിക്കുകയും ചെയ്യുന്ന സ്വർഗ്ഗീയ പിതാവിനു പക്ഷപാതമില്ല (മത്താ 5,45). 'ദൈവം പക്ഷപാതം കാട്ടുന്നില്ലെന്നു സത്യമായും ഞാൻ മനസ്സിലാക്കുന്നു' (ശ്ലീഹ 10,34) എന്നു പത്രോസ്ശ്ലീഹായും, 'അവിടുത്തേക്കു മുഖംനോട്ടമില്ല' (റോമാ 2,11) എന്നു പൗലോസ്ശ്ലീഹായും സാക്ഷിക്കുന്നുണ്ട്. ഈ ദൈവികസവി ശേഷത അവിടുത്തെ പുത്രനിൽ വിശ്വസിക്കുന്നവരും അനുവർത്തി ക്കണമെന്നാണ് യാക്കോബ്ശ്ലീഹാ ഉപദേശിക്കുന്നത്. അപ്പം മുറിക്കാ നായി സമ്മേളിച്ചിരുന്ന സഭാംഗങ്ങളിൽപോലും ഇപ്രകാരമുള്ള തിരി ച്ചുവ്യത്യാസമുണ്ടായിരുന്നു എന്നുവേണം ഈ പരാമർശത്തിൽനിന്നു നമ്മൾ അനുമാനിക്കുവാൻ.

ദൈവമക്കളുടെ സമൂഹമായ, കുടുംബമായ, സഭാംഗങ്ങൾക്ക് ഇത് ഒരുവിധത്തിലും അനുയോജ്യമല്ല. അവർ സഹോദരതുല്യം എല്ലാ വരെയും ഒരുപോലെ പരിഗണിക്കുന്നവരും സ്നേഹകൂട്ടായ്മയിൽ ജീവിക്കേണ്ടവരുമാണ്. പുരോഹിതന്റെ അജപാലനശുശ്രൂഷയുടെ ലക്ഷ്യമായി സഭ എടുത്തുകാണിക്കുന്നതും സഭാസമൂഹത്തെ ഒരു കുടുംബമായി കെട്ടിപ്പടുക്കുക എന്നതാണ്. അതുകൊണ്ടു പുരോ ഹിതർ ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. പക്ഷപാതംകൂടാതെ എല്ലാവരെയും സ്നേഹിക്കുകയും, അപ്രകാരം പരസ്പരം സ്നേഹി ക്കുവാൻ വിശ്വാസികളെ പഠിപ്പിക്കുകയും ചെയ്യണം.

**2. ദരിദ്രരോടുള്ള സ്നേഹം**

*"എന്റെ പ്രിയ സഹോദരരേ ശ്രവിക്കുവിൻ. തന്നെ സ്നേഹി ക്കുന്നവർക്കു വാഗ്ദാനം ചെയ്ത രാജ്യത്തിലെ അവകാശികളും വിശ്വാസത്തിൽ സമ്പന്നരുമായി ദൈവം തിരഞ്ഞെടുത്തത് ലോക ത്തിലെ പാവപ്പെട്ടവരെയല്ലേ? എന്നാൽ, നിങ്ങൾ പാവപ്പെട്ടവനെ അവ*

*മാനിച്ചിരിക്കുന്നു. നിങ്ങളെ പീഡിപ്പിക്കുന്നതു സമ്പന്നരല്ലേ? നിങ്ങളെ ന്യായാസനങ്ങളുടെ മുമ്പിലേക്കു വലിച്ചിഴച്ചുകൊണ്ടുപോകുന്നത് അവരല്ലേ? ... നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന വിശുദ്ധലിഖിതത്തിലെ രാജകീയനിയമം നിങ്ങൾ യഥാർത്ഥത്തിൽ അനുസരിക്കുന്നെങ്കിൽ ഉത്തമമായി പ്രവർത്തിക്കുന്നു"* (2,5-6.8).

പക്ഷപാതം കാണിക്കുന്നവർ ദരിദ്രരെ അവഗണിക്കുന്നു. അത് ഒരിക്കലും പാടില്ല. കാരണം, ദരിദ്രരെയാണ് വിശ്വാസത്തിൽ സമ്പന്നരും ദൈവം വാഗ്ദാനം ചെയ്തിരിക്കുന്ന ദൈവരാജ്യത്തിന് അവകാശികളുമാകാൻ അവിടുന്നു തിരഞ്ഞെടുത്തിരിക്കുന്നത്. "ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു" എന്നാണല്ലോ ഈശോ തന്റെ പരസ്യജീവിതാരംഭത്തിൽ പ്രഖ്യാപിച്ചത് (ലൂക്കാ 4,18). അതുപോലെതന്നെ "അവൻ തന്റെ ശിഷ്യരുടെനേരെ കണ്ണുകളുയർത്തി അരുളിച്ചെയ്തു: ദരിദ്രരേ, നിങ്ങൾ ഭാഗ്യവാന്മാർ; ദൈവരാജ്യം നിങ്ങളുടേതാണ്" (ലൂക്കാ 6,20). ഇപ്രകാരം ദൈവം തിരഞ്ഞെടുത്തവരെ അവഗണിക്കുന്നതിനു തുല്യമാണ് പക്ഷപാതം കാണിക്കുന്നത്. പഴയനിയമത്തിൽ ലേവ്യരുടെ പുസ്തകത്തിൽ ആരോടും പ്രത്യേക പരിഗണന കാണിക്കാതിരിക്കാനുള്ള കല്പനയും അയൽക്കാരനെ സ്നേഹിക്കാനുള്ള കല്പനയും അടുത്തടുത്താണ് നല്കിയിരിക്കുന്നത് (ലേവ്യ 19,15-18)

പരസ്പരസ്നേഹത്തിന്റെ കല്പനയാണല്ലോ സഭാസമൂഹത്തിന്റെ മുഖമുദ്രയായി ഈശോ നല്കിയിരിക്കുന്നത്: "ഞാൻ പുതിയൊരു കല്പന നിങ്ങൾക്കു നല്കുന്നു. നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ. ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ. നിങ്ങൾക്കു പരസ്പരം സ്നേഹമുണ്ടെങ്കിൽ നിങ്ങൾ എന്റെ ശിഷ്യന്മാരാണെന്ന് അതുമൂലം എല്ലാവരും അറിയും" (യോഹ 13,34-35). പഴയനിയമത്തിൽ "അയൽക്കാരനെ സ്നേഹിക്കുക" എന്നായിരുന്നത് പുതിയനിയമത്തിൽ "പരസ്പരം സ്നേഹിക്കുക" എന്നാക്കിയിരിക്കുന്നത് പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒന്നാ

ണ്. സഭാസമൂഹത്തിൽ പ്രായോഗികമാക്കേണ്ട സ്നേഹമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്. മാത്രമല്ല, ഈശോ സ്നേഹിച്ചതുപോലെ സ്നേഹിക്കണമെന്നും പറഞ്ഞിട്ടുണ്ട്. ഈശോ തിരിച്ചുവ്യത്യാസമി ല്ലാതെ എല്ലാ മനുഷ്യരെയും സ്നേഹിച്ചു. അതുപോലെ നമ്മുടെ സ്നേഹവും പക്ഷപാതമില്ലാത്തതായിരിക്കണം എന്നാണ് യാക്കോ ബ്ശ്ലീഹാ ഇവിടെ എടുത്തുപറയുന്നത്. ഇപ്രകാരം സ്നേഹിക്കുവാൻ സഭാംഗങ്ങളായ 'ദൈവത്തിന്റെ ദരിദ്രരെ' പരിശീലിപ്പിക്കുവാനുള്ള ശുശ്രൂഷയാണ് പുരോഹിതശുശ്രൂഷ. അതുകൊണ്ട് പരിശീലകനായ പുരോഹിതനും ഇപ്രകാരം 'ദൈവത്തിന്റെ ദരിദ്രരായ' ഇടവകജന ങ്ങളെ മുഴുവൻ സ്നേഹിക്കുന്നവനാകണം.

**3. സ്വാതന്ത്ര്യത്തിന്റെ നിയമമാകുന്ന സ്നേഹം**

"*സ്വാതന്ത്രത്തിന്റെ നിയമമനുസരിച്ചു വിധിക്കപ്പെടാനുള്ളവരെ പ്പോലെ നിങ്ങൾ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ. കാരുണ്യം കാണിക്കാത്തവന്റെമേൽ കാരുണ്യരഹിതമായ വിധിയു ണ്ടാകും. എങ്കിലും കാരുണ്യം വിധിയുടെമേൽ വിജയംവരിക്കുന്നു.*" (2,12-13).

അന്ത്യവിധിയെക്കുറിച്ചുള്ള ചിന്തയായിരിക്കണം ക്രൈസ്ത വന്റെ പ്രവർത്തനങ്ങൾക്കെല്ലാം അടിസ്ഥാനം. അതുകൊണ്ടാണ്, "സ്വാതന്ത്ര്യത്തിന്റെ നിയമം അനുസരിച്ച് വിധിക്കപ്പെടാനുള്ളവരെ പ്പോലെ നിങ്ങൾ സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുവിൻ" എന്ന് യാക്കോബ്ശ്ലീഹാ എഴുതുന്നത്. കാരുണ്യം കാണിക്കുകയാണ് ദൈവത്തിന്റെ കരുണ ലഭിക്കാനുള്ള മാർഗ്ഗം. കാരണം, കാരുണ്യം വിധിയുടെമേൽ വിജയംവരിക്കുന്നു. അന്ത്യവിധിയുടെ മാനദണ്ഡ മായി ഈശോ എടുത്തുകാണിക്കുന്നത് കരുണയുള്ള സ്നേഹമാ ണല്ലോ. "സത്യമായി ഞാൻ നിങ്ങളോടു പറയുന്നു, എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊ ടുത്തപ്പോൾ എനിക്കുതന്നെയാണ് ചെയ്തുതന്നത്" (മത്താ 25,40). അതുകൊണ്ട് ക്രൈസ്തവന്റെ ജീവിതലക്ഷ്യമായ സ്വർഗ്ഗം അവകാ ശപ്പെടുത്തുവാനുള്ള ഏകമാർഗ്ഗം കരുണയുള്ള സ്നേഹമാണ്.

ഈ കരുണയുള്ള സ്നേഹത്തെ യാക്കോബ്ശ്ലീഹാ വിശേഷിപ്പിക്കുന്നത് 'സ്വാതന്ത്ര്യത്തിന്റെ നിയമ'മെന്നാണ്. സ്വാതന്ത്ര്യത്തിന്റെ നിയമത്തെപ്പറ്റി വി. പൗലോസ്ശ്ലീഹാ എടുത്തുപറയുന്നുണ്ട്. പരസ്പരസ്നേഹത്തിന്റെ നിയമത്തെയാണ് 'സ്വാതന്ത്ര്യത്തിന്റെ നിയമ'മെന്ന് പൗലോസ്ശ്ലീഹാ വിശേഷിപ്പിക്കുന്നത്: "സഹോദരരേ, സ്വാതന്ത്ര്യത്തിലേക്കാണ് നിങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നത്; ഭൗതികസുഖത്തിനുള്ള സ്വാതന്ത്ര്യമായി അതിനെ ഗണിക്കരുതെന്നുമാത്രം. പ്രത്യുത, സ്നേഹത്തോടുകൂടെ ദാസരെപ്പോലെ പരസ്പരം സേവിക്കുവിൻ. എന്തെന്നാൽ നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക എന്ന ഒരേ കല്പനയിൽ നിയമം മുഴുവനും അടങ്ങിയിരിക്കുന്നു" (ഗലാ 5,13-14). ദൈവമക്കൾക്കടുത്ത സാഹോദര്യത്തിൽ പരസ്പരം സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ ക്രിസ്തീയ സ്വാതന്ത്ര്യം. ഈ സ്വാതന്ത്ര്യത്തിന്റെ നിയമമാകുന്ന പരസ്പരസ്നേഹവും ശുശ്രൂഷയും നിർവഹിക്കുന്നവരായിത്തീരുവാൻ പുരോഹിതരായ നാം പരിശ്രമിക്കണം; നമ്മുടെ ശുശ്രൂഷയ്ക്കായി ലഭിക്കുന്ന സഭാമക്കളെ അപ്രകാരം പരസ്പരസ്നേഹശുശ്രൂഷ നിർവഹിക്കുവാൻ പരിശീലിപ്പിക്കുകയും ചെയ്യണം.

### 4. പ്രവൃത്തികളിൽ പ്രായോഗികമാകുന്ന വിശ്വാസം

*"എന്റെ സഹോദരരേ, വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവന് എന്തു മേന്മയാണുള്ളത്? ഈ വിശ്വാസത്തിന് അവനെ രക്ഷിക്കാൻ കഴിയുമോ? ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ കഴിയുമ്പോൾ നിങ്ങളിലാരെങ്കിലും ശരീരത്തിനാവശ്യമായത് അവർക്കു കൊടുക്കാതെ, സമാധാനത്തിൽ പോവുക; തീ കായുക; വിശപ്പടക്കുക എന്നൊക്കെ അവരോടു പറയുന്നെങ്കിൽ അതുകൊണ്ട് എന്തു പ്രയോജനം? പ്രവൃത്തികൾ കൂടാതെയുള്ള വിശ്വാസം അതിൽത്തന്നെ നിർജീവമാണ്"* (2,14-17).

അനുദിനജീവിതത്തിൽ പ്രതിഫലിക്കാത്ത വിശ്വാസം ജീവനില്ലാത്തതാണ്. ഒരു സഹോദരനോ സഹോദരിയോ ആവശ്യത്തിനു

ഭക്ഷണമോ വസ്ത്രമോ ഇല്ലാതെ കഴിയുമ്പോൾ ശരീരത്തിനാവശ്യ മായതു നല്കാതെ എന്തു പുണ്യം പ്രസംഗിച്ചാലും ഫലമൊന്നുമി ല്ല. വിശ്വാസമുണ്ടെന്നു പറയുകയും അതിനനുസൃതമായ പ്രവൃത്തി ഇല്ലാതിരിക്കുകയും ചെയ്യുന്നവരുടെ വിശ്വാസം യഥാർത്ഥ വിശ്വാ സമല്ല. ശരീരത്തിനു ജീവനെന്നതുപോലെയാണ് വിശ്വാസത്തിനു പ്രവൃത്തി. വിശ്വാസത്തിൽനിന്നുയിർക്കൊള്ളുന്ന പ്രവൃത്തികളാണ് ഒരുവനെ രക്ഷയ്ക്കർഹനാക്കുന്നത് എന്ന യാക്കോബ്ശ്ലീഹാ അബ്രാ ഹത്തിന്റെയും റാഹാബിന്റെയും ചരിത്രം അനുസ്മരിപ്പിച്ചുകൊണ്ട് സ്ഥിരീകരിക്കുന്നു (2,21-25). സ്വഭാവത്തെയും മനോഭാവങ്ങളെയും പ്രവർത്തനരീതികളെയും സ്വാധീനിക്കാത്ത വിശ്വാസം ആ പേരിനു തന്നെ ഉതകുന്നതല്ല. അത്തരത്തിലുള്ള വിശ്വാസം പിശാചുക്കൾക്കു പോലുമുണ്ടെന്ന് യാക്കോബ്ശ്ലീഹാ പറയുന്നു (2,19).

ഇന്ന് സഭാംഗങ്ങളിൽ പലരിലും പ്രവൃത്തികളിൽ പ്രതിഫലി ക്കാത്ത വിശ്വാസമാണ് കാണപ്പെടുന്നത്. മതപരമായ ആചാരങ്ങ ളിലും അനുഷ്ഠാനങ്ങളിലും ഒതുങ്ങിനില്ക്കുന്ന ഒരു വിശ്വാസമാണ് പലപ്പോഴും കാണപ്പെടുന്നത്. അവയൊക്കെ ചെയ്യുന്നതുതന്നെ ഈ ലോകത്തിലെ ആവശ്യങ്ങൾ സാധിക്കുന്നതിനുള്ള ഉപാധികളായി മാത്രം കണ്ടുകൊണ്ടുമാണ്. സഭ വെറുമൊരു മതമല്ല, പ്രത്യുത പിതാ വായ ദൈവത്തിന്റെ മക്കളുടെ ഒരു കുടുംബമാണ് എന്ന വസ്തുത വിസ്മരിക്കപ്പെടുന്നു. സ്വർഗ്ഗീയപിതാവിന്റെ മക്കൾക്കടുത്ത പിതൃപു ത്രബന്ധത്തിലും സാഹോദര്യത്തിലും നവീകരിക്കപ്പെടുന്നതിനുള്ള ഉപാധികളായി സഭാജീവിതത്തിലുള്ള പരിശുദ്ധ കുർബാനയും കൂദാ ശകളും പ്രാർത്ഥനകളുമൊക്കെ കാണുവാൻ പലർക്കും കഴിയാതെ പോകുന്നു. അതുകൊണ്ട് ആ വിധത്തിലുള്ള ഒരു വിശ്വാസപരിശീ ലനം നല്കുവാൻ സഭാശുശ്രൂഷകരായ പുരോഹിതർക്കു കഴിയണം. അപ്രകാരം അനുദിനജീവിതത്തിൽ പ്രാവർത്തികമാകുന്ന വിശ്വാസം ജീവിക്കുന്നവരുടെ സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ സഭാ ശുശ്രൂഷകർക്കു കഴിയണം. അപ്രകാരം ജീവിക്കുവാൻ സഭാംഗ ങ്ങൾക്കും കഴിയേണ്ടിരിക്കുന്നു.

**5. വിശുദ്ധീകരണത്തിനുതകുന്ന വിശ്വാസം**

*“നമ്മുടെ പിതാവായ അബ്രാഹം നീതീകരിക്കപ്പെട്ടത് തന്റെ പുത്രനായ ഇസഹാക്കിനെ യാഗപീഠത്തിൻമേൽ ബലിയർപ്പിച്ചതു വഴിയല്ലേ? അവന്റെ വിശ്വാസം അവന്റെ പ്രവൃത്തികളെ സഹായിച്ചുവെന്നും വിശ്വാസം പ്രവൃത്തികളാൽ പൂർണമാക്കപ്പെട്ടുവെന്നും നിങ്ങൾ അറിയുന്നുവല്ലോ. അബ്രാഹം ദൈവത്തിൽ വിശ്വസിച്ചു. അത് അവന് നീതിയായി പരിഗണിക്കപ്പെട്ടു എന്ന തിരുവെഴുത്തു നിറവേറി. അവൻ ദൈവത്തിന്റെ സ്നേഹിതൻ എന്നു വിളിക്കപ്പെടുകയും ചെയ്തു. മനുഷ്യൻ വിശ്വാസംകൊണ്ടു മാത്രമല്ല പ്രവൃത്തികളാലുമാണു നീതികരിക്കപ്പെടുന്നതെന്നു നിങ്ങൾ അറിയുന്നു”* (2,21 –24).

അബ്രാഹം നീതീകരിക്കപ്പെട്ടത് അഥവാ വിശുദ്ധീകരിക്കപ്പെട്ടത് തന്റെ പുത്രനായ ഇസഹാക്കിനെ യാഗപീഠത്തിന്മേൽ ബലിയർപ്പിക്കാൻ തയ്യാറായ പ്രവൃത്തിവഴിയാണ് (ഉല്പ 22,1–14). ഇപ്രകാരം പ്രവർത്തിക്കാൻ അബ്രാഹത്തെ ശക്തനാക്കിയത് അദ്ദേഹത്തിനു ദൈവത്തിലുണ്ടായിരുന്ന വിശ്വാസമാണ്. തന്നെ തിരഞ്ഞെടുത്തു വിളിച്ച ദൈവം വിശ്വസ്തനാണെന്ന ഉറച്ച ബോദ്ധ്യവും, തനിക്കുള്ളതെല്ലാം –ഏകപുത്രൻതന്നെയും– ദൈവത്തിന്റെ ദാനമാണെന്നും, ഇവയുടെമേൽ ദൈവത്തിനാണു പരമാധികാരം എന്നുമുള്ള അംഗീകരിക്കലായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ കാതൽ. ദൈവത്തിന്റെ നിർദ്ദേശപ്രകാരം തന്റെ ഏകജാതനെപ്പോലും ദൈവത്തിനു ബലിയർപ്പിക്കാൻ അബ്രാഹം തയ്യാറായി. ഇസഹാക്കിനെ ബലിയർപ്പിക്കാൻ പ്രദർശിപ്പിച്ച സന്നദ്ധതയിൽ പ്രകടമായ അനുസരണമായിരുന്നു അദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ പ്രകാശനമായ പ്രവൃത്തി. ഇപ്രകാരമുള്ള പ്രവൃത്തികളാണ് നമ്മുടെ വിശുദ്ധീകരണത്തിന് ആവശ്യമായിട്ടുള്ളത്.

പൗലോസ്ശ്ലീഹാ തന്റെ ശ്ലൈഹികസ്ഥാനത്തിന്റെയും സുവിശേഷപ്രഘോഷണമാകുന്ന ശ്ലൈഹികദൗത്യത്തിന്റെയും ആത്യന്തികലക്ഷ്യമായി എടുത്തുപറയുന്നത് വിശ്വാസത്തിന്റെ അനുസരണ

മാണ്: "അവന്റെ നാമത്തെപ്രതി, വിശ്വാസത്തിന്റെ വിധേയത്വം സകല ജാതികളുടെയിടയിലും ഉളവാകേണ്ടതിന് ഞങ്ങൾ കൃപയും ശ്ലൈഹികസ്ഥാനവും പ്രാപിച്ചിരിക്കുന്നു" (റോമാ 1,5). ദൈവഹിതത്തിന് അനുസൃതമായ ജീവിതവും പ്രവൃത്തികളുമാണ് വിശ്വാസത്തെ ദൈവത്തിനു സ്വീകാര്യമാക്കുന്നത്. അപ്രകാരമുള്ള ജീവിതം നയിക്കുവാൻ അജഗണങ്ങളെ പ്രാപ്തരാക്കുന്നതാണ് ശരിയായ വിശ്വാസപരിശീലനം. വിശ്വാസപരിശീലകരായ പുരോഹിതർക്ക് അപ്രകാരം വിശ്വാസജീവിതം നയിക്കുവാൻ സാധിക്കണം. ഇടവകജനങ്ങൾക്ക് അപ്രകാരം വിശ്വാസജീവിതം നയിക്കുവാനുള്ള പരിശീലനം നല്കുകയും വേണം.

**ജീവിതസൂചിക**

1. പക്ഷപാതം കാണിക്കാതെ എല്ലാവരെയും ഒരുപോലെ സ്നേഹിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
2. ഇടവകജനങ്ങളെയെല്ലാം ഒരുപോലെ സ്നേഹിക്കുവാനും അപ്രകാരം സ്നേഹിക്കുവാൻ അവരെ പഠിപ്പിക്കുവാനും ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
3. ദൈവമക്കൾക്കടുത്ത സ്വാതന്ത്ര്യത്തിന്റെ നിയമമായ സ്നേഹത്തിന്റെ ശുശ്രൂഷകനാകാൻ ഞാൻ എങ്ങനെ പരിശ്രമിക്കണം?
4. വിശ്വാസത്തിനനുസൃതമായ പ്രവൃത്തികളിൽ പ്രായോഗികമാകുന്ന ഒരു വിശ്വാസമാണോ എന്റേത്?
5. വിശുദ്ധീകരണത്തിനുപകരിക്കുന്ന വിശ്വാസത്തിന്റെ അനുസരണാജീവിതം നയിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. സണ്ണി മണിയാക്കുപാറ | 45,001/- |
| റവ. ഫാ. അബ്രാഹം തൊമ്മിക്കാട്ടിൽ | 10,000/- |

**ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ**
**(പ്രസിഡന്റ്)**

---

## സ്നേഹസ്മരണയ്ക്ക്



റവ. ഫാ. മാത്യു കാപ്പുകാട്ട്
19-07-1990



റവ. ഫാ. ജോൺ കുന്നപ്പള്ളി
11-07-1993



റവ. ഫാ. ഫിലിപ്പ് പരുവനാനി
07-07-2012



റവ. ഫാ. ജോർജ് കോലത്ത്
24-07-2003

# അജപാലനോത്തേജന വിഭാഗം

**ജീവൻ ദശാംശം 2020**

ആദിമസഭയുടെ ചൈതന്യത്തിൽ തങ്ങൾക്കുള്ളതെല്ലാം പങ്കുവയ്ക്കുകയും സഹോദരങ്ങൾക്കാശ്വാസമാകുകയും ചെയ്യുന്ന ജീവൻ പദ്ധതിയിൽ 124 ഇടവകകളിൽ നിന്നായി 10,107,703/- രൂപ ലഭിച്ചു. ജീവൻ ദശാംശവിതരണക്കമ്മറ്റി യോഗം 2020 ജൂൺ 12-ാം തീയതി അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. തീരുമാനങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു.

- ജീവൻ ദശാംശപദ്ധതിക്ക് നമ്മുടെ രൂപതയിലെ എല്ലാ വൈദികരും കൈക്കാരന്മാരും കുടുംബക്കൂട്ടായ്മ ഭാരവാഹികളും നേതൃത്വം നല്കുന്നതിനും ദൈവജനത്തിന്റെ ആവേശപൂർവ്വമായ പങ്കാളിത്തത്തിനും അഭിനന്ദനവും കൃതജ്ഞതയും അറിയിച്ചു. ആരും മാറിനില്ക്കാതെ എല്ലാ ഇടവകകളുടെയും സജീവസഹകരണം ലഭിച്ചിട്ടുണ്ടെങ്കിലും ചില ഇടവകകൾക്ക് കോവിഡ് 19 വ്യാപനസാഹചര്യത്തിൽ ദശാംശശേഖരണം പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.
- ജീവകാരുണ്യപ്രവർത്തനങ്ങൾക്കായി സമാഹരിക്കുന്ന തുക പ്രസ്തുത ഉദ്ദേശ്യത്തിൽ മാത്രം ചെലവഴിക്കുന്നതിന് ബഹുമാനപ്പെട്ട വികാരിയച്ചന്മാർ ശ്രദ്ധിക്കുന്നതിനാൽ ദശാംശശേഖരണ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തിയാക്കുവാൻ സാധിക്കുന്നുവെന്ന് അഭിപ്രായപ്പെട്ടു. ഇതിന് നമ്മുടെ രൂപതയിലെ എല്ലാ ബഹുമാനപ്പെട്ട വൈദികരും കൈക്കാരന്മാരും കുടുംബക്കൂട്ടായ്മ ഭാരവാഹികളും പ്രത്യേകം അഭിനന്ദനമർഹിക്കുന്നു.

- ദശാംശശേഖരണം ക്രിസ്തുമസിനോടനുബന്ധിച്ച് പൂർത്തിയാക്കു ന്നതിനും മാർച്ച് 31-ന് മുൻപുതന്നെ ശേഖരിച്ച തുക ഓഫീസിൽ എത്തിക്കുന്നതിനും സഹകരിക്കണമെന്നഭ്യർത്ഥിക്കുന്നു. ദശാംശശേഖരണം നീണ്ടു പോകുന്നതിൽ കമ്മറ്റി ഉത്കണ്ഠ രേഖപ്പെടുത്തി.
- മാർച്ച് 31 ന് മുൻപ് എല്ലാ ഇടവകകളുടെയും തുക ഓഫീസിലെത്തിക്കുവാൻ കഴിഞ്ഞെങ്കിൽ മാത്രമാണ് ദശാംശവിതരണത്തിന്റെ കൃത്യവും നീതിപൂർവകവുമായ വിതരണം സാധ്യമാകുക. ഇത് നീണ്ടുപോകുന്നതിനനുസരിച്ച് അർഹതപ്പെട്ടവർക്ക് ഇത് ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായും അഭിപ്രായപ്പെട്ടു.
- അർഹതപ്പെട്ട കരങ്ങളിൽ ജീവകാരുണ്യസഹായം എത്രയും വേഗം എത്തിക്കേണ്ടതുള്ളതിനാൽ ക്രിസ്തുമസിനോടനുബന്ധിച്ച് ദശാംശശേഖരണം പൂർത്തിയാക്കുന്നതിന് വരുന്നവർഷം എല്ലാവരും തീർച്ചയായും സഹകരിക്കുമെന്ന് കമ്മിറ്റി പ്രതീക്ഷ പ്രകടിപ്പിച്ചു.
- ആകെ തുകയുടെ വിതരണം താഴെ പറയുന്ന പ്രകാരമാണ്.
- ഇടവകകൾ : 75%
  അഭിവന്ദ്യപിതാവിന്റെ അടിയന്തിരസഹായനിധി : 5%
  ജീവൻപദ്ധതി പ്രവർത്തനനിധി : 5%
  അടിയന്തിര സഹായമർഹിക്കുന്ന ഇടവകകൾക്കുള്ളത് : 5.5%
  പാസ്റ്ററൽ ആനിമേഷൻ പ്രവർത്തനങ്ങൾ : 4.5%
  വൈദികക്ഷേമം : 5%

**അജപാലന ഡിപ്പാർട്ട്മെന്റുകൾക്കുള്ള വിഹിതം**

| | |
|---|---|
| കെ.സി.എസ്.എൽ | : 50,000/- |
| ഡി.സി.എം.എസ്. | : 30,000/- |
| മാതൃവേദി | : 50,000/- |
| മീഡിയ & കമ്മ്യൂണിക്കേഷൻ | : 100,000/- |

| | | |
|---|---|---|
| സാരഥി, കേരള ലേബർ മൂവ്മെന്റ് | : | 20,000/- |
| കരിസ്മാറ്റിക് നവീകരണം | : | 20,000/- |
| ലിറ്റർജി ഡിപ്പാർട്ട്മെന്റ് | : | 25,000/- |
| ഡെയർ, പീരുമേട് | : | 75,000/- |
| എസ്.എം.വൈ.എം. യുവദീപ്തി | : | 200,000/- |
| | | **570,000/-** |

**ദശാംശവിതരണം : ഇടവകകൾ**

ഇടവകകൾക്കുള്ള ദശാംശവിഹിതം ഇടവകകളുടെ ബാങ്ക് അക്കൗണ്ടിലേക്ക് 23 ജൂൺ മുതൽ ട്രാൻസ്ഫർ ചെയ്തുവരുന്നു. ഇടവകയുടെ ദശാംശം ട്രാൻസ്ഫർ ചെയ്യേണ്ട വിശദാംശങ്ങൾ ഇനിയും ഉറപ്പുവരുത്തുവാനുണ്ടെങ്കിൽ എത്രയും വേഗം അറിയിക്കുമല്ലോ.

**ജീവകാരുണ്യ റിപ്പോർട്ട് ഫോറം**

ഇപ്പോൾ നിലനിൽക്കുന്ന പ്രത്യേക സാഹചര്യത്തിൽ റിപ്പോർട്ട് ഫോം കൈപ്പറ്റാതെ തന്നെ ഇടവകയുടെ അക്കൗണ്ടിലേക്ക് ജീവൻ ദശാംശവിഹിതം ട്രാൻസ്ഫർ ചെയ്യുകയാണല്ലോ. അതിനാൽ ജീവകാരുണ്യ റിപ്പോർട്ട് ഫോറം ഇനിയും നല്കുവാനുള്ള ഇടവകകൾ അത് എത്രയും വേഗം നല്കുമല്ലോ.

**സന്ദർശനങ്ങൾ**

അണക്കര, മുണ്ടിയെരുമ, കുമളി ഫൊറോനകളിലെ ബഹുമാനപ്പെട്ട വൈദികരെ സന്ദർശിക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തു. എല്ലാ വൈദികരും കാട്ടിയ പരിഗണനയും സ്നേഹവും ഹൃദ്യമായ അനുഭവമായിരുന്നു.

# Diocese of Kanjirapally
## Tithe collection & Distribution (2020)
## Forane wise

| Name of Church | Collection | Preliminary Allocation | Proportional Share | Grand total of Allocation |
|---|---|---|---|---|
| **Anakkara Forane** | | | | |
| Anakkara | - | - | | |
| Chakkupallam | 65,690 | 17,000 | 30,611 | 47,611 |
| Chellarcoil | 88,220 | 17,000 | 44,775 | 61,775 |
| Cumbummettu | - | - | - | - |
| Greenvalley | 20,870 | 17,000 | 2,433 | 19,433 |
| Karunapuram | 64,275 | 17,000 | 29,721 | 46,721 |
| Kochera | - | - | - | - |
| Kuzhitholu | 105,580 | 17,000 | 55,689 | 72,689 |
| Nettithozhu | 163,435 | 17,000 | 92,062 | 109,062 |
| Puttady | 156,900 | 17,000 | 87,953 | 104,953 |
| Vandanmedu | | | - | - |
| **Erumely Forane** | | | | |
| Angelvalley | 27,200 | 17,000 | 6,413 | 23,413 |
| Arayanjilimannu | 10,665 | 12,000 | - | 12,000 |
| Elivalikkara | 24,730 | 17,000 | 4,860 | 21,860 |
| Erumely | 206,020 | 17,000 | 118,835 | 135,835 |
| Eruthuapuzha | 27,750 | 17,000 | 6,758 | 23,758 |
| Kanamala | 41,740 | 17,000 | 15,554 | 32,554 |
| Kannimala | 91,995 | 17,000 | 47,148 | 64,148 |
| Kollamula | 186,140 | 17,000 | 106,336 | 123,336 |
| Kurumpanmuzhy | 31,175 | 17,000 | 8,912 | 25,912 |
| Manipuzha | 76,200 | 17,000 | 37,218 | 54,218 |
| Mukkoottuthara | | | - | - |
| Niravu | 27,600 | 17,000 | 6,664 | 23,664 |
| Panapilavu | 35,910 | 17,000 | 11,888 | 28,888 |
| Pazhaya Koratty | 29,545 | 17,000 | 7,887 | 24,887 |
| Thulappally | 29,845 | 17,000 | 8,075 | 25,075 |
| Umikkuppa | 33,900 | 17,000 | 10,625 | 27,625 |
| Vechoochira | 85,605 | 17,000 | 43,131 | 60,131 |

| | | | | |
|---|---|---|---|---|
| **Kanjirapally Forane** | | | | |
| Anakkal | 435,120 | 17,000 | 262,867 | 279,867 |
| Anchilippa | 131,475 | 17,000 | 71,969 | 88,969 |
| Cheruvally | 83,355 | 17,000 | 41,717 | 58,717 |
| Kanjirapally | | | - | - |
| Kappadu | | | - | - |
| Karikkattoor | 43,960 | 17,000 | 16,949 | 33,949 |
| Koovappally | | | - | - |
| KorattyPuthenpalli | 142,561 | 17,000 | 78,939 | 95,939 |
| Kunnumbhagam | | | - | - |
| Pazhayidom | 70,630 | 17,000 | 33,717 | 50,717 |
| Thamarakunnu | 247,765 | 17,000 | 145,079 | 162,079 |
| Thampalackadu | 44,865 | 17,000 | 17,518 | 34,518 |
| Tharakanattukunnu | 51,850 | 17,000 | 21,910 | 38,910 |
| **Kattappana Forane** | | | | |
| Grace Mount | 24,740 | 17,000 | 4,866 | 21,866 |
| Grace Valley | 14,140 | 17,000 | - | 17,000 |
| Kalthotty | | | - | - |
| Kanchiyar | | | - | - |
| Kattappana | 620,290 | 17,000 | 379,281 | 396,281 |
| Kochuthovala | 62,415 | 17,000 | 28,552 | 45,552 |
| Marykulam | 239,060 | 17,000 | 139,607 | 156,607 |
| Meppara | 20,685 | 17,000 | 2,317 | 19,317 |
| Mettukuzhi | 4,990 | 12,000 | - | 12,000 |
| Nariampara | 35,500 | 17,000 | 11,631 | 28,631 |
| Swaraj | 30,355 | 17,000 | 8,396 | 25,396 |
| Valiyathovala | 90,140 | 17,000 | 45,982 | 62,982 |
| Vallakkadavu | 30,290 | 17,000 | 8,355 | 25,355 |
| **Kumily Forane** | | | | |
| Amaravathy | 101,655 | 17,000 | 53,222 | 70,222 |
| Anavilasam | 85,500 | 17,000 | 43,065 | 60,065 |
| Keerikara | 46,750 | 17,000 | 18,703 | 35,703 |
| Kumily | 167,172 | 17,000 | 94,411 | 111,411 |
| Mlamala | 51,400 | 17,000 | 21,627 | 38,627 |
| Nazranipuram | 174,531 | 17,000 | 99,038 | 116,038 |
| Periyar Vallakadavu | 62,670 | 17,000 | 28,712 | 45,712 |
| Santhigiri | 23,100 | 17,000 | 3,835 | 20,835 |
| Vellaramkunnu | | | - | - |
| Wallardie | 108,435 | 17,000 | 57,484 | 74,484 |

| | | | | |
|---|---|---|---|---|
| **Mundakayam Forane** | | | | |
| Koruthodu | 117,266 | 17,000 | 63,036 | 80,036 |
| Madukka | 43,740 | 17,000 | 16,811 | 33,811 |
| Mangapetta | | | - | - |
| Mukkulam | | | - | - |
| Mulamkunnu | 18,575 | 17,000 | 990 | 17,990 |
| Mundakayam | 324,041 | 17,000 | 193,033 | 210,033 |
| Nirmalagiri | 33,870 | 17,000 | 10,606 | 27,606 |
| Paloorkkavu | | | - | - |
| Punchavayal | 74,380 | 17,000 | 36,074 | 53,074 |
| Thekkemala | 38,780 | 17,000 | 13,693 | 30,693 |
| Vadakkemala | 7,850 | 12,000 | - | 12,000 |
| Vandanpathal | 109,810 | 17,000 | 58,349 | 75,349 |
| Yendayar | | | - | - |
| **Mundiyeruma Forane** | | | | |
| Aniyartholu | 12,800 | 17,000 | - | 17,000 |
| Chembalam | 93,000 | 17,000 | 47,780 | 64,780 |
| Chottupara | 11,850 | 12,000 | - | 12,000 |
| Mundiyeruma | 62,625 | 17,000 | 28,684 | 45,684 |
| Nirmalapuram | | | - | - |
| Pampadumpara | 13,360 | 17,000 | - | 17,000 |
| Pulianmala | 91,045 | 17,000 | 46,551 | 63,551 |
| Ramakkalmedu | 72,915 | 17,000 | 35,153 | 52,153 |
| Sanyasiyoda | 9,890 | 12,000 | - | 12,000 |
| Third Camp | 55,000 | 17,000 | 23,890 | 40,890 |
| **Pathanamthitta Forane** | | | | |
| Cheenkalthadam | 11,000 | 12,000 | - | 12,000 |
| Konni | 36,550 | 17,000 | 12,291 | 29,291 |
| Koothattukulam | 9,320 | 12,000 | - | 12,000 |
| Kozhancherry | 61,150 | 17,000 | 27,757 | 44,757 |
| Meenkuzhy | 17,790 | 17,000 | 497 | 17,497 |
| Pathanamthitta | 91,480 | 17,000 | 46,825 | 63,825 |
| Pezhumpara | 45,250 | 17,000 | 17,760 | 34,760 |
| Seethathodu | 24,050 | 17,000 | 4,432 | 21,432 |
| Vakayar | 9,350 | 12,000 | - | 12,000 |

| | | | | |
|---|---|---|---|---|
| **Peruvanthanam Forane** | | | | |
| Amalagiri | 27,870 | 17,000 | 6,834 | 23,834 |
| Azhangad | 11,410 | 12,000 | - | 12,000 |
| Cheruvallikulam | | | - | - |
| Christunagar | 20,300 | 17,000 | 2,075 | 19,075 |
| Elappara | 67,050 | 17,000 | 31,466 | 48,466 |
| Kanayankavayal | 49,185 | 17,000 | 20,234 | 37,234 |
| Meloram | 17,080 | 17,000 | 50 | 17,050 |
| Nallathanny | 9,000 | 12,000 | - | 12,000 |
| Peermade | 75,500 | 17,000 | 36,778 | 53,778 |
| Peruvanthanam | 71,620 | 17,000 | 34,339 | 51,339 |
| Purakkayam | | | - | - |
| Kuttikkanam | | | - | - |
| **Ponkunnam Forane** | | | | |
| Anickadu | 398,760 | 17,000 | 240,008 | 257,008 |
| Chamampathal | | | - | - |
| Chengalam | 109,185 | 17,000 | 57,956 | 74,956 |
| Chenkal | 105,500 | 17,000 | 55,639 | 72,639 |
| Chennakkunnu | 32,900 | 17,000 | 9,996 | 26,996 |
| Elamgulam | 234,460 | 17,000 | 136,715 | 153,715 |
| Elangoi | | | - | - |
| Elikkulam | 108,570 | 17,000 | 57,569 | 74,569 |
| Neyyattuserry | 65,000 | 17,000 | 30,177 | 47,177 |
| Padanilam | 14,930 | 17,000 | - | 17,000 |
| Ponkunnam | 420,317 | 17,000 | 253,561 | 270,561 |
| Pullanithakidy | 46,930 | 17,000 | 18,817 | 35,817 |
| Thachapuzha | 85,560 | 17,000 | 43,103 | 60,103 |
| Vanchimala | 50,270 | 17,000 | 20,916 | 37,916 |
| **Ranni Forane** | | | | |
| Bethany Hills | 4,570 | 12,000 | - | 12,000 |
| Chempanoly | 24,350 | 17,000 | 4,621 | 21,621 |
| Edamon | 24,900 | 17,000 | 4,967 | 21,967 |
| Kannampally | | | - | - |
| Perumthenaruvi | 12,165 | 17,000 | - | 17,000 |
| Perunad | 13,710 | 17,000 | - | 17,000 |
| Placherry | 32,390 | 17,000 | 9,676 | 26,676 |
| Ranni | 55,200 | 17,000 | 24,016 | 41,016 |

| Upputhara Forane | | | | |
|---|---|---|---|---|
| Alampally | | | - | - |
| Chemmannu | 54,185 | 17,000 | 23,378 | 40,378 |
| Chinnar | 48,500 | 17,000 | 19,804 | 36,804 |
| Mariagiri | 30,090 | 17,000 | 8,230 | 25,230 |
| Pulinkatta | 36,500 | 17,000 | 12,259 | 29,259 |
| Pullikkanam | | | - | - |
| Rajagiri | 49,130 | 17,000 | 20,200 | 37,200 |
| Uluppooni | 10,020 | 12,000 | - | 12,000 |
| Upputhara | 125,550 | 17,000 | 68,244 | 85,244 |
| Velichiyani Forane | | | | |
| Edakkunnam | 30,845 | 17,000 | 8,704 | 25,704 |
| Inchiyany | 68,080 | 17,000 | 32,113 | 49,113 |
| John Paul Nagar | 87,220 | 17,000 | 44,146 | 61,146 |
| Mangappara | | | - | - |
| Karikulam | 85,755 | 17,000 | 43,225 | 60,225 |
| Palampra | 32,130 | 17,000 | 9,512 | 26,512 |
| Palapra | 31,820 | 17,000 | 9,317 | 26,317 |
| Podimattam | 504,710 | 17,000 | 306,618 | 323,618 |
| Poomattam | | | - | - |
| Velichiyani | 217,025 | 17,000 | 125,753 | 142,753 |
| | **9,973,368** | **2,014,000** | **5,038,526** | **7,052,526** |

| | |
|---|---|
| **Total Collection** | **9,973,368** |
| **Collection after division** | |
| Koratty-Puthepally | 1470 |
| Chamampathal | 60,550 |
| Mukkoottuthara | 72,315 |
| **Grand Total** | **10,107,703** |

**ഫാ. സ്റ്റനിസ്ലാവൂസ് പുള്ളോലിക്കൽ**
**ഡയറക്ടർ**

# വിശ്വാസജീവിത പരിശീലനം

**2020 ജൂലൈ മാസത്തിലെ കർമ്മപരിപാടികൾ**

3 വെള്ളി : നമ്മുടെ പിതാവായ മാർത്തോമാശ്ലീഹായുടെ ദുക്റാന തിരുനാൾ, സഭാദിനം, ഓഫീസ് അവധി.

5 ഞായർ : ഹെഡ്മാസ്റ്റർമാരുടെ ഓൺലൈൻ കോൺഫറൻസ് Zoom Meeting

**ഓൺലൈൻ സൺഡേസ്കൂൾ ക്ലാസുകൾ**

ജൂൺ 7-ാം തീയതി ഞായറാഴ്ച മുതൽ രൂപതയിലെ വിവിധ ഇടവകകളിൽ ഓൺലൈൻ സൺഡേസ്കൂൾ ക്ലാസുകൾ ആരംഭിച്ചു. രണ്ടാഴ്ചകൊണ്ട് ഒരു പാഠം തീരുന്ന ക്രമത്തിലാണ് ഓൺലൈൻ ക്ലാസുകൾ രൂപതാകേന്ദ്രത്തിൽനിന്നും അയച്ചുതരുന്നത്. വ്യത്യസ്തത നിറഞ്ഞ ബോധനരീതികളിലൂടെ ചിത്രങ്ങളുടെയും മാപ്പുകളുടെയും നല്ല വീഡിയോകളുടെയും അകമ്പടിയോടെ ചങ്ങനാശ്ശേരി അതിരൂപതയുടെ സന്ദേശനിലയത്തിൽ നിന്നും തയ്യാറാക്കുന്ന ക്ലാസുകളാണ് നമ്മുടെ രൂപതയിലും ഉപയോഗിക്കുന്നത്. ഓൺലൈൻ ക്ലാസുകൾ ലഭ്യമല്ലാത്തവർക്ക് എല്ലാ ദിവസവും വൈകുന്നേരം 6 മണിക്ക് ഷെക്കിന ചാനലിലും ഉച്ചയ്ക്ക് 1.30 ന് ഗുഡ്നെസ് ചാനലിലും Sunday Catechism എന്ന പേരിലുള്ള ക്ലാസുകൾ ലഭ്യമാണ്. ഇനിയും ക്ലാസുകൾ ആരംഭിക്കാത്ത ഇടവകകൾ എത്രയും വേഗം തന്നെ ആരംഭിക്കുവാനും സൗകര്യങ്ങൾ ലഭ്യമല്ലാത്ത കുട്ടികളെ ഫോണിൽ ബന്ധപ്പെട്ട് നമസ്കാരങ്ങളും മറ്റും പഠിപ്പിക്കുന്നതിനും ശ്രദ്ധിക്കുമല്ലോ. ക്ലാസ്സധ്യാപകർ തങ്ങളുടെ ക്ലാസിലെ കുട്ടികളുടെ വാട്സ് ആപ്പ് ഗ്രൂപ്പുണ്ടാക്കി ആ ഗ്രൂപ്പിലാണ് ക്ലാസ് മെറ്റീരിയൽ അയച്ചു നല്കേണ്ടത്. ആവശ്യമായ വിശദീകരണങ്ങൾ നല്കാനും

പഠനകാര്യങ്ങൾ തിരക്കുവാനും ഇത് ഉപകാരപ്രദമാണ്. വി.ഗ്രന്ഥം വായിക്കുവാനും നമസ്കാരങ്ങൾ പഠിക്കുവാനും പ്രത്യേകം ഓർമ്മിപ്പിക്കുമല്ലോ.

## Honey Drops for Kids and Teens

ഓൺലൈൻ ക്ലാസുകൾക്കു പുറമേ ഉണ്ണീശോക്കളരിയിലെയും ചെറിയ ക്ലാസുകളിലെയും കുട്ടികൾക്കായി **Honey Drops for Kids** എന്ന പേരിൽ എല്ലാ ഞായറാഴ്ചയും വീഡിയോ തയ്യാറാക്കി നല്കുന്നുണ്ട്. ഒപ്പം മുതിർന്ന കുട്ടികൾക്കായി **Honey Drops for Teens** എന്ന പരമ്പരയും അയച്ചു നല്കുന്നതാണ്. ഇവ കുട്ടികളിലെത്തിക്കാൻ സാധിക്കുന്നത്ര ശ്രദ്ധിക്കുമല്ലോ.

### ഹെഡ്മാസ്റ്റർമാരുടെ ഓൺലൈൻ കോൺഫ്രൻസ് (Zoom Meeting)

ജൂലൈ 5-ാം തീയതി ഞായറാഴ്ച 3 p.m. - ന് ഹെഡ്മാസ്റ്റർമാരുടെ മീറ്റിംഗ് ഉണ്ടായിരിക്കുന്നതാണ്. സ്മാർട്ട് ഫോണിൽ Zoom download ചെയ്യാൻ ഓർമ്മിപ്പിക്കുമല്ലോ.

## HDC കോഴ്സ്

HDC കോഴ്സ് 5-ാം ബാച്ചിന്റെ പരീക്ഷയും വൈവയും സാഹചര്യങ്ങൾ അനുകൂലമാകുന്ന മുറയ്ക്ക് നടത്തപ്പെടുന്നതാണ്. കൃത്യമായ അറിയിപ്പുകൾ നല്കപ്പെടുന്നതാണ്. Assignments പൂർത്തിയാക്കാനുള്ളവർ എത്രയും വേഗം തന്നെ അവ തയ്യാറാക്കി വയ്ക്കുവാനും പരീക്ഷയ്ക്കുവരുമ്പോൾ അവ രൂപതാ കേന്ദ്രത്തിലെത്തിക്കുവാനും ശ്രദ്ധിക്കുമല്ലോ.

## CTC കോഴ്സ്

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ CTC യുടെ അവസാന ക്ലാസും ക്യാമ്പും ഇനിയും നടത്താൻ കഴിയാത്തതിനാൽ പുതിയ ബാച്ചിന്റെ പരിശീലനം ഉടനെ ആരംഭിക്കുന്നതല്ല. നല്കപ്പെട്ട ക്ലാസുകളിലൊന്നിനെ അധികരിച്ച് പ്രബന്ധം തയ്യാറാക്കുവാൻ CTC 36-ാം ബാച്ചിലെ അംഗങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

**അദ്ധ്യാപകരുടെ ലേഖനമത്സരത്തിൽ വിജയികളായവർ**

അല്മായർ :

1. ആൻസമ്മ ജോസഫ് ഉറുമ്പേനിരപ്പേൽ,
   സെന്റ് ജോസഫ്സ് സൺഡേസ്കൂൾ,
   പുത്തൻകൊരട്ടി
2. ബിന്ദു തോമസ് മംഗലത്തിൽ
   വ്യാകുലമാതാ സൺഡേസ്കൂൾ, മുണ്ടക്കയം
3. നിഷ സോജി, ഇടയ്ക്കാട്ട്
   സെന്റ് തോമസ് സൺഡേസ്കൂൾ, അണക്കര
3. പി.ജെ. ലൂക്കോസ് പുളിമൂട്ടിൽ,
   സെന്റ് ആന്റണീസ് സൺഡേസ്കൂൾ, നിർമ്മലഗിരി

**പ്രോത്സാഹനസമ്മാനത്തിന് അർഹരായവർ**

ജോസ് ജോസഫ് വള്ളിപ്പറമ്പിൽ
സെന്റ് മാത്യൂസ് സൺഡേസ്കൂൾ, മടുക്ക
കീർത്തി ഷാജി തൊട്ടിയിൽ
സെന്റ് തോമസ് സൺഡേസ്കൂൾ, കുമളി

**സന്യസ്തവിഭാഗം**

1. സി. സിൽവി ആൻ SH
   സെന്റ് തോമസ് സൺഡേസ്കൂൾ, അമലഗിരി
2. സി. ലിസിയ പുറംചിറയിൽ SABS
   സെന്റ് ജോർജ് സൺഡേസ്കൂൾ, ചെന്നാക്കുന്ന്
3. സി. ആനി മരിയ FCC,
   സെന്റ് മേരീസ് സൺഡേസ്കൂൾ, പൊടിമറ്റം

**പ്രോത്സാഹനസമ്മാനത്തിന് അർഹരായവർ**

സി. അനു ജേക്കബ് S H.
സെന്റ് ആന്റണീസ് സൺഡേസ്കൂൾ, ആനക്കല്ല്
സി. ലിൻസ് കിഴക്കേൽ SABS
സെന്റ് ജോർജ് സൺഡേസ്കൂൾ, മുറിഞ്ഞപുഴ

**സ്കോളർഷിപ്പിന് അർഹരായവർ**

IV 1. എയ്മി തെരേസ് ടോണി കല്ലറയ്ക്കൽ, ചേനപ്പാടി

2. ഹേമന്ത് (ജോസഫ്) ജോർജ് പാണാട്ടിൽ, മ്ലാമല
3. നോയൽ (മാത്യു) പാറയിൽ, കരുണാപുരം

V 1. ഡെനിൻ സാജു (മാത്യു മാത്യു) തെക്കുംമുറിയിൽ, ചക്കുപള്ളം
2. റോസ് തെരേസ് വേഴമ്പശ്ശേരിയിൽ, ചെറുവള്ളിക്കുളം
3. ജോയൽ (ജോസഫ്) പാറയിൽ, കരുണാപുരം

VI 1. റോസ്മേരി ആന്റണി കുളമ്പള്ളിൽ, കോരുത്തോട്
2. അന്ന കുര്യൻ ഒറ്റപ്ലാക്കൽ, കൂവപ്പള്ളി
3. സെലിൻ ജിൻസ് ഇരുപ്പക്കാട്ട്നടയ്ക്കൽ, ഇളങ്ങുളം

VII 1. റോസമ്മ തോമസ് മംഗലത്തിൽ, ചക്കുപള്ളം
2. മരിയ തോമസ് പൈക്കാട്ട്, പുഞ്ചവയൽ
3. സെബാസ്റ്റ്യൻ അരിമറ്റത്തിൽ, തച്ചപ്പുഴ

VIII 1. ജോസഫ് ജെ. മാത്യു കണ്ടച്ചവടക്കേതിൽ, കപ്പാട്
2. ക്ലാര തോമസ് കളരിക്കൽ, പാലൂർക്കാവ്
3. എലിസബത്ത് അഗസ്റ്റിൻ കണിയാരശ്ശേരിയിൽ, മേരികുളം

IX 1. തോമസ് ചാക്കോ മീമ്പന്താനം, അമലഗിരി
2. അന്നമ്മ മാണി മുകളേൽ, അമലഗിരി
3. സെബാസ്റ്റ്യൻ സ്കറിയ കൊല്ലംപറമ്പിൽ, കോരുത്തോട്

**ശ്രീമതി മേരിക്കുട്ടി വടശ്ശേരിൽ സ്കോളർഷിപ്പ്**

10-ാം ക്ലാസിൽ ഉന്നതവിജയം കരസ്ഥമാക്കി ശ്രീമതി മേരിക്കുട്ടി വടശ്ശേരിൽ സ്കോളർഷിപ്പിന് അർഹരായ ബാലികാഭവനങ്ങളിലെ കുട്ടികൾ

1. ത്രേസ്യാമ്മ ജേക്കബ് കല്ലുക്കുന്നേൽ, ഇളങ്ങുളം(Rs. 2000/-)
2. മരിയ മാത്യു കൊല്ലാറത്ത്, വലിയതോവാള (Rs. 1000/-)

**ശ്രീ. ചാക്കോ വെട്ടുവയലിൽ മെമ്മോറിയൽ സ്കോളർഷിപ്പ്**

X I തെരേസ ജോസഫ് വെള്ളാപ്പാണിയിൽ, ഇളങ്ങുളം
(5000 രൂപയുടെ സ്കോളർഷിപ്പ് - ലോറേഞ്ച് മേഖല)

I എലിസബത്ത് തോമസ് കടവുമ്മനാൽ, തേർഡ്ക്യാമ്പ്
(5000 രൂപയുടെ സ്കോളർഷിപ്പ് - ഹൈറേഞ്ച് മേഖല)

II ട്രീസാ മരിയ ചേന്നാട്ട്, കണ്ണിമല
(1000 രൂപയുടെ സ്കോളർഷിപ്പ്)

XII I ക്ലാര തോമസ് മാതൃശ്ശേരി, കാഞ്ഞിരപ്പള്ളി
(5000 രൂപയുടെ സ്കോളർഷിപ്പ് - ലോറേഞ്ച് മേഖല)

I മരിയ മുക്കുങ്കൽ, കുമളി
(5000 രൂപയുടെ സ്കോളർഷിപ്പ്, ഹൈറേഞ്ച് മേഖല)

II റോസ് മാർട്ടിൻ കറുകപ്പള്ളിൽ, കാഞ്ഞിരപ്പള്ളി
(1000 രൂപയുടെ സ്കോളർഷിപ്പ്)

**അന്നമ്മ ചിറ്റപ്പനാട്ട് മെമ്മോറിയൽ സ്കോളർഷിപ്പ്**

കാതറിൻ വെട്ടിയാട്ട്പുത്തൻപറമ്പിൽ, ചിറക്കടവ്
(3000 രൂപയുടെ സ്കോളർഷിപ്പ് - ലോറേഞ്ച് മേഖല)
എലിസബത്ത് കളപ്പുരയ്ക്കൽ, കുഴിത്തൊളു
(3000 രൂപയുടെ സ്കോളർഷിപ്പ് - ഹൈറേഞ്ച് മേഖല)

**കൈയ്യെഴുത്ത് മാസിക**

സൺഡേസ്കൂൾ കുട്ടികൾക്കായി രൂപതാതലത്തിൽ നടത്തപ്പെട്ട കൈയ്യെഴുത്ത് മാസികാ മത്സരത്തിൽ വിജയികളായവർ.

## A Section

I സെന്റ് മരിയഗൊരേത്തി സൺഡേസ്കൂൾ, കൊല്ലമുള

II സെന്റ് മേരീസ് സൺഡേസ്കൂൾ, പൊടിമറ്റം

III സെന്റ് തോമസ് സൺഡേസ്കൂൾ, അണക്കര

പ്രോത്സാഹനസമ്മാനം

സെന്റ് മേരീസ് സൺഡേസ്കൂൾ, വെള്ളാരംകുന്ന്

ക്രിസ്തുരാജ് സൺഡേസ്കൂൾ, വലിയതോവാള

## B Section

I സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, പെരുവന്താനം

II സെന്റ് തോമസ് സൺഡേസ്കൂൾ, കുരുമ്പൻമൂഴി

III സെന്റ് ജോർജ് സൺഡേസ്കൂൾ, പുളിങ്കട്ട

പ്രോത്സാഹനസമ്മാനം

സെന്റ് ജോസഫ്സ് സൺഡേസ്കൂൾ, വെച്ചൂച്ചിറ

കർമ്മലമാതാ സൺഡേസ്കൂൾ, ചക്കുപ്പള്ളം

**C Section**

I സെന്റ് അൽഫോൻസാ സൺഡേസ്കൂൾ, ഏലപ്പാറ

II മേരിമാതാ സൺഡേസ്കൂൾ, പത്തനംതിട്ട

III സെന്റ് ആന്റണീസ് സൺഡേസ്കൂൾ, നിർമ്മലഗിരി

പ്രോത്സാഹനസമ്മാനം

സെന്റ് സെബാസ്റ്റ്യൻസ് സൺഡേസ്കൂൾ, മേലോരം

സെന്റ് ജോർജ് സൺഡേസ്കൂൾ, മുറിഞ്ഞപുഴ

**നന്ദി, സ്വാഗതം**

കഴിഞ്ഞ രണ്ടുവർഷക്കാലം സുവാറ ഓഫീസ് സെക്രട്ടറിയായി ഏറ്റവും ആത്മാർത്ഥമായ ശുശ്രൂഷ നിർവഹിച്ച സി. തെരേസ് മരിയ സി.എം.സി.ക്ക് ഹൃദയംഗമമായ നന്ദി. ഓഫീസ് സെക്രട്ടറിയായി ചുമതല ഏറ്റെടുത്തിരിക്കുന്ന സി. ജീവാ ജോസ് സി.എം.സി.ക്ക് ഹൃദ്യമായ സ്വാഗതം.

**ആദരാഞ്ജലികൾ**

സൺഡേസ്കൂൾ അധ്യാപകനും പ്രൊമോട്ടറും കേന്ദ്രഓഫീസിലെ ശുശ്രൂഷകനുമായി വിശ്വാസപരിശീലനരംഗത്ത് 78 വർഷക്കാലം സേവനം ചെയ്ത ശ്രീ. കുര്യാക്കോസ് മാത്യു മേപ്പലക്കാട്ട് (കുട്ടിസാർ - 95 വയസ്) മെയ് 28-ാം തീയതി നിര്യാതനായി. ലാളിത്യം നിറഞ്ഞ ചിട്ടയാർന്ന ജീവിതശൈലിയും വിശ്വാസത്തിലടിയുറച്ച നിലപാടുകളും ഉത്തമകുടുംബനാഥന്റെ മാതൃകാജീവിതവും അദ്ദേഹത്തിന്റെ കർമ്മമണ്ഡലങ്ങളിൽ തെളിമയേകി. സുവാറ ഓഫീസിലെ സ്നേഹസാന്നിധ്യമായിരുന്ന കുട്ടിസാറിന് ആദരാഞ്ജലികൾ അർപ്പിക്കുന്നു.

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**ബിബ്ലിയ 2020**

ബൈബിളിലെ പുസ്തകങ്ങളുടെ പേരുകൾ മനഃപാഠമാക്കാൻ കൂടുതൽ കുട്ടികളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ രൂപതാ ചെറുപുഷ്പമിഷൻലീഗ് **ബിബ്ലിയ 2020** എന്ന പേരിൽ ഓൺലൈൻ പ്രോഗ്രാം ഒരുക്കുന്നു. പേരും വീട്ടുപേരും ക്ലാസും ഇട വകയും പറഞ്ഞതിനുശേഷം ഗദ്യരൂപത്തിലോ പദ്യമായോ ഗാന മായോ കുട്ടികൾക്ക് വ്യത്യസ്തതയോടെ 4 മിനിറ്റിനുള്ളിൽ അവതരി പ്പിക്കാവുന്നതാണ്. വീഡിയോ റെക്കോഡ് ചെയ്ത് ജൂലൈ 3 നു മുമ്പായി താഴെക്കൊടുത്തിരിക്കുന്ന നമ്പറുകളിലേക്ക് അയച്ചു നല്കാ വുന്നതാണ്. മികച്ചവ രൂപതാ ചെറുപുഷ്പമിഷൻലീഗിന്റെ യുട്യൂബ് ചാനലിൽ അപ്പ്ലോഡ് ചെയ്യുന്നതാണ്.

| | | |
|---|---|---|
| സെന്റ് തോമസ് സെക്ഷൻ | : | അരുൺ 9947889953 |
| സെന്റ് അൽഫോൻസ സെക്ഷൻ | : | ജെറിൻ 9744729809 |
| സെന്റ് ഡോമിനിക് സാവിയോ | : | ഷെറിൻ 7440590037 |
| ലിറ്റിൽ ഫ്ളവർ | : | ബ്രദർ അഖിൽ 9188356221 |

ഓരോ സെക്ഷനിലും ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പി ക്കുന്ന ഇടവകകൾക്ക് 10 സമ്പൂർണ്ണ ബൈബിൾ സമ്മാനമായി ലഭി ക്കുന്നതാണ്. കാഞ്ഞിരപ്പള്ളി രൂപതയിൽ 1 മുതൽ 12 വരെ ക്ലാസുക ളിലെ കുട്ടികൾക്ക് പങ്കെടുക്കാവുന്നതാണ്. സാധിക്കുന്നത്ര കുട്ടികളെ ഇതിൽ പങ്കെടുക്കുന്നതിനായി പ്രോത്സാഹിപ്പിക്കുമല്ലോ.

**ഫാ. സ്കറിയ മറ്റത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**



# ബൈബിൾ അപ്പോസ്തലേറ്റ്

KCBC ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന 21-ാമത് അഖില കേരള ബൈബിൾ ഉപാസന - ലോഗോസ് ക്വിസ്സിന്റെ രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു. ഇടവകയിലെ സൺഡേസ്കൂൾ ടെക് സപ്പോർട്ടറുമായി ബന്ധപ്പെട്ട് പേര് നല്കാൻ സാധിക്കുന്നത്ര പേരെ ഓർമിപ്പിക്കുമല്ലോ. 2020 സെപ്റ്റംബർ 27-ാം തീയതിയാണ് രൂപതാതല പരീക്ഷകൾക്കായി നിശ്ചയിച്ചിരിക്കുന്ന തീയതി. സാഹചര്യങ്ങൾ അനുകൂലമെങ്കിൽ മുൻകൂട്ടി നിശ്ചയിച്ച പ്രകാരം തന്നെ ലോഗോസ് ക്വിസ് നടത്തപ്പെടുന്നതാണ്. ലോക്ഡൗൺ ദിനങ്ങളിൽ കൂടുതലായി ബൈബിൾ പഠിക്കാൻ അവസരം ലഭിച്ചതിനാൽ മുൻവർഷത്തേക്കാൾ കൂടുതൽ പേർ ഈ വർഷം പങ്കെടുക്കാനാണ് സാധ്യത. സൺഡേസ്കൂളിൽ 4-ാം ക്ലാസ് മുതലുള്ള എല്ലാ കുട്ടികളോടും ആവശ്യമായ ഒരുക്കങ്ങൾ നടത്താൻ ഓർമ്മിപ്പിക്കുമല്ലോ.

പാഠഭാഗം : **നിയമാവർത്തനം 22-34 അധ്യായങ്ങൾ**

**പ്രഭാഷകൻ 18-22 അധ്യായങ്ങൾ**

**മർക്കോസ് 1 - 8 അധ്യായങ്ങൾ**

**1 കോറിന്തോസ് 1 - 8 അധ്യായങ്ങൾ**

**ഫാ. അഗസ്റ്റിൻ പുതുപ്പറമ്പിൽ**
**ഡയറക്ടർ**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ്
# (എസ്. എം. വൈ. എം.)

**CYTE-Civil Service Scholarship**

കാഞ്ഞിരപ്പള്ളി രൂപത SMYM, പൊൻകുന്നം സെന്റ് അന്റോണിയോ ALS ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തുന്ന സ്കോളർഷിപ്പ് പദ്ധതിയിൽ വിവിധ വിഭാഗങ്ങളിലായി 20 കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകി.

**പരീക്ഷ എഴുതുന്ന കുട്ടികൾക്ക് യാത്രാസൗകര്യം**

കോവിഡ് 19 ന്റെ സാഹചര്യത്തിൽ SSLC, Plus Two പരീക്ഷകൾ എഴുതാൻ യാത്രാസൗകര്യം ഇല്ലാതിരുന്ന കുട്ടികൾക്ക് SMYM രൂപത, ഫൊറോനാ സമിതികൾ യാത്രാ സൗകര്യം ഒരുക്കി.

**പ്രതിഷേധ നടത്തം**

ലോക്ഡൗൺ ഇളവുകൾ ആരാധനാലയങ്ങൾക്ക് നൽകാത്തതിൽ പ്രതിഷേധിച്ച് കാഞ്ഞിരപ്പള്ളി രൂപത SMYM, 5 പേർ അടങ്ങുന്ന പ്രതിഷേധ റാലി നടത്തി. ലോക് ഡൗൺ നിയമങ്ങൾ അനുസരിച്ചുള്ള റാലി പ്രസിഡന്റ് ആൽബിൻ തടത്തേൽ ഉത്ഘാടനം ചെയ്തു. വിവിധ ഫൊറോന പ്രതിനിധികൾ പങ്കെടുത്തു.

**റിസോഴ്സ് ടീം ട്രെയിനിങ്**

സെലിബ്രേഷൻ ഓഫ് ക്രിസ്ത്യൻ ലൈഫ് എന്ന വിഷയത്തെക്കുറിച്ച് രൂപതയിലെ എല്ലാ ഇടവകകളിലും സൺഡേ സ്കൂൾ കുട്ടികൾക്ക് ക്ലാസ്സ് നൽകുന്നതിനായി SMYM റിസോഴ്സ് ടീമിലെ യുവജനങ്ങൾക്കായി പ്രത്യേക പരിശീലനം മെയ് 29, ജൂൺ 10 തീയതികളിൽ നടത്തപ്പെട്ടു. ഫാ. മാത്യു കയ്യാണിയിൽ നേതൃത്വം

നൽകി. ലോറേഞ്ച് മേഖലയിൽ 20 ഉം ഹൈറേഞ്ച് മേഖലയിൽ 20 ഉം യുവജനങ്ങൾക്ക് ഇത്തരത്തിൽ പ്രത്യേക പരിശീലനം നൽകിവരുന്നു.

**പരിസ്ഥിതി ദിനം – 3 day Challenge**

ലോക പരിസ്ഥിതി ദിനത്തിൽ കാഞ്ഞിരപ്പള്ളി രൂപത എസ്.എം. വൈ.എം. 'ഔഷധ സസ്യങ്ങൾ നടൂ; പ്രകൃതിയെ സ്നേഹിക്കൂ' എന്ന ആശയം മുൻനിർത്തി മൂന്ന് ദിവസം നീണ്ടുനിന്ന മത്സരം നടത്തി.

**T. V. വിതരണം**

Online class-ൽ പങ്കെടുക്കാൻ സാധിക്കാതെ പഠനം മുടങ്ങിയ കുട്ടികളെ സഹായിക്കാനായി രൂപത എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ T.V വിതരണം ചെയ്തു. പുതിയ T.V കൾക്കൊപ്പം ഒന്നിലധികം ടി.വി. വീട്ടിൽ ഉള്ളവരിൽനിന്നും അവ ശേഖരിച്ച് ടി.വി. ഇല്ലാത്ത വീടുകളിലും സ്കൂളുകളിലും എത്തിച്ചു കൊടുത്തു. 15 ഓളം ടി.വി. കൾ ഇതുവരെ വിതരണം ചെയ്തു.

**പോസ്റ്റർ വിതരണം**

കോവിഡ് 19 ന്റെ പ്രത്യേക സാഹചര്യത്തിൽ പള്ളികളിൽ പ്രദർശിപ്പിക്കേണ്ട നിർദ്ദേശങ്ങൾ അടങ്ങിയ പോസ്റ്റർ രൂപതയിലെ എല്ലാ പള്ളികളിലും എത്തിച്ചു.

**യാത്രയയപ്പ്**

4 വർഷം SMYM രൂപത ഓഫീസ് സെക്രട്ടറിയായി സേവനം അനുഷ്ഠിച്ചുവന്ന ടോണി സ്രാമ്പിക്കലിന് യാത്രയയപ്പു നൽകി. നാളിതുവരെ ടോണി സ്രാമ്പിക്കൽ SMYM പ്രസ്ഥാനത്തിനു നൽകിയ നിസ്വാർത്ഥ സേവനത്തിന് രൂപതാസമിതിയുടെ ഹൃദയം നിറഞ്ഞനന്ദി.

**ഫാ. വർഗീസ് കൊച്ചുപുരയ്ക്കൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

**വിവാഹ ഒരുക്കധ്യാനം ഓൺലൈനിൽ**

അമൽജ്യോതി എഞ്ചിനീയറിംഗ് കോളജിന്റെയും പാലാ രൂപതാ ഫാമിലി അപ്പോസ്തലേറ്റിന്റെയും സഹായത്തോടെ ജൂലൈ മാസം രണ്ടാം വാരത്തോടെ വിവാഹഒരുക്കധ്യാനം ഓൺലൈനായി ആരംഭിക്കുന്നു. വിവാഹഒരുക്കധ്യാനം സാധാരണഗതിയിൽ പുനരാരംഭിക്കുന്നതുവരെയുള്ള ഒരു താൽക്കാലിക സംവിധാനം മാത്രമായാണ് ഇത് ക്രമീകരിക്കുന്നത്.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# മാതൃവേദി

**പദപ്രശ്നം**

മാതൃവേദിയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പദപ്രശ്നമത്സരത്തിന്റെ മൂന്നു ഭാഗങ്ങൾ പൂർത്തിയായി. ഓരോ തവണയും ശരി ഉത്തരം അയക്കുന്നവരിൽ നിന്ന് നറുക്കെടുത്താണ് സമ്മാനാർഹയെ നിശ്ചയിക്കുന്നത്. ശരി ഉത്തരങ്ങൾ അയച്ചവർക്കും സമ്മാനാർഹരായവർക്കും അഭിനന്ദനങ്ങൾ. സമ്മാനങ്ങൾ ഇടവകപ്പള്ളിയിൽ എത്തിച്ചുതരുന്നതാണ്.

**സമ്മാനാർഹരായവർ**

MVQ - 1 : ആശാ ബിനു, മൈലയ്ക്കൽ, ചക്കുപള്ളം

MVQ - 2 : ദീപ മാർട്ടിൻ, സ്രാകത്ത്, എരുമേലി

MVQ - 3 : ടെസി മാത്യു, മുതുപ്ലാക്കൽ, മുക്കൂട്ടുതറ

**പരിസ്ഥിതി ദിനം: പച്ചക്കറിത്തോട്ടം വീഡിയോ**

ജൂൺ 5 പരിസ്ഥിതിദിനത്തോട് അനുബന്ധിച്ച് രൂപതയിലെ അമ്മമാരുടെ പച്ചക്കറി ഫലവൃക്ഷത്തോട്ടങ്ങളുടെയും അവയുടെ വിളവെടുപ്പിന്റെയും ഫോട്ടോകൾ ശേഖരിച്ചു. അവ ഉൾപ്പെടുത്തി ഒരു വീഡിയോ തയ്യാറാക്കി പുറത്തിറക്കുകയും ചെയ്തു. ഈ പ്രവർത്തനങ്ങളുടെ ഏകോപനം നിർവഹിച്ചത് ബ്രദർ ബിബിൻ പാലൂക്കുന്നേലും എഡിറ്റിംഗ് ജോലികൾ നിർവ്വഹിച്ചത് ബ്രദർ ഇമ്മാനുവേൽ പടിപ്പറമ്പിലും ആണ്. അവർക്കും ഫോട്ടോകൾ അയച്ചുതന്ന അമ്മമാർക്കും പ്രത്യേകം നന്ദി.

**മാതൃവേദി പ്രബന്ധ രചന മത്സരം**

പ്രബന്ധങ്ങൾ രൂപതാ ഓഫീസിൽ സമർപ്പിച്ചു തുടങ്ങാവുന്നതാണ്. പ്രബന്ധം നേരിട്ടോ തപാലിലോ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി 2020 ഓഗസ്റ്റ് 31 ആണ്.

പ്രബന്ധത്തിന്റെ ഉള്ളടക്കം (ആമുഖം മുതൽ ഉപസംഹാരം വരെ) 15 പേജിൽ കവിയരുത്. (ഡി.റ്റി.പി. ആണെങ്കിൽ 10 പേജ്). A4 പേപ്പറിൽ ആണ് പ്രബന്ധം എഴുതേണ്ടത്. ഒരു പേജിൽ പരമാവധി 20 വരികൾ വരെയേ പാടുള്ളൂ. പേര്, അഡ്രസ്, ഇടവക, ഫോൺ നമ്പർ എന്നിവ വേറൊരു പേപ്പറിൽ എഴുതി പിൻ ചെയ്തിരിക്കണം. ഈ പേപ്പറിൽ ബഹു. യൂണിറ്റ് ഡയറക്ടറച്ചന്റെ ഒപ്പും ഇടവകയുടെ സീലും ഉണ്ടായിരിക്കണം. പ്രബന്ധത്തിനോടൊപ്പം പേരോ അഡ്രസ്സോ, എഴുതിയ ആളിനെ തിരിച്ചറിയാൻ പറ്റുന്ന സൂചനകളോ ഉണ്ടെങ്കിൽ അത് അയോഗ്യതയായി കണക്കാക്കുന്നതാണ്. പ്രബന്ധത്തിന്റെ വിഷയത്തോടൊപ്പം ശാസ്ത്രീയവും ക്രമീകൃതവുമായ അവതരണം (വിഷയവിഭജനം, ഉള്ളടക്കം, അധ്യായം, നമ്പർ, ഉപനമ്പർ, ഫുട്ട്നോട്ട്, ഗ്രന്ഥസൂചി) അവതരണം (കൈയ്യക്ഷരം, ലേഔട്ട്, ഭംഗി, വൃത്തി) തുടങ്ങിയവയും പരിഗണിക്കുന്നതാണ്. പ്രബന്ധരചനയ്ക്ക് പ്രായപരിധി ഇല്ല.

**ഫാ. ജോസഫ് കൊച്ചുവീട്ടിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

**കാലത്തിനൊത്ത മാറ്റങ്ങളുമായി ഗ്രീൻ പാരിഷ് പ്രോജക്റ്റ്**

നസ്രാണി റിസേർച്ച് സെന്ററിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ പള്ളി പരിസരങ്ങൾ ഹരിതാഭമാക്കാനുള്ള പദ്ധതി 'പ്രൊജക്റ്റ് ഗ്രീൻ പാരിഷ്' റവ. ഫാ. ജോസഫ് കുന്നത്തുപുരയിടം (തരകനാട്ടുകുന്ന് മാർ അന്തോണീസ് ഇടവക വികാരി) ഉദ്ഘാടനം ചെയ്തു. നസ്രാണി റിസേർച്ച് സെന്ററിന്റെ വിവിധ പദ്ധതികളിലൊന്നാണ് 'ഗ്രീൻ പാരീഷ് പ്രോജക്റ്റ്'.

പ്രകൃതിയിൽ കർത്താവിന്റെ വെളിപാട് ദർശിച്ച്, പ്രകൃതിയുമായി ബന്ധപ്പെട്ട് ദൈവിക രഹസ്യങ്ങൾ വ്യാഖ്യാനിച്ച മാർ അപ്രേം പിതാവിന്റെ തിരുനാൾ ദിനമായ ജൂൺ 9-നാണ് പദ്ധതി ഉദ്ഘാടനം ചെയ്തത്.

ആദ്യഘട്ടത്തിൽ, താല്പര്യമുള്ള കേരളത്തിലെ എല്ലാ പള്ളികളിലും, രണ്ടാം ഘട്ടത്തിൽ ഇടവകയിൽ നിന്നും ഭവനങ്ങളിലേക്കുമാണ് പദ്ധതി വ്യാപിപ്പിക്കുന്നത്.

ഫലവൃക്ഷങ്ങൾ, പള്ളിക്ക് വേണ്ട പൂക്കൾ പള്ളിയിൽ നിന്നും ഉല്പാദിപ്പിക്കാൻ സഹായകരമാകുന്ന പോളിഹൗസ്, തേനീച്ച കൃഷി, ഔഷധ ചെടികൾ ഇവ എല്ലാം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള മാസ്റ്റർ പ്ലാനും, തുടർ പരിശീലനങ്ങളും ഈ പദ്ധതിയിലൂടെ ലഭ്യമാണ്.

പ്രൊജക്റ്റ് ഡയറക്ടർ ഫാ. വർഗീസ് കാക്കല്ലിലിനൊപ്പം ഈ മേഖലയിൽ പരീക്ഷണങ്ങൾ നടത്തുന്ന, ഡോ. സണ്ണി ജോർജായിരിക്കും പ്രോജക്റ്റ് ടീമിനെ മുമ്പോട്ട് നയിക്കുക. താല്പര്യമുള്ള പള്ളികൾക്ക് www.nazraniresearch.com എന്ന വെബ്സൈറ്റിൽ സേവനങ്ങൾക്കായി രജിസ്റ്റർ ചെയ്യാവുന്നതാണ്. →

# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സേവനസമിതി**

കൊറോണ മഹാമാരിമൂലം നിലവിൽവന്ന ലോക്ക്ഡൗൺ കാലഘട്ടത്തിൽ സോണൽസേവനസമിതിയുടെ തീരുമാനപ്രകാരം "കാഞ്ഞിരപ്പള്ളി സോൺ സർവ്വീസ് ടീം" എന്ന വാട്സ് ആപ്പ് ഗ്രൂപ്പ് ആരംഭിച്ച് കാഞ്ഞിരപ്പള്ളി സോണിൽ സർവ്വീസ് ടീമിന് കുറെ പ്രവർത്തനങ്ങൾ നടത്തുവാൻ കഴിഞ്ഞു. സോണിന്റെ അഞ്ച് സബ്സോണുകളായ എരുമേലി, റാന്നി, പൊൻകുന്നം, കാഞ്ഞിരപ്പള്ളി, മുണ്ടക്കയം എന്നീ സ്ഥലങ്ങളിൽ ഭവനങ്ങളിൽ ചെയിൻ പ്രാർത്ഥനാദിനം നടത്തുവാൻ സാധിച്ചു. തുടർന്ന് ദൈവകാരുണ്യനൊവേന ആരംഭിച്ചു. പന്തക്കുസ്താപ്രാർത്ഥനയിലും ഓൺലൈൻ വഴി എല്ലാവരും പങ്കുചേർന്നു. 10.06.2020-ൽ സോണൽ കോർ ടീം ഡയറക്ടറച്ചന്റെ സാന്നിദ്ധ്യത്തിൽ കൂടി. നാളിതുവരെയുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുവാനും ഭാവിപരിപാടികളെക്കുറിച്ച് ആലോചനകൾ നടത്തി തീരുമാനങ്ങൾ എടുക്കുവാനും കഴിഞ്ഞു.

---

## നസ്രാണി റിസേർച്ച് സെന്റർ നല്ലതണ്ണി

താൻ ശുശ്രൂഷ ചെയ്തിട്ടുള്ള പള്ളികളിൽ എല്ലാം പ്രകൃതിയോട് ചേർന്ന് ജീവിച്ച് പ്രകൃതിക്ക് സംഭാവന ചെയ്ത ജോസഫ് കുന്നത്തുപുരയിടത്തിലച്ചന് നസ്രാണി റിസേർച്ച് സെന്റർ ഡയറക്ടർ  ഡോ. ജെയിംസ് ചവറപ്പുഴ അച്ചനും, ഡോ. സണ്ണി ജോർജും ചേർന്ന് മെമെന്റോ നൽകി ആദരിച്ചു.

**ഫാ. ജയിംസ് ചവറപ്പുഴ**
**ഡയറക്ടർ**

## സുവർണ്ണജൂബിലി ചെയിൻപ്രെയർ

ഭാരതകത്തോലിക്കാ കരിസ്മാറ്റിക് നവീകരണമുന്നേറ്റത്തിന്റെ സുവർണ്ണജൂബിലി വർഷം 2022 –നോടനുബന്ധിച്ചുള്ള 125 ദിവസത്തെ ചെയിൻപ്രെയർ മെയ് 29 മുതൽ സെപ്റ്റംബർ 30 വരെ. അനുദിനം നല്കുന്ന പ്രാർത്ഥന സോൺവാട്ട്സാപ്പ് ഗ്രൂപ്പിൽ പ്രാർത്ഥനയ്ക്കായി നല്കി വരുന്നു.

## കേരള ഉപദേശക സമിതി (KAC) 2020 – 2022

സോണിൽനിന്നും കേരള ഉപദേശകസമിതി KAC-യിലേക്ക് ശ്രീ. റോബിൻ പുത്തൻകടുപ്പിൽ, ശ്രീമതി കൊച്ചുറാണി ആന്റണി പന്തല്ലൂപ്പറമ്പിൽ എന്നിവരെ പുതിയതായി തെരഞ്ഞെടുത്തു.

## LSS (Life in Spirit Seminar)

ഇടവകതലത്തിൽ ധ്യാനങ്ങളും പ്രാർത്ഥനാഗ്രൂപ്പുകളും രൂപീകരിക്കുന്നതിന് സഹായിക്കുന്ന റിസോഴ്സ് ടീമിന്റെ ട്രെയിനിംഗ് ഓൺലൈൻ തലത്തിൽ നടത്തിവരുന്നു.

## സ്കൂൾ ഓഫ് ലീഡർഷിപ്പ്

കേരള കരിസ്മാറ്റിക് മുന്നേറ്റത്തിന് അടുത്ത ഒരു നേതൃത്വനിരയെ വളർത്തിയെടുക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചിരിക്കുന്ന ഈ പരിശീലനപദ്ധതിക്ക് സോണിൽനിന്നും അംഗങ്ങൾ ഓൺ ലൈൻ ക്ലാസുകളിൽ സംബന്ധിച്ചുവരുന്നു.

## മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി

സോൺ മദ്ധ്യസ്ഥപ്രാർത്ഥനാ മിനിസ്ട്രി സജീവമായി കൊറോണ കാലഘട്ടത്തിൽ പ്രവർത്തിച്ചുവരുന്നു. മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രിക്ക് പ്രത്യേകം വാട്ട്സ് ആപ്പ് ഗ്രൂപ്പ് ഉള്ളതിനാൽ ആത്മീയമേഖലയിൽ മിനിസ്ട്രിയുടെ നേതൃത്വത്തിൽ വളരെയധികം അംഗങ്ങൾ ഭവനങ്ങളിൽ ഇരുന്ന് സജീവമായി പ്രത്യേക നിയോഗപ്രാർത്ഥനാശുശ്രൂഷകൾ നടത്തിവരുന്നു.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# ആവേ മരിയ റിട്രീറ്റ് സെന്റർ

പഴയകൊരട്ടി ആവേ മരിയ നിത്യാരാധന ചാപ്പലിൽ കഴിഞ്ഞ മൂന്ന് വർഷമായി സേവനം ചെയ്തുവന്നിരുന്ന സിസ്റ്റർ മേഴ്സിലിൻ SMS-ഉം, സിസ്റ്റർ ലയോണി SMS-ഉം, സ്ഥലംമാറി പോയി. അവർ നല്കിയ സ്തുത്യർഹമായ ശുശ്രൂഷകൾക്കും സഹകരണത്തിനും പ്രത്യേകം നന്ദി പറയുന്നു. ഒപ്പം പുതിയതായി ചാർജ്ജെടുത്തിരിക്കുന്ന സിസ്റ്റർ പ്രശാന്ത് SMS-നും, സിസ്റ്റർ സനാതന SMS-നും ആശംസകളും സ്വാഗതവും.

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേകം ആദ്യശനി ഓൺലൈൻ ബൈബിൾ കൺവൻഷൻ**

2020 ജൂൺ 06-ന് രാവിലെ 09 മണി മുതൽ വൈകുന്നേരം 03 മണിവരെ ആദ്യശനി ബൈബിൾ കൺവൻഷൻ ഓൺലൈനായി നടന്നു. സ്ലീവാപാത, വചനപ്രഘോഷണം, ദിവ്യകാരുണ്യാരാധന, ആഘോഷമായ വി. ബലിയർപ്പണം എന്നിവ ധ്യാനകേന്ദ്രം ഡയറക്ടർ ബഹു. ഡൊമിനിക് വാളമ്മനാൽ അച്ചന്റെ നേതൃത്വത്തിൽ നടന്നു.

**ഓൺലൈൻ ശുശ്രൂഷ**


എല്ലാ ദിവസവും വൈകിട്ട് 5 മണിക്കു സ്ലീവാപാതയും ജപമാലയും തുടർന്ന് ആഘോഷമായ വി. കുർബാനയും ദിവ്യകാരുണ്യാരാധനയും നടന്നുവരുന്നു. റവ. ഫാ. തോമസ് അറയ്ക്കൽ, റവ. ഫാ. ജോസഫ് പൊയ്യാനിയിൽ, റവ. ഫാ. മനു പുത്തൻവീട്ടിൻ എന്നിവർ ദിവസേനയുള്ള തിരുക്കർമ്മങ്ങൾക്കു നേതൃത്വം നല്കി.

**മധ്യസ്ഥപ്രാർത്ഥനാ സഹായം**

എല്ലാ ദിവസവും രാവിലെ 9 മണി മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥ പ്രാർത്ഥനകൾക്കായി ഫോണിലൂടെ ആവശ്യപ്പെടുന്നതിനായി സൗകര്യം ക്രമീകരിച്ചിട്ടുണ്ട്. വിളിക്കേണ്ട ഫോൺ നമ്പറുകൾ 730 60 65 493, 730 60 86 060, 730 60 55 176, 952 60 22 215.

**ഫാ. ഡൊമിനിക് വാളമ്മനാൽ**
**(ഡയറക്ടർ)**

**ഫാ. മനു പുത്തൻവീട്ടിൽ**
**(സ്പിരിച്വൽ ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- സന്യാസദൈവവിളി സ്വീകരിച്ചുവന്ന കുട്ടികൾ ജൂൺ 1-ാം തീയതി കാൻഡിഡസിയിൽ പ്രവേശിച്ചു.
- സി.എം.സി. സുപ്പീരിയർ ജനറൽ മദർ സിബി സി.എം.സി. കാഞ്ഞിരപ്പള്ളി അമല പ്രൊവിൻഷ്യൽ ഹൗസിൽ കാനോനിക സന്ദർശനം നടത്തി.
- ഈ വർഷം സ്ഥലംമാറ്റം കിട്ടിയ സിസ്റ്റേഴ്സ് കൂടുതൽ ഉണർവോടും തീക്ഷ്ണതയോടും കൂടി പുതിയ പ്രേഷിതസ്ഥലങ്ങളിൽ എത്തിച്ചേർന്നു.
- റീജൻസിക്കായി പോസ്റ്റുലൻസും നോവിസസ്സും പ്രൊവിൻസിന്റെ വിവിധ മഠങ്ങളിൽ പോയി.
- കാഞ്ഞിരപ്പള്ളി രൂപതയിൽ സി.എം.സി. സന്യാസിനീ സമൂഹം ആരംഭം കുറിച്ച ആദ്യഭവനമായ കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് മഠത്തിന്റെ സ്ഥാപനത്തിന്റെ 90-ാം വാർഷിക (നവതി) ആഘോഷം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ കാർമ്മികത്വത്തിൽ വി. കുർബാന അർപ്പണത്തോടെ ലളിതമായി നടത്തി. 90 വർഷങ്ങൾക്കുമുമ്പ് ചങ്ങനാശ്ശേരി പ്രോവിൻസിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളിയിൽ സ്ഥാപിച്ച ഈ മഠം കാഞ്ഞിരപ്പള്ളി തിരിഞ്ഞപ്പോൾ ആദ്യഭവനമായിത്തീർന്നു. സി.എം.സി. സിസ്റ്റേഴ്സ് കഴിഞ്ഞ 90 വർഷങ്ങളിൽ കാഞ്ഞിരപ്പള്ളി രൂപതയിൽ ചെയ്തിട്ടുള്ള, ചെയ്തുകൊണ്ടിരിക്കുന്ന ശുശ്രൂഷകളെ നന്ദിയോടെ അനുസ്മരിച്ച് അഭിവന്ദ്യ ജോസ് പിതാവ് ആശംസകൾ അർപ്പിച്ചു.

- ഫോർമേഷനിൽ ആയിരിക്കുന്ന കുട്ടികൾക്ക് 3 ദിവസത്തെ ധ്യാനം പ്രൊവിൻഷ്യൽ ഹൗസിൽ വച്ചു നടത്തി.

- ജൂൺ 27-ാം തീയതി ശനിയാഴ്ച പ്രൊവിൻഷ്യൽ ഹൗസിന്റെ ചാപ്പലിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ നോവിസ് ലിനു സെബാസ്റ്റ്യൻ ചില മ്പിക്കുന്നേൽ ഇഞ്ചിയാനി, സ്വർഗ്ഗ ജോസ് വട്ടത്തറ ഗ്രീൻവാലി എന്നിവർ സഭാവസ്ത്രം സ്വീകരിച്ച് തങ്ങളുടെ ആദ്യവ്ര താർപ്പണം നടത്തി.

- ഇഞ്ചിയാനി സി.എം.സി. മഠം സ്ഥാപനത്തിന്റെ 75-ാം വാർഷികം (പ്ലാറ്റിനം ജൂബിലി) ആഘോഷം ലളിതമായ രീതിയിൽ നടത്തി.

- സി. ചെറുപുഷ്പം എസ്.എച്ച്. ന്റെ മൃതസംസ്കാരശുശ്രൂഷയിൽ പ്രൊ.സുപ്പീരിയർ സി. സാലിയും കൗൺസിലേഴ്സും സംബ ന്ധിച്ച് പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

- കോവിഡ് 19 ന്റെ പ്രതിരോധപ്രവർത്തനങ്ങളുടെ ഭാഗമായി ഇഞ്ചി യാനി ഇടവകയിലെ ഏതാനും മാതാക്കൾക്കായി പച്ചക്കറി കൃഷി സ്വയം തൊഴിൽ എന്നിവയിലൂടെ തങ്ങളുടെ ജീവിതനിലവാരം ഉയർത്തുന്നതിനാവശ്യമായ ബോധവത്ക്കരണക്ലാസും സാമ്പ ത്തികസഹായവും നല്കി. സി. റ്റോംസി, സി. അനിത, സി. ജെസ്മി എന്നിവർ നേതൃത്വം നൽകി.

- കോവിഡ് പ്രതിസന്ധിയിൽ പാവപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷ ണക്കിറ്റും ചികിത്സാ സഹായങ്ങളും മറ്റിതര തരത്തിലുള്ള സഹായങ്ങളും ചെയ്തുവരുന്നു.

- കോവിഡ് 19 മഹാമാരിയിൽ നിന്നും ലോകം മുഴുവനും മുക്തി പ്രാപിക്കുന്നതിനായി എല്ലാ ഭവനങ്ങളിലും അഖണ്ഡജപമാ ലയും ആരാധനയും നടത്തുന്നു.

## ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- ജനറൽ കൗൺസിലർ സി. ഫിൽബി, സി. സ്റ്റാർലി എന്നിവർ മുക്കുളം, വെളിച്ചിയാനി, മുണ്ടക്കയം, പോത്തുപാറ, പരപ്പ്, കട്ടപ്പന എന്നീ കോൺവെന്റുകളിൽ ഔദ്യോഗിക സന്ദർശനം നടത്തി.

- കോവിഡ് – 19 ബോധവൽക്കരണത്തിന്റെ ഭാഗമായി സി. അന്നാമരിയായുടെ നേതൃത്വത്തിൽ യുവജനങ്ങൾക്കായി സംഘടിപ്പിച്ച ഓൺലൈൻ ക്വിസ് പ്രോഗ്രാമിൽ സമ്മാനാർഹരായവർക്ക് യഥാക്രമം (Rs. 5000/, Rs. 3000/-, Rs. 1000/-) കാഷ് അവാർഡുകൾ നൽകി അഭിനന്ദിച്ചു. അസ്സീസ്സി തുടർപരിശീലനത്തിൽ വച്ച് നടത്തിയ പ്രസ്തുത സമ്മേളനത്തിൽ പ്രൊവിൻഷ്യൽ സി. അമല, പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി ബിനു സജീവ്, വാർഡ് മെമ്പർ ശ്രീമതി ഡെയ്സി ജോർജ് എന്നിവർ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു.

- സഭാവസ്ത്രസ്വീകരണത്തെക്കുറിച്ച് ആലോചിക്കുന്നതിനായി രണ്ടാം വർഷം നോവിസസ്സിന്റെ രക്ഷകർത്താക്കളുടെ പ്രത്യേക സമ്മേളനം ബഹു. സി. അമലയുടെ നേതൃത്വത്തിൽ കൂടി തീരുമാനങ്ങൾ സ്വീകരിച്ചു.

- എരുമേലി ജീവൻജ്യോതി സ്പെഷ്യൽ സ്കൂളിന്റെ പ്രവർത്തനങ്ങളെക്കുറിച്ചും, സാമ്പത്തിക കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യുന്നതിനായി മാനേജ്മെന്റ് ബോഡിയുടെ നേതൃത്വത്തിൽ സ്റ്റാഫ് അംഗങ്ങളെ ഒരുമിച്ചുകൂട്ടി ആശയങ്ങൾ പങ്കുവയ്ക്കുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

- ബഹു. മദർ ജനറൽ സി. ആൻ ജോസഫ് നൊവിഷ്യറ്റ് ഹൗസിൽ രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനം നടത്തി.

- വിവാഹത്തിനായി 55000/- രൂപയും, പഠനത്തിനായി 52000/- രൂപയും വീടിന്റെ അറ്റകുറ്റപ്പണികൾക്കായി 35000/- രൂപയും നൽകി അഞ്ച് കുടുംബങ്ങളെ സഹായിച്ചു.

- ഫോർമേഷനെ സംബന്ധിച്ച് പ്ലാനിംഗ്, വിലയിരുത്തൽ ഇവ നടത്തുന്നതിനായി പ്രൊവിൻഷ്യൽ സി. അമലയുടെ നേതൃത്വത്തിൽ ഫോർമേഷൻ കമ്മറ്റി മീറ്റിംഗ് നടത്തി.
- സി. ഗ്രെയ്സ് വയലിപ്പുരയിടം നേതൃത്വം നൽകുന്ന അണക്കര, "Integrated Self Training Centre" ന്റെ സഹായത്തോടെ സാമ്പത്തിക വെല്ലുവിളികൾ നേരിടുന്ന ഏതാനും കുടുംബങ്ങൾക്ക് ആടുവളർത്തൽ, ഏലംകൃഷി, തയ്യൽ യൂണിറ്റ് എന്നീ കാര്യങ്ങൾക്കായി ലോക്ക് ഡൗൺ കാലഘട്ടത്തിൽ പലിശ രഹിത വായ്പ നൽകി സഹായിച്ചു.
- കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഓൺലൈൻ ധ്യാനത്തിൽ പങ്കെടുത്ത് ആദ്ധ്യാത്മിക നവീകരണം സാധിക്കുന്നതിനും സ്വന്തമായ പച്ചക്കറിത്തോട്ടവും, പൂന്തോട്ടവും കൂടുതൽ മെച്ചപ്പെടുത്തുന്നതിനും എല്ലാ ഭവനങ്ങളും തന്നെ ശ്രദ്ധിച്ചു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- മെയ് 25-ന് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിലുള്ള ദിവ്യബലിമധ്യേ നോവിസ് ജിൽഷ കണ്ണംപള്ളിൽ സഭാവസ്ത്രം സ്വീകരിച്ച് ആദ്യവ്രത സമർപ്പണം നടത്തി.
- കഴിഞ്ഞ 25 വർഷമായി സാൻജിയോ ഹോമിയോ ക്ലിനിക്കിൽ സേവനം ചെയ്തിരുന്ന ഡോ.സി. റോസ്‌ലിൻ ആയിലുമാലിൽ പൊൻകുന്നത്തേയ്ക്ക് സ്ഥലം മാറുകയും തത്സ്ഥാനത്ത് ജൂൺ 1 മുതൽ ഡോ. ശില്പ ചെറിയാൻ കിഴക്കേത്തലയ്ക്കൽ ചാർജ്ജെടുക്കുകയും ചെയ്തു.
- 2020 ജൂണിൽ കിളിയന്തറ മഠത്തിൽ ആസ്പിരൻസ് കുട്ടികൾ പോസ്റ്റുലൻസിയിലും പോസ്റ്റുലൻസ് കുട്ടികൾ നൊവിഷ്യേറ്റിലും പ്രവേശിച്ചു.
- മെയ് 4-ന് പ്രോവിൻസിന്റെ ഓഡിറ്റ് നടത്തപ്പെട്ടു.
- ദൈവാലയ നിർമ്മാണത്തിന് ധനസഹായം നൽകി.
- ചികിത്സാസഹായം ആവശ്യമുള്ള നിർദ്ധനരായ രോഗികൾക്ക് ആവശ്യമായ സഹായം നൽകി.

- ഭവന നിർമ്മാണത്തിന് ആവശ്യമായ ധനസഹായവും, നിർദ്ധന രായ കുട്ടികൾക്ക് ആവശ്യമായ പഠനസഹായവും നൽകി.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- പ്രൊവിൻഷ്യൽ സുപ്പീരിയർ റവ.സി. മേരി ഫിലിപ്പ് എസ്.എച്ച് ഹൈറേഞ്ച് മഠങ്ങളിൽ കാനോനിക സന്ദർശനം നടത്തി.
- പ്രൊവിൻഷ്യൽ ഹൗസിൽവച്ച് ഒരാഴ്ച്ചത്തെ വൊക്കേഷൻ ക്യാമ്പ് നടത്തി. അർത്ഥിനികളായി 3 കുട്ടികൾ സന്യാസ പരിശീലനത്തിൽ പ്രവേശിച്ചു.
- തിരുഹൃദയ സന്യാസിനീ സമൂഹത്തെയും സ്ഥാപകപിതാവി നെയും കാരിസത്തെയും ആധാരമാക്കി ജനറൽതലത്തിൽ പരീക്ഷ നടന്നു. 150 സിസ്റ്റേഴ്സ് പങ്കെടുത്തു.
- റവ. സി. ചെറുപുഷ്പം എസ്.എച്ച് (81) ആനിക്കാട് ഭവനത്തിൽ വച്ച് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. സംസ്കാര ശുശ്രൂഷകൾ 09.06.2020–ന് എസ്.എച്ച് പ്രൊവിൻഷ്യൽ ഹൗസിൽ ആരംഭിച്ച് പൊടിമറ്റം സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ സംസ്കരിച്ചു.
- തിരുഹൃദയത്തിരുനാളിനോടനുബന്ധിച്ച് പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് പൊടിമറ്റം ഇടവക വികാരി ബഹു. ജോസഫ് വെള്ളമറ്റത്തച്ചന്റെ കാർമ്മികത്വത്തിൽ ആഘോഷപൂർവ്വമായ ദിവ്യബലിയർപ്പണവും, മഠം വെഞ്ചിരിപ്പും നടത്തി. വി.കുർബ്ബന മദ്ധ്യേ സിസ്റേഴ്സ് തങ്ങളുടെ വ്രതനവീകരണം നടത്തി.
- ജൂൺ 5 ലോക പരിസ്ഥിതി ദിനാചരണത്തിന്റെ ഭാഗമായി കണയങ്കവയൽ, മേലോരം, അമലഗിരി, വണ്ടൻപതാൽ, ചെങ്കൽ, ആനക്കല്ല്, തമ്പലക്കാട്, പഴയിടം, വെച്ചൂച്ചിറ, പെരുംതേനരുവി, കൊല്ലമുള എന്നിവിടങ്ങളിലെ സാഫല്യ പദ്ധതിയിലുള്ള കുട്ടികൾക്ക് ഫലവൃക്ഷതൈകൾ വിതരണം ചെയ്തു.
- പ്രിസൺ മിനിസ്ട്രിയുടെ ഭാഗമായി പീരുമേട് സബ് ജയിലിൽ വരുമാനദായക പദ്ധതിയുടെ ഭാഗമായി മാസ്ക് നിർമ്മാണത്തി നാവശ്യമായ തയ്യൽ മെഷീൻ വാങ്ങി നൽകി.

- കോവിഡ് അടിയന്തിര സാഹചര്യങ്ങൾ കണക്കിലെടുത്തു തൊഴിൽ നഷ്ടപ്പെട്ടവർക്കായുള്ള വിവിധ പദ്ധതികൾ വിഭാവനം ചെയ്യുന്നതിനായി വിമലാ പ്രൊവിൻസിന്റെ കീഴിലുള്ള 26 ഭവനങ്ങളിൽ ആലോചനയോഗം നടത്തി അതാത് സ്ഥലങ്ങൾക്കുതകുന്ന രീതിയിലുള്ള മീൻവളർത്തൽ, കൂട്ടുകൃഷി, നിർമാണപ്രവർത്തനങ്ങൾ എന്നിങ്ങനെയുള്ള പരിപാടികൾക്ക് പദ്ധതി തയ്യാറാക്കി.
- കാരിത്താസ് ഇന്ത്യയുമായി സഹകരിച്ചു ഏദൻ എന്ന പേരിൽ ഓർഗാനിക് കൃഷി രീതികൾ പരിചയപ്പെടുത്തുന്നതിനും, പ്രോത്സാഹിപ്പിക്കുന്നതിനുമായി ഒരു സെമിനാർ നടത്തി, 412 പേർ പങ്കെടുത്തു.
- കുട്ടികളിലെ സമ്പാദ്യശീലം വളർത്തുന്നതിനായുള്ള സാഫല്യ പദ്ധതിയുടെ ഭാഗമായി പൊടിമറ്റം ലത്തീൻ ഇടവകയിൽ നിന്നും 15 കുട്ടികളെ തിരഞ്ഞെടുത്തു, അവർക്കും അവരുടെ മാതാപിതാക്കൾക്കുമായി ഓറിയന്റേഷൻ പരിപാടി നടത്തി.

**സി. റ്റെസി മരിയ FCC**
**സെക്രട്ടറി**

**സി. ജോയി മരിയ S.H.**
**കോഡിനേറ്റർ**

## സ്നേഹസ്മരണയ്ക്ക്



**സി. ചെറുപുഷ്പം ഇളന്തോട്ടം** SH

ജനനം: 04.05.1939 നിത്യവ്രതം : 31.05.1965 മരണം : 08.06.2020

# കെ.സി.എസ്.എൽ.

- കുട്ടികൾക്ക് വ്യത്യസ്ത തരത്തിലുള്ള പരിപാടികൾ ഓൺലൈനിൽ സംഘടിപ്പിച്ചു.
- പരിസ്ഥിതി സംരക്ഷണത്തിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുന്നതിന്റെ ഭാഗമായി ജൂൺ 5-ാം തീയതി 'ഒരു തൈ നടാം' എന്ന പദ്ധതി നടപ്പിലാക്കി. ഈ കൂട്ടായ്മയിൽ 60 - ഓളം വിദ്യാർത്ഥികൾ മരങ്ങൾ നട്ടു.
- 'വിശുദ്ധരെ പരിചയപ്പെടാം' എന്ന പ്രവർത്തനത്തിലൂടെ കുട്ടികൾ വിശുദ്ധരെ പരിചയപ്പെടുത്തി.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

**അടുക്കളത്തോട്ടം മത്സരം**

കത്തോലിക്കാകോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാസമിതിയുടെ നേതൃത്വത്തിൽ വീടുകളിൽ പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 'അടുക്കളത്തോട്ടം' മത്സരം ആരംഭിച്ചു. 'ഓണത്തിന് ഒരുമുറം പച്ചക്കറി' എന്ന ലക്ഷ്യത്തോടെ നടത്തിയ പച്ചക്കറി കൃഷിയിലേക്ക് ആവശ്യമായ പച്ചക്കറി തൈകളുടെ വിതരണ ഉദ്ഘാടനം 26-05-2020 ൽ കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കോളജ് പ്രിൻസിപ്പൽ ഫാ. ജെയിംസ് ഇലഞ്ഞിപ്പുറം നിർവ്വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി, പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, ജനറൽ സെക്രട്ടറി റെജി കൊച്ചുകരിപ്പാപ്പറമ്പിൽ, ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാക്കുന്നേൽ, കാഞ്ഞിരപ്പള്ളി ഫൊറോന ജനറൽ സെക്രട്ടറി പി.എം. ജോസഫ് പണ്ടാരക്കളം എന്നിവർ നേതൃത്വം നൽകി. വിവിധ ഫൊറോനകളിലെ യൂണിറ്റുകൾക്കായി 850 പച്ചക്കറിതൈകളും ആവശ്യമായ വളവും വിതരണം ചെയ്തു. മത്സരാർത്ഥികളെ മാത്രം ഉൾപ്പെടുത്തി വാട്ട്സ് ആപ്പ് ഗ്രൂപ്പും ആരംഭിച്ചിട്ടുണ്ട്.

**കപ്പാട് യൂണിറ്റ്**

കപ്പാട് യൂണിറ്റിന്റെ പ്രഥമ സൂം കോൺഫറൻസ് പ്രസിഡന്റ് ജോബി തെക്കുംചേരിക്കുന്നേലിന്റെ അദ്ധ്യക്ഷതയിൽ 27.05.2020 ൽ നടത്തി. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. ഗ്ലോബൽ സമിതി സെക്രട്ടറി ഡെന്നി കൈപ്പനാനി (സൗദി), ഫരീദാബാദ് രൂപതാ പ്രസിഡന്റ് ജോബി നീണ്ടുക്കുന്നേൽ (ഡൽഹി), ചങ്ങനാശ്ശേരി അതിരൂപതാ പ്രസിഡന്റ് വർഗീസ് ആന്റണി

എന്നിവർ സന്ദേശം നൽകി. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, പി.എം. ജോസഫ് പണ്ടാരക്കളം, ജോൺസൺ പന്തപ്ലാക്കൽ, ബിന്ദു കുര്യാച്ചൻ, മനോജ് മറ്റമുണ്ടയിൽ എന്നിവർ പ്രസംഗിച്ചു. ജെയിംസ് പെരുമാക്കുന്നേൽ മോഡറേറ്ററായിരുന്നു.

**ചേനപ്പാടി യൂണിറ്റ്**

ചേനപ്പാടി യൂണിറ്റ് സൂം കോൺഫറൻസ് 28.05.2020 ൽ പ്രസിഡന്റ് ജോജി ചിറ്റടിയുടെ അദ്ധ്യക്ഷതയിൽ നടത്തി. രൂപതാ വൈസ് പ്രസിഡന്റ് സിനി ജിബു നീറനാക്കുന്നേൽ, വനിതാഫോറം രൂപതാ ജനറൽ സെക്രട്ടറി ആൻസി സാജൻ പുന്നമറ്റത്തിൽ, ഫൊറോനാ സെക്രട്ടറി സിനി ബെന്നി പുളിമൂട്ടിൽ, യൂണിറ്റ് ഭാരവാഹികളായ ബേബിച്ചൻ പതാലിൽ, രാജു നെച്ചുമണ്ണിൽ, ബിന്ദു കുര്യാച്ചൻ, സുമ മാത്യു നെച്ചുമണ്ണിൽ, ക്രിസ്റ്റി ബോബി തുടങ്ങിയവർ പ്രസംഗിച്ചു.

**വൈദികരെ ആദരിച്ചു**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ നേതൃത്വത്തിൽ മെയ് 31 ന് വൈദികദിനമായി ആചരിച്ചു. ദിനാചരണത്തിന്റെ ഭാഗമായി കാഞ്ഞിരപ്പള്ളി രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ കാഞ്ഞിരപ്പള്ളി പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിക്കുന്ന ബഹു. വൈദികരെ ആദരിച്ചു. രൂപതയിലെ വിവിധ യൂണിറ്റുകളിലും വികാരിയച്ചന്മാരെ ആദരിച്ചു.

**ചിറക്കടവ് യൂണിറ്റ്**

ചിറക്കടവ് യൂണിറ്റിന്റെ വാട്ട്സ് ആപ്പ് മീറ്റിംഗ് പ്രസിഡന്റ് ബർക്കുമാൻസ് പൂവത്തുംമൂട്ടിലിന്റെ അദ്ധ്യക്ഷതയിൽ രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. വികാരി ഫാ. ജോൺ വെട്ടുവയലിൽ അനുഗ്രഹപ്രഭാഷണം നടത്തി. അസി. വികാരി ഫാ. ജോസ് കടവിൽ MCBS, രൂപതാ സെക്രട്ടറി പ്രൊഫ. റോണി കെ. ബേബി, കാഞ്ഞിരപ്പള്ളി ഫൊറോനാ പ്രസിഡന്റ് ജോസ് മടുക്കക്കുഴി, വനിതാഫോറം രൂപതാ പ്രസിഡന്റ് മിനി സണ്ണി മണ്ണംപ്ലാക്കൽ, ഷാജി വടക്കേനാത്ത്, ടോണി വടക്കേൽ, സജി മുട്ടത്ത് എന്നിവർ പ്രസംഗിച്ചു. ടോമിച്ചൻ പാലമുറി കോ-ഓർഡിനേറ്ററായിരുന്നു.

## ഹെൽപ്പ് ഡസ്ക് വെബിനാർ

കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാ ഹെൽപ്പ് ഡസ്കിന്റെ സൂം കോൺഫറൻസ് 31.05.2020 ഞായറാഴ്ച 2 p.m. ന് നടത്തി. കേരള കാർഷിക സർവ്വകലാശാലയിലെ പ്രൊഫസറും തൃശൂർ അതിരൂപതാ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമായ ഡോ. മേരി റെജീന മുഖ്യസന്ദേശം നൽകി.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി സെക്രട്ടറി ബെന്നി ആന്റണി ഹെൽപ്പ് ഡസ്കിന്റെ പ്രവർത്തനങ്ങളെപ്പറ്റി വിശദീകരിച്ചു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി സമാപനസന്ദേശം നൽകി. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ മോഡറേറ്ററായിരുന്നു. ഹെൽപ്പ് ഡസ്ക് രൂപതാ കോ-ഓർഡിനേറ്റർമാരായ സോണി ജോർജ് കോഴിമല സ്വാഗതവും സിനി ജിബു നീറനാക്കുന്നേൽ കൃതജ്ഞതയും രേഖപ്പെടുത്തി.

## പരിസ്ഥിതി ദിനാചരണം

ലോകപരിസ്ഥിതി ദിനമായ ജൂൺ 5 ന് കത്തോലിക്ക കോൺഗ്രസ് വിവിധ യൂണിറ്റുകളിൽ വൃക്ഷത്തൈകൾ നട്ടു. രൂപതാ സമിതിയുടെ ആഭിമുഖ്യത്തിൽ വിവിധയിനം ഫലവൃക്ഷത്തൈകൾ, ഔഷധസസ്യങ്ങൾ, പച്ചക്കറി തൈകൾ, അലങ്കാര - തണൽ വൃക്ഷങ്ങൾ എന്നിവ വിതരണം ചെയ്തു. കാളകെട്ടി അസ്സീസി അന്ധവിദ്യാലയം, അസ്സീസി കോൺവെന്റ് എന്നിവിടങ്ങളിലേയ്ക്കുള്ള വൃക്ഷത്തൈകൾ മദർ റിൻസി ASMI - ക്ക് നൽകിക്കൊണ്ട് രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ രൂപതാതല ഉദ്ഘാടനം നിർവഹിച്ചു. കപ്പാട് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ റമ്പുട്ടാൻ, പേര, ആത്ത, സീതപ്പഴം, കറിവേപ്പ്, കച്ചോലം, ആര്യവേപ്പ്, രാജമല്ലി, മന്ദാരം, നാരകം... എന്നിവയുടെ തൈകൾ യൂണിറ്റ് അംഗങ്ങൾക്ക് വിതരണം ചെയ്തു. ജോബി തെക്കുംചേരിക്കുന്നേൽ, ജോൺസൺ പന്തപ്ലാക്കൽ എന്നിവർ നേതൃത്വം നൽകി.

കരിക്കാട്ടൂർ സെന്റ് ആന്റണീസ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ ഭവനങ്ങളിൽ പച്ചക്കറി തൈകൾ, ഔഷധസ

സ്യങ്ങൾ, വാഴവിത്ത് എന്നിവ വിതരണം ചെയ്തു. വികാരി ഫാ. ജോസുകുട്ടി ഇടത്തിനകം ഉദ്ഘാടനം ചെയ്തു. സണ്ണിക്കുട്ടി അഴകമ്പ്രായിൽ, റെജി വാളിപ്ലാക്കൽ, സണ്ണി പെരുമ്പെട്ടിക്കുന്നേൽ, സിബി വാളിപ്ലാക്കൽ എന്നിവർ നേതൃത്വം നൽകി.

കാരികുളം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ വികാരി ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേലും വെളിച്ചിയാനി ഫൊറോന സെക്രട്ടറി സിജോ മൊളോപ്പറമ്പിലും ചേർന്ന് കാരികുളം ഫാത്തിമ മാതാ ദൈവാലയാങ്കണത്തിൽ ഫലവൃക്ഷത്തൈ നട്ടു.

ആനക്കല്ല് യൂണിറ്റിന്റെ നേതൃത്വത്തിൽ ആനക്കല്ല് എസ്.എച്ച്. കോൺവെന്റിൽ യൂണിറ്റ് പ്രസിഡന്റ് സോണി ജോർജ് കോഴിമലയും സി. ഫിലോ മരിയയും ചേർന്ന് ഫലവൃക്ഷത്തൈ നട്ടു. ഗ്ലോബൽ സമിതിയംഗം ജെയിംസ് പെരുമാകുന്നേൽ ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു. ഫൊറോന പ്രസിഡന്റ് ജോസ് മടുക്കക്കുഴി, രൂപതാ സെക്രട്ടറി പ്രൊഫ. റോണി കെ. ബേബി, സിബി തൂമ്പുങ്കൽ എന്നിവർ നേതൃത്വം നൽകി.

പടനിലം യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പാരീഷ് ഹാളിനു സമീപം ഫലവൃക്ഷത്തൈ നട്ടു. യൂണിറ്റ് പ്രസിഡന്റ് സാബു വെട്ടുവേലിൽ, ജോബിൻ വടക്കേനാത്ത്, സെബാസ്റ്റ്യൻ വടക്കേൽ എന്നിവർ നേതൃത്വം നൽകി.

### പ്രതിഷേധിച്ചു

തുടർച്ചയായി ഇന്ധനവില വർദ്ധിപ്പിക്കുന്ന കേന്ദ്രസർക്കാരിന്റെ ജനദ്രോഹനടപടിയിൽ കത്തോലിക്ക കോൺഗ്രസ് രൂപതാ സമിതി യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

### പഠനോപകരണങ്ങൾ വിതരണം ചെയ്തു

കത്തോലിക്ക കോൺഗ്രസ് രൂപതാസമിതിയുടെ ലോക്ക്ഡൗൺ കാല പ്രവർത്തനങ്ങളുടെ അനുബന്ധമായി യൂണിറ്റുകളുടെ കീഴിലുള്ള തിരഞ്ഞെടുത്ത സ്കൂളുകളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ

വിതരണം ചെയ്തു. 'പഠനത്തിന് ഒരു കൈത്താങ്ങ്' എന്ന പദ്ധതി യുടെ രൂപതാതല ഉദ്ഘാടനം ചേനപ്പാടി സെന്റ് ആന്റണീസ് എൽ. പി. സ്കൂളിൽ ഹെഡ്മിസ്ട്രസ് ജിൽസ് കുറമണ്ണിലിന്, വിദ്യാർത്ഥി കൾക്ക് നൽകുവാനുള്ള നോട്ടുബുക്കുകൾ, പേന, പെൻസിൽ... മുത ലായവ നൽകിക്കൊണ്ട് രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ നിർവഹിച്ചു.

ചേനപ്പാടി യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ പഠനോപകരണങ്ങൾ ശേഖരിച്ച് നൽകുന്നതിന് പ്രസിഡന്റ് ജോജി ചിറ്റടി, സെക്രട്ടറി ബേബിച്ചൻ പതാലിൽ, രാജു നെച്ചുമണ്ണിൽ, ആൻസി സാജൻ പുന്ന മറ്റത്തിൽ, സിനി ബെന്നി പുളിമൂട്ടിൽ എന്നിവർ നേതൃത്വം നൽകി.

**സൂം കോൺഫറൻസ്**

കത്തോലിക്ക കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപതാ, ഫൊറോന യൂണിറ്റ്, വനിതാഫോറം, ഹെൽപ്പ് ഡസ്ക്, കർഷക ഫോറം ഭാരവാഹികളുടെ സംയുക്ത സൂം കോൺഫറൻസ് 21-06-2020 ഞായറാഴ്ച നടത്തി. രൂപതാ പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. മാത്യു പാലക്കുടി ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട രൂപതാ പ്രസിഡന്റ് റിൻസൺ മണവാളൻ മുഖ്യസന്ദേശം നൽകി. ജനറൽ സെക്രട്ടറി റെജി കൊച്ചു കരിപ്പാപ്പറമ്പിൽ, വനിതാഫോറം രൂപതാ പ്രസിഡന്റ് മിനി സണ്ണി മണ്ണംപ്ലാക്കൽ, കർഷകഫോറം രൂപതാ കോ-ഓർഡിനേറ്റർ സണ്ണി ക്കുട്ടി അഴകമ്പ്രായിൽ, മനോജ് കല്ലുകളം, ജോളി ആന്റണി, ടെസി ബിജു പാഴിയാങ്കൽ, ജിൻസ് പള്ളിക്കമ്യാലിൽ, പി.എം. ജോസഫ് പണ്ടാരക്കളം, ദേവസ്യാ മാത്യു പനയ്ക്കക്കുഴി, ആൻസമ്മ തോമസ് മടുക്കക്കുഴി, സിബി തൂമ്പുങ്കൽ എന്നിവർ പ്രസംഗിച്ചു. ഗ്ലോബൽ സമി തിയംഗം ജെയിംസ് പെരുമാകുന്നേൽ മോഡറേറ്ററായിരുന്നു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ഡയാലിസിസ് വിഭാഗം ആരംഭിച്ചു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ പുതിയതായി ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന്റെ വെഞ്ചരിപ്പ് മാർ മാത്യു അറയ്ക്കലും ഉദ്ഘാടനം മാർ ജോസ് പുളിക്കലും നിർവഹിച്ചു. മലയോരകർഷകരും തോട്ടം തൊഴിലാളികളും ആശ്രയിക്കുന്ന കാഞ്ഞിരപ്പള്ളി രൂപതയുടെ ആതുരാലയമായ മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ സാധാരണജനങ്ങൾക്ക് ഏറ്റവും മികച്ച ചികിത്സ ഒരുക്കുക എന്നതാണ് ലക്ഷ്യം എന്ന് മാർ ജോസ് പുളിക്കൽ പറഞ്ഞു. വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ സാധാരണ ജനങ്ങളെ സംബന്ധിച്ച് പ്രായോഗികമല്ല എന്നും അവർക്ക് ജീവൻ നിലനിർത്താൻ ഡയാലിസിസ് ചെയ്യണം എന്നും അതിനായാണ് മെഡിക്കൽ ട്രസ്റ്റിൽ ഡയാലിസിസ് പോലുള്ള പുതിയ വിഭാഗങ്ങൾ ആരംഭിക്കുന്നത് എന്നും നിർദ്ധനരായ രോഗികളെ സഹായിക്കുക എന്നതാണ് മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെ എപ്പോഴത്തെയും ലക്ഷ്യം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ആശുപത്രി ഡയറക്ടർ ഫാ. സോജി കന്നാലിൽ സ്വാഗതം പറഞ്ഞ യോഗത്തിൽ മാർ ജോസ് പുളിക്കൽ ഉദ്ഘാടനവും മാർ മാത്യു അറയ്ക്കൽ വെഞ്ചരിപ്പ് കർമ്മവും നിർവഹിച്ചു. വികാരി ജനറാൾമാരായ റവ. ഫാ. ജസ്റ്റിൻ പഴേപറമ്പിൽ, റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ, ജോസഫ് എം കള്ളിവയലിൽ, സെബാസ്റ്റ്യൻ പി. ജോർജ്, മിഖായേൽ കള്ളിവയലിൽ, ജിയോ സെബാസ്റ്റ്യൻ, പ്രീതി ജോർജ്, ബിനു സ്കറിയ കുന്നേൽ, കെ.ടി. ബിനു, ഡോ. കെ.എം. മാത്യു, ഡോ. ഗൗതം രാജൻ എന്നിവർ സന്നിഹി

തരായിരുന്നു. അഡ്മിനിസ്ട്രേറ്റർ ഫാ. ദീപു പുത്തൻപുരയ്ക്കൽ യോഗത്തിന് നന്ദി അറിയിച്ചു. ഗ്ലെൻറോത്ത് ചാരിറ്റബിൾ സൊസൈറ്റിയുടെയും ഡെൽറ്റ റബർഫാക്ടറിയുടെയും രൂപത യിലെ വൈദികരുടെയും ഇപ്പോഴത്തെയും മുൻകാലയുവദീപ്തി പ്രവർത്തകരുടെയും സഹകരണത്തോടെയാണ് നിർമ്മാണം പൂർത്തിയാക്കാൻ കഴിഞ്ഞത്. ഫോൺ : 9400060115

**നെഫ്രോളജി വിഭാഗം ആരംഭിച്ചിരിക്കുന്നു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ പുതിയ തായി ആരംഭിച്ച നെഫ്രോളജി വിഭാഗത്തിൽ ഡോ. ഗൗതം രാജൻ MBBS, MD (General Medicine), DM (Nephro) ചാർജ്ജെടുത്തിരിക്കു ന്നു. ഡോക്ടറുടെ സേവനം എല്ലാ ചൊവ്വാഴ്ച ദിവസവും വൈകു ന്നേരം 4 മുതൽ ഹോസ്പിറ്റലിൽ ലഭ്യമാണ്.

**ഗ്യാസ്ട്രോ എന്ററോളജി വിഭാഗം ഇനി മുതൽ എല്ലാ ചൊവ്വാഴ്ച ദിവസങ്ങളിലും**

രോഗികളുടെ കൂടുതൽ സൗകര്യാർത്ഥം ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിൽ ഡോ. അനീഷ് ഫിലിപ്പിന്റെ സേവനം ഇനി മുതൽ എല്ലാ ചൊവ്വാഴ്ച ദിവസങ്ങളിലും ഉച്ചയ്ക്ക് 2 മുതൽ ഹോസ്പിറ്റലിൽ ലഭ്യമാണ്. തുടർചികിത്സ ആവശ്യമുള്ളവർക്ക് Endoscopy, Colonoscopy എന്നിവ ഹോസ്പി റ്റലിൽ തന്നെ തുടർന്നുള്ള ദിവസങ്ങളിൽ ചെയ്യാനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

**മൾട്ടി സ്പെഷ്യാലിറ്റി ദന്തരോഗവിഭാഗം പ്രവർത്തനം ആരം ഭിച്ചിരിക്കുന്നു**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ ആധുനിക സൗകര്യങ്ങളോടുകൂടി ആരംഭിച്ച ദന്തരോഗ വിഭാഗത്തിന്റെ വെഞ്ച രിപ്പും ഉദ്ഘാടനവും രൂപതാദ്ധ്യക്ഷൻ മാർ ജോസ് പുളിക്കൽ ജൂൺ 21-ാം തീയതി ഞായറാഴ്ച രാവിലെ 9 മണിക്ക് നിർവഹി ച്ചു. ദന്തക്രമീകരണ ചികിത്സ, ദന്തവേരുരോഗ ചികിത്സ, ഇംപ്ലാ ന്റോളജി, മോണരോഗ ചികിത്സ, ഓറൽ സർജറി, കുട്ടികളുടെ

ദന്തരോഗചികിത്സ, കൃത്രിമപല്ല് വെയ്ക്കൽ, കോസ്മെറ്റിക് ഡെന്റിസ്ട്രി തുടങ്ങിയവയ്ക്ക് വിദഗ്ദ്ധ ചികിത്സ ഹോസ്പിറ്റലിൽ ലഭ്യമാണ്.

ഹൃദ്രോഗം, അസ്ഥിസംബന്ധമായ അസുഖം, ഗർഭിണികൾ, കുട്ടികൾ, പ്രമേഹരോഗികൾ എന്നിവർക്ക് ഡോക്ടറുടെ നിർദ്ദേശമനുസരിച്ചുള്ള ചികിത്സാസൗകര്യം ഹോസ്പിറ്റലിൽ ലഭ്യമാണ്. വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനം, ആധുനിക ചികിത്സാ രീതികൾ, തികച്ചും രോഗാണുവിമുക്ത അന്തരീക്ഷം, മുൻകൂർ ബുക്കിംഗിലൂടെ സമയബന്ധിത ചികിത്സ എന്നിവ നമ്മുടെ ദന്തരോഗവിഭാഗത്തിന്റെ പ്രത്യേകതകൾ ആണ്. ഫോൺ : 9188528843

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭയുടെ സമൂഹപ്രാർത്ഥന ലോകമെമ്പാടുമുള്ള കൊറോണാ വൈറസ് എന്ന മഹാമാരിയെ നിയന്ത്രണവിധേയമാക്കുന്നതിന് ദൈവത്തിന്റെ പ്രത്യേക കരുണയ്ക്കും സ്നേഹത്തിനുമായി കാഞ്ഞിരപ്പള്ളി രൂപതാ ഫ്രാൻസിസ്ക്കൻ അൽമായ സഭാംഗങ്ങൾ എല്ലാ കുടുംബങ്ങളിലും പ്രത്യേക പ്രാർത്ഥനകൾ നടത്തി. കൊറോണാ രോഗം ബാധിച്ചു മരിച്ചുപോയ എല്ലാ ആത്മാക്കളേയും ദൈവതിരുമുമ്പിൽ സമർപ്പിച്ചു.

കൊറോണാഭീതിയിൽ വിവിധ രാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും കഴിയുന്ന നമ്മുടെ സഹോദരങ്ങളെ സ്മരിച്ചുകൊണ്ടും കൊറോണാ വൈറസിനെ വേഗത്തിൽ നിയന്ത്രണവിധേയമാക്കുവാനുള്ള വാക്സിൻ കണ്ടുപിടിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന വിദഗ്ദ്ധർക്കുവേണ്ടിയും രോഗികളായിട്ടുള്ളവരെ പരിചരിക്കുന്ന ഡോക്ടർമാർ, നേഴ്സ്മാർ, ആരോഗ്യപ്രവർത്തകർ, നിയമപാലകർ, എന്നിവർക്കു വേണ്ടിയും നമ്മുടെ രാജ്യത്തെ ധീരമായി നയിച്ചുകൊണ്ടിരിക്കുന്ന ഭരണകർത്താക്കൾക്കുവേണ്ടിയും കാഞ്ഞിരപ്പള്ളി രൂപതയിലെ എല്ലാ ഫ്രാൻസിസ്ക്കൻ അൽമായ സഭാംഗങ്ങളുടെ ഭവനങ്ങളിലും 2020 ജൂൺ മാസം 28-ാം തീയതി സന്ധ്യാപ്രാർത്ഥനയോടുകൂടി പ്രത്യേകമായി 'കരുണകൊന്ത' ചൊല്ലി ദൈവതിരുമുമ്പിൽ കാഴ്ചവയ്ക്കണമെന്നുള്ള ഫ്രാൻസിസ്ക്കൻ അൽമായ സഭയുടെ രൂപതാനേതൃത്വത്തിന്റെ നിർദ്ദേശം പാലിച്ച് എല്ലാ അംഗങ്ങളുടെ ഭവനങ്ങളിലും പ്രാർത്ഥനകൾ നടത്തി.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

നിലവിൽ കോവിഡ്-19 എന്ന മഹാമാരി കാര്യമായ മാറ്റമൊന്നുമില്ലാതെ തുടരുന്ന സാഹചര്യത്തിൽ, നമ്മുടെ പ്രവർത്തനങ്ങൾ പൊതുവായി പഴയതുപോലെ കോൺഫ്രൻസുകൾ കൂടിയും ഭവന സന്ദർശനങ്ങൾ നടത്തി സഹായം സ്വീകരിക്കുന്നതിനും സാധിക്കുന്നില്ലെങ്കിലും നമ്മുടെ ദത്തുകുടുംബങ്ങൾക്കുള്ള സഹായവും മറ്റ് അടിയന്തിരമായി ചെയ്യേണ്ട ചികിത്സാ സഹായവും മുടക്കം വരാതെ ചെയ്യുവാൻ നാം ബാദ്ധ്യസ്ഥരാണെന്ന് അറിയാമല്ലോ. ഇക്കാര്യത്തിൽ എല്ലാ കോൺഫ്രൻസുകളും ശ്രദ്ധിക്കേണ്ടതാണ്. കോൺഫ്രൻസുകൾ പതിവുപോലെ കൂടാൻ സാധിക്കില്ലെങ്കിലും, അംഗങ്ങളിൽനിന്ന് രഹസ്യപ്പിരിവ് ശേഖരിച്ച് അതാത് ആഴ്ചകളിലെ കണക്കിൽ വരവുവയ്ക്കേണ്ടതും ആ തുക ദത്തുകുടുംബത്തിന് കൊടുക്കാവുന്നതുമാണ്. വിദേശസഹായമായി ലഭിച്ച തുക അക്കൗണ്ടിൽ കിടപ്പുണ്ടെങ്കിൽ ആ തുകയും എടുത്ത് അർഹരായവർക്ക് വിതരണം ചെയ്യേണ്ടതാണ്. ഇന്നത്തെ സാഹചര്യത്തിൽ സ്ക്കൂളുകൾ തുറന്നിട്ടില്ലാത്തതിനാൽ ജൂണിയർ കോൺഫ്രൻസുകളും ഇത്തരത്തിൽ അക്കൗണ്ടിൽ ഉള്ള തുക സ്ക്കൂൾ മേധാവിയുമായി ആലോചിച്ച് അർഹരായ കുട്ടികൾക്കോ അവരുടെ കുടുംബത്തിനോ നൽകേണ്ടതാണ്.

2019-20 വർഷത്തെ വാർഷികറിപ്പോർട്ടും കണക്കുകളും കോൺഫ്രൻസുകളിൽ തയ്യാറായിരിക്കുകയാണല്ലോ. അവ കഴിവതും പെട്ടെന്ന് എസി പ്രസിഡന്റുമാരെ ഏൽപ്പിക്കേണ്ടതാണ്. എസികൾ അവ ക്രോഡീകരിച്ച് സിസിയിലും എത്തിക്കേണ്ടതാണ്. എസികൾ സിസിയിൽ നിന്നും തന്നിരിക്കുന്ന പ്രത്യേക ഫോമാറ്റിൽ തന്നെ തയ്യാറാക്കുവാനും ശ്രദ്ധിക്കേണ്ടതാണ്. നമ്മുടെ വാർഷിക കണക്കു പരിശോധന സെപ്റ്റംബർ മാസത്തിലെങ്കിലും നടത്തണമെന്നാണ്

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

കോവിഡ് – 19 ന്റെ പശ്ചാത്തലത്തിൽ മദ്യവിരുദ്ധപ്രവർത്തനങ്ങൾ വ്യത്യസ്തമായ രീതിയിൽ നടത്തേണ്ടിയിരിക്കുന്നു. ഇടവകയിൽ നിലവിലുള്ള മദ്യവിരുദ്ധപ്രവർത്തകരിൽ നിന്ന് ഒരാളെ ഇടവകതല പ്രതിനിധിയായി നിശ്ചയിച്ച് രൂപതാകേന്ദ്രത്തിലെ താഴെപ്പറയുന്ന ഫോൺ നമ്പറിലേക്ക് വിളിച്ചറിയിക്കുമല്ലോ. ഇടവകയിൽ മദ്യവിരുദ്ധപ്രവർത്തകരില്ലെങ്കിൽ ഈ കാര്യത്തിനായി ഒരാളെ തിരഞ്ഞെടുക്കേണ്ടതാണ്. ഓഫീസ് ഫോൺ നമ്പർ – 8281438173

**ഉദ്ദേശ്യലക്ഷ്യങ്ങൾ**

1. ഇടവകയിലുള്ള മദ്യപാനികളുടെ ലിസ്റ്റ് സമാഹരണം നടത്തുക.

---

## വിൻസെൻഷ്യൻ വേദി

കരുതുന്നത്. ആയതിനാൽ കണക്കുപരിശോധനക്കായി കോൺഫ്രൻസുകളും എസികളും ഒരുങ്ങി ഇരിക്കേണ്ടതാണ്. മുൻവർഷത്തെപ്പോലെ കോൺഫ്രൻസുകളുടെ കണക്കു പരിശോധനക്ക് ഒപ്പം എസികളുടെ കണക്കും പരിശോധിക്കുന്നതാണ്.

ഈ വർഷം സ്ക്കൂളുകൾ ഇതുവരെയും തുറന്നിട്ടില്ലാത്തതിനാൽ ഓസാനാം വിദ്യാഭവന്റെ പ്രവർത്തനവും ആരംഭിച്ചിട്ടില്ല. സ്ക്കൂളുകൾ തുറന്ന് കുട്ടികൾ സ്ക്കൂളുകളിൽ എത്തി സ്ഥിതിഗതികൾ സാധാരണ നിലയിൽ എത്തുന്ന സമയത്ത് മാത്രമെ വിദ്യാഭവന്റെ പ്രവർത്തവും ആരംഭിക്കുകയുള്ളു. അതിനായി നമുക്ക് പ്രാർത്ഥനാപൂർവ്വം കാത്തിരിക്കാം.

**സെക്രട്ടറി**

2. അടുത്ത 30 ദിവസത്തെ ലഹരിവിമോചനകോഴ്സ് ആ കുടുംബങ്ങളിൽ എത്തിക്കാനുള്ള നടപടി എടുക്കുക. Penuel Ashram Thampalakadu എന്ന You Tube ചാനലിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുമല്ലോ.

   എല്ലാ മാസവും തമ്പലക്കാട് പെനുവേൽ ആശ്രമത്തിൽ വച്ച് നടത്തിക്കൊണ്ടിരുന്ന ലഹരിവിമോചനധ്യാനം ഇനിയും ഒരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നടത്തുകയില്ല.

**ലോകലഹരിവിരുദ്ധദിനം - ജൂൺ 26**

സർക്കാരിന്റെ വികലമായ മദ്യനയത്തിനെതിരെ ലോകലഹരിവിരുദ്ധദിനമായ ജൂൺ 26-ാം തീയതി രാവിലെ 10 മണിക്ക് കാഞ്ഞിരപ്പള്ളി സിവിൽസ്റ്റേഷനുമുമ്പിൽ ധർണ നടത്തി. മദ്യവിരുദ്ധപ്രവർത്തകനും കേരളാമുസ്ലിം ജമാഅത്ത് കൗൺസിൽ സെക്രട്ടറിയുമായ പി. പി. അബ്ദുൾ സലാം പാറയ്ക്കൽ ഉദ്ഘാടനം ചെയ്തു. കെ.സി.ബി.സി. മദ്യവിരുദ്ധസമിതി കാഞ്ഞിരപ്പള്ളി രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ പെരുനിലം, പ്രസിഡന്റ് ജോർജുകുട്ടി ആഗസ്തി, സെക്രട്ടറി തോമസുകുട്ടി കുളവട്ടം, സംസ്കാരസാഹിതി ജില്ലാ ജനറൽ സെക്രട്ടറി സുരേന്ദ്രൻ കൊടിത്തോട്ടം എന്നിവർ പ്രസംഗിച്ചു.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

# വിമല പബ്ലിക്കേഷൻസ്

VIMALA BOOKS

## പുത്തൻ പുസ്തകങ്ങൾ

**1. കുട്ടികളുടെ ബൈബിൾ (ഇംഗ്ലീഷ്)**

**: ഫാ. ജസ്റ്റിൻ മതിയത്ത്, പ്രൊഫ. എം.ജെ. ജിൻസ്**

പേജ്: 214 / പതിപ്പ്:1

കുട്ടികൾക്കൊരു ബൈബിളിന്റെ ഇംഗ്ലീഷ് വിവർത്തനം തയ്യാറായിരിക്കുന്നു. പി.ഒ.സി സമ്പൂർണ്ണ ബൈബിൾ അടിസ്ഥാനമാക്കിയുള്ള രചന. മിഴിവാർന്ന ചിത്രങ്ങളും ലളിതമായ ഭാഷയും നിറവാർന്ന ചിത്രീകരണവും ആകർഷകമായ ശൈലിയും. കുട്ടികൾക്ക് ബൈബിൾ വായിച്ചു പഠിക്കാനും പറഞ്ഞു കൊടുക്കാനും ഇംഗ്ലീഷ്ഭാഷ മനസ്സിലാക്കാനും ഒരു ഉത്തമസഹായി.

ജന്മദിനം, ആദ്യകുർബാന തുടങ്ങിയ അവസരങ്ങളിൽ കുട്ടികൾക്ക് നൽകുവാൻ ഒരു ഉത്തമസമ്മാനം.

**2. പുഴ സംഗീതം ലഹരി : ഫാ. റോബിൻ തെക്കേൽ**

പേജ്: 168 / പതിപ്പ്: 1

സമകാലികജീവിതത്തിൽ കണ്ടുവരുന്ന ഉപഭോഗപരത, ആപേക്ഷികത, പ്രായോഗികതാവാദം, വ്യക്തിമാഹാത്മ്യ സിദ്ധാന്തം, വ്യാജഭക്തി, ത്രില്ലുകൾക്കും വൈകാരികതയ്ക്കും പിറകെയുള്ള പാച്ചിൽ തുടങ്ങിയ സാംസ്ക്കാരികശീലുകളിൽ പതിയിരിക്കുന്ന അപകടങ്ങളെ ചൂണ്ടിക്കാണിക്കുന്ന എഴുത്ത്. പ്രകൃതിയിലും, മനുഷ്യനിലും, സമൂഹത്തിലും നിത്യേന വെളിപ്പെടുന്ന ഈശ്വരാംശത്തെ കണ്ടെത്താനും പിൻതുടരാനും പരിപക്വമാക്കാനും ഉതകുന്ന കുറുക്കുവഴികളുടെ ശേഖരം. ജീവിതത്തെ രൂപപ്പെടുത്തുന്നതിന് ഏവർക്കും ചാലകശക്തിയേകുന്ന ഉത്തമകൃതി.

**3. പിതൃവിജ്ഞാനസുധ: ഫാ. അഗസ്റ്റിൻ കടേപറമ്പിൽ**

ധ്യാനത്തിനും ജ്ഞാനവായനയ്ക്കും പ്രബോധനത്തിനും ഉപകരിക്കുന്ന ആധ്യാത്മികവിഷയങ്ങൾ. വചനശുശ്രൂഷയ്ക്കും പഠനക്കളരികൾക്കും ഉപയുക്തം. സഭാപിതാക്കന്മാരുടെ പ്രബോധനങ്ങളിൽ അധിഷ്ഠിതമായ, വിശുദ്ധഗ്രന്ഥ ദൈവശാസ്ത്ര വിഷയങ്ങളുടെ പ്രതിപാദനം. സഭ മുൻപോട്ട് എങ്ങനെ ചരിച്ചുവെന്നും, വിശ്വാസ ധാർമ്മിക പ്രതിസന്ധിമധ്യേ എപ്രകാരം പരിപാലിക്കപ്പെട്ടുവെന്നും ഇതിൽ വ്യക്തമാക്കുന്നു. പാരമ്പര്യവും വിശുദ്ധ ഗ്രന്ഥവും അനുദിന ജീവിതഭാഗമെന്ന തിരിച്ചറിവും ഇതിലൂടെ ലഭിക്കുന്നു. ദൈവശാസ്ത്ര-ആധ്യാത്മിക വിചാരങ്ങൾക്ക് ഊർജ്ജം പകരുന്ന വലിയൊരു സംഭാവനയാണീ കൃതി.

## പണിപ്പുരയിൽ

1. **അതിജീവനം : ഫാ.സുബിൻ ജോസ് കിടങ്ങേൻ**
2. **ലഘുനാടകങ്ങൾ: ഫാ. ജസ്റ്റിൻ മതിയത്ത് (എഡിറ്റർ)**
3. **365 മഹാന്മാർ : ജിൻസ് മുകളേൽ**
4. **ആരാണു ക്രിസ്ത്യാനി : ഡോ. ജോർജ്ജ് കുഴിപ്പള്ളിൽ**
5. **ദിവ്യകാരുണ്യസന്നിധിയിൽ**
6. **ഗുണപാഠ കഥകൾ**

**ഫാ. ജസ്റ്റിൻ മതിയത്ത്**
**അസി. ഡയറക്ടർ**

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**
**ഡയറക്ടർ**

# Special Care Homes & Charitable Institutions

**ചൈൽഡ് ലൈൻ (1098)**

**Case Report**

ജൂൺ മാസത്തിൽ 15 കേസുകൾ നടത്തി. അതിൽ 10 കേസുകൾ CWC (ചൈൽഡ് വെൽഫെയർ കമ്മിറ്റി) യിൽ കൊടുത്തു. 3 കേസുകൾക്ക് കൗൺസിലിംഗ് കൊടുത്തു. 3 കേസുകൾ ഒത്തു തീർപ്പായി.

**കുട്ടികൾക്ക് ന്യൂട്രിയന്റ്സ് നല്കി**

കൊറോണാ മൂലം സാമ്പത്തികമായി വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്ന 3 വീടുകളിലെ കുട്ടികൾക്ക് വീട്ടിലേയ്ക്ക് ആവശ്യമായ സാധനങ്ങൾ നൽകി.

**നല്ല സമറായൻ ആശ്രമം**

**(ഡ്രാഗൺ ഫ്രൂട്ടിന്റെ വിളവെടുപ്പ്)**

വിദേശത്ത് കൂടുതലായും കണ്ടുവരുന്ന ഡ്രാഗൺ ഫ്രൂട്ടിന്റെ വിളവെടുപ്പ് പുളിമാവ് നല്ല സമറായൻ ആശ്രമത്തിൽ നടത്തി. ഡയറക്ടർ ഫാ. റോയി വടക്കേലിന്റെ നേതൃത്വത്തിൽ ആശ്രമവളപ്പിൽ ഒരുക്കിയ കൃഷിയിടത്തിലായിരുന്നു വിളവെടുപ്പ്. ആറുകിലോയോളം പഴമാണ് ആദ്യവിളവെടുപ്പിന് ലഭിച്ചത്.

ഒന്നരവർഷം മുമ്പ് നട്ട തൈകളാണ് ഫലമെടുക്കാറായത്. മാനസിക വെല്ലുവിളികൾ നേരിടുന്നവരെ സംരക്ഷിക്കുന്ന ആശ്രമത്തിലെ അന്തേവാസികളുടെ മാനസികോല്ലാസത്തിനും പുനരധിവാസത്തിനുമായിട്ടാണ് ഇവിടെ കൃഷിചെയ്യുന്നത്. ലോക്ക്ഡൗൺ കാലത്ത് ആശ്രമവളപ്പിൽ അവർ, റബർ വെട്ടിമാറ്റി രണ്ടരയേക്കറിൽ

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

**കോവിഡ് – 19 പ്രതിരോധ പ്രവർത്തനങ്ങൾ**

**പ്രൈമറി ഹെൽത്ത് സെന്റർ എരുമേലി**

കോവിഡ് – 19 ന് എതിരെ ജാഗ്രത പാലിച്ച് മുൻകരുതൽ എടുക്കേണ്ടതിനെപ്പറ്റി അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനായി ഇലക്ട്രോണിക് ഡിസ്പ്ലേ ബോർഡും, മാസ്കും എരുമേലി പി.എച്ച്.സി.ക്ക് നൽകി.

**ചികിത്സാസഹായം**

സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്ക് മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റിയിൽ നിന്നും ചികിത്സാസഹായമായി ഈ മാസം 1,39,000/– രൂപ നൽകി.

---

## Special Care Homes & Charitable Institutions

കൃഷി ആരംഭിച്ചിരിക്കുന്നു. ഫലവൃക്ഷങ്ങൾ, ഓർക്കിഡുകൾ, പച്ചക്കറികൾ, വാഴ, കപ്പ, മത്സ്യം തുടങ്ങിയ കൃഷികളും ഇവിടെയുണ്ട്. വ്യവസായിക അടിസ്ഥാനത്തിൽ കൂടുതൽ കൃഷി ആരംഭിക്കാനുള്ള തയ്യാറെടുപ്പിലാണ് ആശ്രമ അധികൃതർ. സിസ്റ്റർ റാണി മരിയ സി.എം.സി. വാർഡ് അംഗം ഷിലാ തോമസ് ആശ്രമത്തിലെ അന്തേവാസികൾ എന്നിവർ ചേർന്നാണ് ഫലമെടുപ്പ് നടത്തിയത്.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

**മറ്റു സഹായങ്ങൾ**

ഭക്ഷ്യസഹായം, വിദ്യാഭ്യാസ സഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 17,09,000/- രൂപ ചിലവഴിച്ചു.

**പ്രളയത്തിൽ തകർന്ന ഭവനങ്ങളുടെ പുനരുദ്ധാരണം**

ഇളങ്ങുളം, പൊടിമറ്റം, പുളിയന്മല, കൽത്തൊട്ടി, ഉപ്പുതറ, പാറത്തോട്, ചേലച്ചുവട്, വെള്ളത്തൂവൽ, കോട്ടയം എന്നീ സ്ഥലങ്ങളിൽ 10,10,000/- രൂപ ധനസഹായമായി നൽകി.

**മലനാട് ജീവകാരുണ്യ പദ്ധതി**

രോഗികളെ ശുശ്രൂഷിക്കുന്നതിനുവേണ്ടി തുടക്കം കുറിച്ചിരിക്കുന്ന എം.ഡി.എസ്. "കരുതൽ" ജീവകാരുണ്യപദ്ധതി ഇപ്പോൾ 113 ഇടവകകളിൽ രൂപീകൃതമായി. കഴിഞ്ഞ മാസം ഇതിലേയ്ക്കായി 1,88,500/- രൂപ ചിലവഴിച്ചു.

**ക്ഷീരകർഷകർക്ക് ഇൻസെന്റീവ്**

ലോക്ഡൗൺ കാലത്ത് ഒരു ലിറ്റർ പാലിന് ഒരു രൂപ വച്ച് ഏപ്രിൽ, മെയ് മാസങ്ങളിൽ ക്ഷീരകർഷകർക്ക് ഇൻസെന്റീവ് നൽകി.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉൽപാദിപ്പിക്കുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സിഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 17,17,828/- രൂപ ഈ മാസം ചെലവഴിച്ചു.

**ഇൻഫാം**

**കാർഷിക ജില്ലാ സമിതി**

കാർഷിക ജില്ലാ സമിതി ഭാരവാഹികളുടെ സമ്മേളനം പാറത്തോട് എം.ഡി.എസിൽ വച്ച് നടത്തപ്പെട്ടു. അഡ്വ. ഏബ്രാഹം മാത്യു പന്തിരുവേലിൽ, ഷാബോച്ചൻ മുളങ്ങാശ്ശേരി, ജോസ് പി. മാത്യു

പതിക്കൽ, ബെന്നി വരിക്കമാക്കൽ, ജോസ് താഴത്തുപീടിക, ജോയി കട്ടക്കയം എന്നിവർ പങ്കെടുത്തു.

**താലൂക്ക് ഡയറക്ടേഴ്സ് മീറ്റ്**

ഇൻഫാം താലൂക്ക് ഡയറക്ടേഴ്സ് മീറ്റ് പാറത്തോട് എം.ഡി. എസിൽ നടന്നു. കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ, രൂപതാ വികാരി ജനറാൾ റവ. ഫാ. സെബാസ്റ്റ്യൻ മണ്ണംപ്ലാക്കൽ എന്നിവർ പങ്കെടുത്തു.

**പരിസ്ഥിതി ദിനാചരണവും വൃക്ഷത്തൈ വിതരണവും**

പരിസ്ഥിതി ദിനാചരണത്തോടനുബന്ധിച്ച് വൃക്ഷത്തൈകളുടെ വിതരണം കാഞ്ഞിരപ്പള്ളി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോസ് പുളിക്കൽ നിർവ്വഹിച്ചു. ഒരു ലക്ഷം തൈകൾ വിതരണം ചെയ്തു.

**കോവിഡ് 19 അതിജീവന പദ്ധതി**

അയ്യായിരത്തോളം ഇൻഫാം കർഷകർക്ക് വെളിച്ചെണ്ണ, തേങ്ങ, തേയില, ചുക്കുകാപ്പി, മലനാട് ബ്രഡ്, മാസ്ക് എന്നിവ അടങ്ങുന്ന കിറ്റ് വിതരണം ചെയ്തു.

**കാപ്പി തൈ വിതരണം**

ഇൻഫാം അംഗങ്ങളായ കർഷകർക്ക് മികച്ചയിനം കാപ്പിതൈകൾ വിതരണം ചെയ്തു.

**പന്നി വളർത്തൽ പ്രോത്സാഹന പദ്ധതി**

കണമല ഇൻഫാം യൂണിറ്റിൽ പന്നി വളർത്തലിൽ ഏർപ്പെട്ടിരിക്കുന്ന അഞ്ച് കുടുംബങ്ങൾക്ക് പന്നിക്കുഞ്ഞുങ്ങളെ നൽകി.

**ആടുവളർത്തൽ പ്രോത്സാഹന പദ്ധതി**

എരുമേലി കാർഷിക താലൂക്കിലെ എരുത്വാപ്പുഴ, ഏയ്ഞ്ചൽവാലി, അറയാഞ്ഞിലിമണ്ണ്, എരുമേലി എന്നീ യൂണിറ്റുകളിലെ അംഗങ്ങൾക്ക് 54 ആട്ടിൻകുട്ടികളെ നൽകി

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**സെക്രട്ടറി**

# പീരുമേട് ഡവലപ്‌മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്‌മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 2020 മേയ്-ജൂൺ മാസങ്ങളിലായി വിവിധ ഗ്രാമങ്ങളിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

**P D S ഓർഗാനിക് സ്‌പൈസസ്**

**Export:.**

2020 മേയ്-ജൂൺ മാസങ്ങളിലായി യു.എസ്.എ.യിലേക്ക് ഒരു consignment നടന്നു. PDS organic spices-ന്റെ കരുണാപുരം, മേമല, മുരിക്കാശ്ശേരി, കണ്ണംപടി, ചെറുവള്ളിക്കുളം, കണയങ്കവയൽ, കാഞ്ഞിരപ്പള്ളി എന്നിവിടങ്ങളിലുള്ള സർട്ടിഫൈഡ് ഫാർമേഴ്‌സിന് ഇഞ്ചി, മഞ്ഞൾ വിത്തുകൾ വിതരണം ചെയ്തു.

**PDS സഹ്യാദ്രി ആയുർവേദ ഡിവിഷൻ**

ജൂൺ ഒന്നുമുതൽ സഹ്യാദ്രി ആയുർവേദ ആശുപത്രിയിൽ ഡോക്ടർ കെ.സി. ജോൺ ഡി.എ.എം. (റിട്ടയേഡ് ചീഫ് മെഡിക്കൽ ഓഫീസർ ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ) ചാർജെടുത്തു.

ഡയബറ്റിക്‌സ്, സ്‌പൈനൽ പ്രോബ്ലം, സ്‌കിൻ ഡിസീസസ്, വെരിക്കോസ് വെയിൻ തുടങ്ങിയവയ്ക്കുള്ള പ്രത്യേക ആയുർവേദ ചികിത്സകൾ ഉണ്ടായിരിക്കുന്നതാണ്.

## Export:

സഹ്യാദ്രി ആയുർവേദ ഫാർമസ്യൂട്ടിക്കൽസിൽ നിന്നും 2020 ജൂൺ മാസത്തിൽ ജർമ്മനിയിലേക്ക് ആയുർവേദ മരുന്നുകളുടെ ഒരു consignment നടന്നു.

## കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്

### ഓഡിറ്റ്

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കീഴിലുള്ള യൂണിറ്റുകളുടെയും ഫെഡറേഷന്റേയും ഓഡിറ്റ് നടന്നുവരുന്നു.

### മൈക്രോ ഫിനാൻസ്:

മൈക്രോ ഫിനാൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ലോണുകളുടെ disbursement, repayment എന്നിവ ജൂൺ മാസം മുതൽ പുനരാരംഭിച്ചു.

### Save a family plan:

സേവ് എ ഫാമിലി പ്ലാൻ പദ്ധതിയിൽ ഉൾപ്പെട്ട 15 കുടുംബങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ട് റെഡിയാക്കി അയച്ചു. 10 കുടുംബങ്ങളുടെ പ്രോഗ്രസ് റിപ്പോർട്ട്, ഡേറ്റാ കളക്ഷൻ എന്നിവ നടന്നു വരുന്നു.

ഫാമിലി കെയർ പ്രോഗ്രാമിന്റെ ഭാഗമായി ആറ് കുടുംബങ്ങളുടെ ഇവാലുവേഷൻ റിപ്പോർട്ട് അയച്ചു. പുതിയ 10 കുടുംബങ്ങളുടെ വേരിഫിക്കേഷൻ നടത്തി ആപ്ലിക്കേഷൻ അയച്ചു.

ഫാമിലി സ്പോൺസർഷിപ്പ് പ്രോഗ്രാമിന്റെ ഭാഗമായി രണ്ടു കുടുംബങ്ങളുടെ ഇവാലുവേഷൻ ലെറ്റർ അയച്ചു. പുതിയതായി വന്ന 15 കുടുംബങ്ങൾക്കായി ബാങ്ക് അക്കൗണ്ട് ഓപ്പൺ ചെയ്തു.

### I STED Project

പാമ്പാടി, കപ്പാട്, എരുമേലി എന്നിവിടങ്ങളിൽ ഉള്ള I STED പദ്ധതിയിൽ ഉൾപ്പെട്ട entrepreneurs ന്റെ നഴ്സറികൾ ശ്രീ. സനൂപ് സുരേന്ദ്രൻ സന്ദർശിച്ചു.

UNDP_HRML പദ്ധതിയിൽ ഉൾപ്പെട്ട ഫാർമേഴ്സിന് Planting Materials സപ്ലൈ ചെയ്തു.

### സാമ്പത്തിക സഹായങ്ങൾ

പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി വഴിയായി വിവിധ പ്രവർത്തനങ്ങൾക്ക് നൽകുന്ന സാമ്പത്തിക സഹായങ്ങൾ - ചാരിറ്റി സംഭാവനയായി 19,000/- രൂപയും, ഭവനനിർമ്മാണത്തിനായി

2,20,000/-രൂപയും, കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി 1,34,202/-രൂപയും, സഹായമായി നൽകി.

**കൗൺസലിംഗ് സേവനം**


പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ഈ മാസം 19 കേസുകൾ രജിസ്റ്റർ ചെയ്തു. ഇവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനം ഈ സെന്ററിൽ നിന്ന് നൽകി വരുന്നു.

**ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ PDS നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതിയിൽ 132 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാ സഹായമായി 5 യൂണിറ്റുകളിലെ 11 പേർക്ക് 71,490/- രൂപ വിതരണം ചെയ്തു.

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**

**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**

**ജൂൺ 2020**

1 അറയാഞ്ഞിലിമണ്ണ് ഇടവകയിൽ പുതിയതായി സ്ഥാപിച്ച സെന്റ് ജോസഫ്സ് FDSHJ കോൺവെന്റ് ആശീർവദിച്ചു.

2 മുണ്ടക്കയം എം.എം.റ്റി. ഹോസ്പിറ്റലിൽ ആരംഭിച്ച ഡയാലിസിസ് യൂണിറ്റിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

4 മുണ്ടക്കയം ഇടവകയിൽ മ്ശംശാന ആന്റണി മടുക്കക്കുഴിക്ക് പൗരോഹിത്യപട്ടം നല്കി.

5 ദീപിക Apex body യുടെ zoom മീറ്റിംഗിൽ പങ്കെടുത്തു.

– എം.ഡി.എസ്. ന്റെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഇൻഫാം കർഷകർക്കുള്ള വൃക്ഷത്തൈ വിതരണം ചെയ്തു.

6 കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ zoom മീറ്റിംഗിൽ പങ്കെടുത്തു.

7 അക്കരപ്പള്ളിയിൽ ഒരു മനസമ്മതം ആശീർവദിച്ചു.

8 തിരുവല്ല പുലാത്തീൻ അരമനയിൽ വച്ച് നടന്ന നിലയ്ക്കൽ ട്രസ്റ്റ് മീറ്റിങ്ങിൽ പങ്കെടുത്തു.

10 പാസ്റ്ററൽ സെന്ററിൽ വച്ചു നടന്ന Eparchial Consultors മീറ്റിംഗിൽ പങ്കെടുത്തു.

12 അമൽജ്യോതി കോളേജിൽ പ്രവാസികൾക്കായി നടത്തിയ zoom മീറ്റിംഗിൽ പങ്കെടുത്തു.

14 ഉമിക്കുപ്പ ഇടവക ദൈവാലയത്തിന്റെ നവീകരിച്ച മദ്ബഹയുടെ പുനർകൂദാശ നടത്തി.

15 പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന രൂപത Finance കൗൺസിലിൽ പങ്കെടുത്തു.

19 കത്തീദ്രൽ ഇടവകദൈവാലയത്തിന്റെ നവീകരിച്ച മദ്ബഹയുടെ പുനർകൂദാശ നടത്തി.

22 എം.എം.റ്റി. ഹോസ്പിറ്റലിൽ പുതുതായി ആരംഭിച്ച ദന്തരോഗ വിഭാഗത്തിന്റെ ആശീർവാദം നടത്തി.

- പത്തനംതിട്ട ഇടവകയിൽ ആരംഭിച്ച വിദ്യാഭ്യാസ സഹായനിധി ഉദ്ഘാടനം ചെയ്തു.

- യൂറോപ്പിലുള്ള ബഹു. വൈദികരുമായി zoom conference നടത്തി.

- കാഞ്ഞിരപ്പള്ളി സെന്റ് മേരീസ് മഠത്തിന്റെ നവതിയോടനുബന്ധിച്ച് പരിശുദ്ധകുർബാനയർപ്പിച്ച് സന്ദേശം നല്കി.

- ബഹു. മാത്യു വടക്കേമുറിയച്ചന്റെ 8-ാം ചരമവാർഷികദിനത്തിൽ എം.ഡി.എസ്. ൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

24 പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന care homes - ന്റെ മീറ്റിംഗിൽ പങ്കെടുത്തു.

- പാസ്റ്ററൽ സെന്റർ inmates gathering - ൽ പങ്കെടുത്തു.

25 പൊൻകുന്നം ഇടവകയിൽ ഒരു മനസമ്മതം ആശീർവദിച്ചു.

- പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന സിറ്റാഡൽ സ്കൂളിന്റെ ട്രസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

27 സി.എം.സി. സന്യാസിനി സമൂഹത്തിലെ രണ്ട് അർത്ഥിനികളുടെ പ്രഥമവ്രതവാഗ്ദാന കർമ്മത്തിൽ മുഖ്യകാർമ്മികത്വം വഹിച്ചു.

28 Zoom conference വഴി പാസ്റ്ററൽ കൗൺസിൽ മീറ്റിംഗ് നടത്തി.

29 അമൽജ്യോതി കോളേജിൽ വച്ച് നടന്ന ഗവേണിംഗ് ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

- ഫാമിലി കമ്മീഷന്റെ മീറ്റിംഗിൽ Zoom വഴി പങ്കെടുത്തു.

30 പാസ്റ്ററൽ സെന്ററിൽ നിന്നും സ്ഥലം മാറിപ്പോകുന്ന പെരിയ ബഹു. ജസ്റ്റിൻ പഴയപറമ്പിലച്ചനും ബഹു. സഖറിയാസ് ഇല്ലിക്കമുറിയച്ചനും ബഹു. ജയിംസ് ചവറപ്പുഴയച്ചനും ബഹു. ഫിലിപ്പ് മണിമലക്കുന്നേൽ അച്ചനും യാത്രയയപ്പ് നല്കിയ സമ്മേളനത്തിൽ പങ്കെടുത്തു.



lettering thoughts...
colouring feelings...
amala
OFFSET PRESS
lettering thoughts... colouring feelings
Pastoral Centre,Kanjirappally
Kottayam Dt., Kerala - 686 507
Email: amalaoffset@gmail.com
Ph: 04828 - 204654

# 2020 ജൂലൈ

## ശ്ലീഹാ-കൈത്താ കാലങ്ങൾ

| | | |
|---|---|---|
| 1 | ബുധൻ | റോമാ. 5:12-21, മർക്കോ. 12:1-12 |
| 2 | വ്യാഴം | 2 പത്രോ. 1:3-9, യോഹ. 6:60-63 |
| 3 | വെള്ളി | ഉത്പ 2:8-17, സുഭാ 4:10-18,<br>എഫേ 2:19-22, യോഹ. 20:24-29 |
| 4 | ശനി | റോമാ 7:7-13, മർക്കോ. 12:38-44 |
| 5 | ഞായർ | ✠ ശ്ലീഹാ ആറാം ഞായർ<br>നിയ. 4:1-8, ഏശ. 2:1-5,<br>1 കോറി. 10:23-31, ലൂക്കാ. 12:57-13:5 |
| 6 | തിങ്കൾ | റോമ 11:30-35, മത്താ 12:33-37 |
| 7 | ചൊവ്വ | 2 കോറി. 5:1-7, മർക്കോ. 4:21-25 |
| 8 | ബുധൻ | 2 കോറി. 1:12-15, ലൂക്കാ. 15:8-10 |
| 9 | വ്യാഴം | റോമാ. 11:1-10, മർക്കോ. 10:46-52 |
| 10 | വെള്ളി | റോമാ. 13:1-6, മത്താ 22:15-22 |
| 11 | ശനി | 2 കോറി. 11:1-6, യോഹ. 7:14-24 |
| 12 | ഞായർ | ✠ ശ്ലീഹാ ഏഴാം ഞായർ<br>നിയ 4:10-14, ഏശ. 5:8-20,<br>1 കോറി. 16:1-14, ലൂക്കാ. 13:22-30 |
| 13 | തിങ്കൾ | 2 കോറി. 2:5-11, മത്താ. 12:38-42 |
| 14 | ചൊവ്വ | റോമാ. 13:7-10, മർക്കോ. 1:29-34 |
| 15 | ബുധൻ | 1 കോറി. 7:17-24, ലൂക്കാ 16:9-17 |
| 16 | വ്യാഴം | 2കോറി. 4:1-6, മത്താ. 23: 13-22 |
| 17 | വെള്ളി | റോമാ. 8:28-39, മത്താ. 10:37-42 |
| 18 | ശനി | 1 കോറി. 7:8-16, മത്താ. 19:1-12 |
| 19 | ഞായർ | ✠ കൈത്താ ഒന്നാം ഞായർ<br>1 രാജാ. 18:30-39, ശ്ലീഹ. 5:12-20,<br>1 കോറി. 1:9-16, ലൂക്കാ. 14:7-14 |
| 20 | തിങ്കൾ | 1 കോറി. 11:17-22, മത്താ 21:28-32 |
| 21 | ചൊവ്വ | 1 കോറി. 14:20-25, ലൂക്കാ 19:11-27 |
| 22 | ബുധൻ | 1 തിമോ. 6:11-16, യോഹ. 10:22-28 |
| 23 | വ്യാഴം | 1 കോറി. 14:13-19, യോഹ. 8:48-59 |
| 24 | വെള്ളി | 2 കോറി. 10:3-11, ലൂക്കാ 12:4-12 |
| 25 | ശനി | 2 കോറി. 6:14-18, മർക്കോ. 2:1-12 |
| 26 | ഞായർ | ✠ കൈത്താ രണ്ടാം ഞായർ<br>നിയ. 4:32-40, ഏശ. 4:2-6,<br>2 കോറി. 3:4-12, ലൂക്കാ. 15:11-32 |
| 27 | തിങ്കൾ | യാക്കോ. 1:12-18, മത്താ. 7:21-28 |
| 28 | ചൊവ്വ | ഗലാ 2:19-21, യോഹ 12:20-26 |
| 29 | ബുധൻ | 2 കോറി. 4:14-5:1, യോഹ 12:23-28 |
| 30 | വ്യാഴം | യാക്കോ. 1:2-8, മർക്കോ. 11:12-14, 20-26 |
| 31 | വെള്ളി | 1 കോറി. 15:1-11, യോഹ. 20:19-29 |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654